بِسۡمِ اللّٰہِ الرَّحۡمٰنِ الرَّحِیۡمِ نَحۡمَدُہٗ وَنُصَلِّیۡ عَلٰی رَسُوۡلِہِ الۡکَرِیۡمِ وَعَلٰی عَبۡدِہِ الۡمَسِیۡحِ الۡمَوۡعُوۡد

وَلَقَدۡ نَصَرَکُمُ اللّٰہُ بِبَدۡرٍ وَّاَنۡتُمۡ اَذِلَّۃٌ

വാല്യം 11 | ലക്കം 06-07

# ബദർ

വീക്കിലി ഖാദിയാൻ

Weekly
BADAR Qadian
Malayalam

വാർഷിക വരിസംഖ്യ 600

www.akhbarbadrqadian.in

പത്രാധിപർ: എച്ച്.ശംസുദ്ദീൻ
സഹപത്രാധിപർ: മുഹമ്മദ് ഇസ്മായീൽ

2026 ഫെബ്രുവരി 5-12 ● ഹി.ശം 1405 തബ്‌ലീഗ് 5-12 ●ഹിജ്‌രി ഖമരി 1447 ശഅ്ബാൻ 16-23

## അല്ലാഹുവിന്റെ വചനം

هُوَ الَّذِیۡۤ اَرۡسَلَ رَسُوۡلَہٗ بِالۡہُدٰی وَدِیۡنِ الۡحَقِّ لِیُظۡہِرَہٗ عَلَی الدِّیۡنِ کُلِّہٖ ۙ وَلَوۡ کَرِہَ الۡمُشۡرِکُوۡنَ ﴿۳۳﴾ (سورۃالتوبہ:33)

അവൻ തന്നെയാണ് തന്റെ ദൂതനെ സന്മാർഗവും സത്യമതവുമായി അയച്ചത്. അങ്ങനെ അവൻ അതിനെ സർവമതങ്ങൾക്കുമേൽ വിജയിപ്പിക്കുന്നതിനു വേണ്ടി. ബഹുദൈവവിശ്വാസികൾ എത്ര വെറുത്താലും ശരി. (സൂറ: തൗബ : 33)

## തിരുനബിﷺയുടെ തിരുവചനങ്ങൾ

عَن عبد الله بن عَمرو قال: قال رَسُولُ اللّٰهِ صَلَّى اللّٰهُ عَلَيْهِ وَسَلَّمَ: يَنْزِلُ عِيسَى بنُ مَرْيَمَ إِلَى الْأَرْضِ فَيَتَزَوَّجُ وَيُولَدُ لَهُ وَيَمْكُثُ خَمْسًا وَأَرْبَعِينَ سَنَةً ثُمَّ يَمُوتُ فَيُدْفَنُ مَعِي فِي قَبْرِي فأقوم أنا وَعِيسَى بن مَرْيَمَ فِي قَبْرٍ وَاحِدٍ بَيْنَ أَبِي بَكْرٍ وَعُمَرَ

അബ്ദുല്ലാഹിബ്നു അംറ് رضي الله عنه വിൽ നിന്ന് നിവേദനം: റസൂൽ തിരുമേനിﷺ പറയുന്നു:

ഈസാ ബിൻ മറിയം ഭൂമിയിൽ ആഗതരാകും. അദ്ദേഹം വിവാഹം കഴിക്കുകയും അദ്ദേഹത്തിന് സന്താനങ്ങളുണ്ടാവുകയും ചെയ്യും. അദ്ദേഹം നാൽപ്പത്തിയഞ്ച് വർഷം (ഭൂമിയിൽ) താമസിക്കും. പിന്നീട് അദ്ദേഹം മരണപ്പെടുകയും എന്റെ ഖബറിന്നരികിൽ തന്നെ അടക്കപ്പെടുകയും ചെയ്യും. പുനരുത്ഥാന നാളിൽ ഞാനും ഈസാ ബിൻ മറിയവും അബൂബക്കറിനും ഉമറിനും ഇടയിലുള്ള ഒരേ ഖബറിൽ (സ്ഥാനത്ത്) നിന്നായിരിക്കും ഉയർത്തെഴുന്നേൽക്കുക.

*(അവലംബം: മിശ്കാത്തുൽ മസ്വാബീഹ്, കിതാബുൽ ഫിതൻ, ബാബു നുസൂലി ഈസാ عليه السلام, അൽ ഫദ്‌ലുസ്സാലിസ്)*

## മുസ്‌ലിഹ് മൗഊദിനെ സംബന്ധിച്ച പ്രവചനം

"നീ എന്നോട് ആവശ്യപ്പെട്ടതുപോലെ തന്നെ നിനക്ക് ഞാൻ ഒരു കാരുണ്യത്തിന്റെ അടയാളം നൽകുന്നു. നിന്റെ വിലാപങ്ങൾ ഞാൻ കേൾക്കുകയും നിന്റെ പ്രാർത്ഥനകൾ എന്റെ കാരുണ്യത്താൽ സ്വീകരിക്കുകയും ചെയ്തിരിക്കുന്നു. നിന്റെ ഈ യാത്രയെ (ഹോശിയാർപൂർ, ലുധിയാന യാത്ര) നിനക്ക് ഞാൻ അനുഗ്രഹീതമാക്കിയിരിക്കുന്നു. അതിനാൽ കരുത്തിന്റെയും കാരുണ്യത്തിന്റെയും സാമീപ്യത്തിന്റെയും ഒരു അടയാളം നിനക്ക് നൽകപ്പെടുന്നു; ഔദാര്യത്തിന്റെയും അനുഗ്രഹത്തിന്റെയും ഒരു അടയാളം നിനക്ക് ലഭിക്കുന്നു; വിജയത്തിന്റെ താക്കോൽ നിനക്ക് നൽകപ്പെടുന്നു. ഓ വിജയിയായവനേ, നിനക്ക് സമാധാനം! ജീവിതം ആഗ്രഹിക്കുന്നവർ മരണത്തിന്റെ പിടിയിൽ നിന്ന് രക്ഷപ്പെടാനും, ഖബറുകളിൽ അടക്കപ്പെട്ടവർ പുറത്തുവരാനും, ഇസ്‌ലാം മതത്തിന്റെ ശ്രേഷ്ഠതയും അല്ലാഹുവിന്റെ വചനത്തിന്റെ പദവിയും ജനങ്ങൾക്ക് വെളിപ്പെടാനും വേണ്ടിയാണ് അല്ലാഹു ഇത് പറഞ്ഞിരിക്കുന്നത്. സത്യം അതിന്റെ എല്ലാ അനുഗ്രഹങ്ങളോടും കൂടി വരാനും അസത്യം അതിന്റെ എല്ലാ ദുരവസ്ഥകളോടും കൂടി ഓടിപ്പോകാനും വേണ്ടിയാണത്. 'ഞാൻ സർവ്വശക്തനാണ്, ഞാൻ ഉദ്ദേശിക്കുന്നത് പ്രവർത്തിക്കുന്നു' എന്ന് ജനങ്ങൾ മനസ്സിലാക്കാനും, 'ഞാൻ നിന്റെ കൂടെയുണ്ട്' എന്ന് അവർ വിശ്വസിക്കാനും വേണ്ടിയാണത്. ദൈവത്തിന്റെ അസ്തിത്വത്തിൽ വിശ്വസിക്കാത്തവർക്കും, അല്ലാഹുവിനെയും അവന്റെ ദീനിനെയും ഗ്രന്ഥത്തെയും പരിശുദ്ധ റസൂൽ മുഹമ്മദ് മുസ്തഫﷺ" യെയും നിഷേധിക്കുകയും തള്ളിക്കളയുകയും ചെയ്യുന്നവർക്ക് ഒരു വ്യക്തമായ തെളിവ് ലഭിക്കാനും കുറ്റവാളികളുടെ വഴി വെളിപ്പെടാനും വേണ്ടിയാണത്. അതിനാൽ നിനക്ക് സുവാർത്ത! സുന്ദരനും പരിശുദ്ധനുമായ ഒരു ബാലൻ നിനക്ക് നൽകപ്പെടും. ബുദ്ധിമാനായ ഒരു ദാസൻ (മകൻ) നിനക്ക് ലഭിക്കും. ആ ബാലൻ നിന്റെ തന്നെ അംശവും നിന്റെ തന്നെ സന്തതിപരമ്പരയുമായിരിക്കും. അതിസുന്ദരനും പരിശുദ്ധനുമായ ഒരു ബാലൻ നിന്റെ അതിഥിയായി വരുന്നു. അവന്റെ പേര് ഇമ്മാനുവൽ എന്നും ബശീർ എന്നും ആണ്. അവന് പരിശുദ്ധാത്മാവ് നൽകപ്പെട്ടിരിക്കുന്നു. അവൻ മാലിന്യങ്ങളിൽ നിന്ന് മുക്തനും ദൈവത്തിന്റെ പ്രകാശവുമാണ്. ആകാശത്തുനിന്ന് വരുന്നവൻ, അനുഗ്രഹീതൻ; അവന്റെ വരവിനോടൊപ്പം ദൈവാനുഗ്രഹവും വരും. അവൻ പ്രതാപശാലിയും മഹിമയുള്ളവനും ഐശ്വര്യവാനും ആയിരിക്കും. അവൻ ഈ ലോകത്തേക്ക് വരികയും തന്റെ മസീഹിയായ ആത്മാവിനാലും സത്യത്തിന്റെ ആത്മാവിനാലും അനേകരെ രോഗങ്ങളിൽ നിന്ന് മുക്തരാക്കുകയും ചെയ്യും. അവൻ 'കലിമത്തുള്ള' (ദൈവവചനം) ആകുന്നു; കാരണം ദൈവത്തിന്റെ കാരുണ്യവും അഭിമാനവും അവനെ മഹത്വത്തിന്റെ വചനമായി അയച്ചിരിക്കുന്നു. അവൻ അതീവ ബുദ്ധിമാനും ചിന്താശീലനും ഹൃദയനൈർമ്മല്യമുള്ളവനുമായിരിക്കും. ബാഹ്യവും ആന്തരികവുമായ വിജ്ഞാനങ്ങളാൽ അവൻ നിറയ്ക്കപ്പെടും. അവൻ മൂന്നിനെ നാലാക്കുന്നവൻ ആയിരിക്കും (ഇതിന്റെ പൊരുൾ അന്ന് മനസ്സിലാക്കാൻ കഴിഞ്ഞിരുന്നില്ല). തിങ്കളാഴ്ച, അനുഗ്രഹീത തിങ്കളാഴ്ച! പ്രിയപ്പെട്ട മകൻ, ആദരണീയൻ. ആദ്യാവസാനങ്ങളുടെ പ്രതിരൂപം, സത്യത്തിന്റെയും ഉന്നതിയുടെയും വെളിപാടായ അവൻ ആകാശത്തുനിന്ന് ദൈവം ഇറങ്ങിവന്നതുപോലെ ആയിരിക്കും. അവന്റെ ജനനം അതീവ അനുഗ്രഹീതവും ദൈവമഹത്വത്തിന്റെ വെളിപ്പെടുത്തലിന് കാരണവുമായിരിക്കും. പ്രകാശം വരുന്നു, അല്ലാഹു തന്റെ പ്രീതിയുടെ സുഗന്ധതൈലം പൂശിയ പ്രകാശം. നമ്മൾ അവനിൽ നമ്മുടെ ആത്മാവിനെ നിക്ഷേപിക്കും, ദൈവത്തിന്റെ തണൽ അവന്റെ ശിരസ്സിൻമേൽ ഉണ്ടാകും. അവൻ അതിവേഗം വളരുകയും തടവുകാരുടെ മോചനത്തിന് കാരണമാവുകയും ചെയ്യും. ഭൂമിയുടെ അറ്റങ്ങൾ വരെ അവൻ പ്രശസ്തനാകും, ജനതകൾ അവനാൽ അനുഗ്രഹിക്കപ്പെടും. ശേഷം അവൻ തന്റെ ആത്മീയ കേന്ദ്രമായ ആകാശത്തേക്ക് ഉയർത്തപ്പെടും. ഇതൊരു തീരുമാനിക്കപ്പെട്ട കാര്യമായിരുന്നു." (മജ്മൂഅ ഇശ്തിഹാറാത്ത് വാല്യം 1, പേജ് 100-102)

പ്രിന്റർ & പബ്ലിഷർ ജമീൽ അഹ്മദ് നാസിർ, ഫദ്‌ലെ ഉമർ പ്രിന്റിംഗ് പ്രസ്സ് ഖാദിയാനിൽ അച്ചടിപ്പിച്ച് ഖാദിയാനിലെ ബദർ പത്ര ഓഫീസിൽ നിന്ന് പ്രസിദ്ധീകരിച്ചത് പ്രൊപ്രൈറ്റർ നിഗ്രാൻ ബദർ ബോർഡ്, ഖാദിയാൻ

لَا اِلٰهَ اِلَّا اللّٰهُ مُحَمَّدٌ رَّسُوْلُ اللّٰهِ

(എഡിറ്റോറിയൽ)

# അവൻ ഭൂമിയുടെ കോണുകളോളം കീർത്തി നേടും, ജനതകൾ അവനിലൂടെ അനുഗ്രഹം പ്രാപിക്കും!

ഹദ്റത്ത് മിർസാ ഗുലാം അഹ്മദ് ഖാദിയാനിؑന്റെ ഹൃദയത്തിൽ അല്ലാഹു യൗവ്വന ഘട്ടത്തിൽ തന്നെ ഇസ്‌ലാമിനോടുള്ള സ്നേഹവും തിരുനബിﷺനോടുള്ള അനുരാഗവും നിക്ഷിപ്തമാക്കിയിരുന്നു.

അദ്ദേഹത്തിന്റെ കാലഘട്ടത്തിൽ മറ്റ് മതസ്ഥരായ ശത്രുക്കൾ ഇസ്‌ലാമിനെതിരെ നാനാ ഭാഗത്തുനിന്നും ആക്രമണങ്ങൾ നടത്തിക്കൊണ്ടിരിക്കുകയായിരുന്നു. മുസ്‌ലിംകൾ അവയ്ക്ക് മറുപടി നൽകാൻ അശക്തരായിരുന്നുവെന്ന് മാത്രമല്ല, വിദ്യാസമ്പന്നരായ മുസ്‌ലിംകൾ പോലും ബ്രിട്ടീഷ് ഭരണത്തിൽ ആകൃഷ്ടരായി ഇസ്‌ലാമിനെ ഉപേക്ഷിച്ചു കൊണ്ടിരുന്ന ഭീതി ജനകവും നിരാശാജനകവുമായ ദിനങ്ങളായിരുന്നു അത്. അത്തരം ഒരു സന്ദർഭത്തിൽ അല്ലാഹുവിന്റെ കൽപ്പനപ്രകാരം അദ്ദേഹം ബറാഹീനെ അഹ്മദിയ്യാ എന്ന ഗ്രന്ഥം നാല് ഭാഗങ്ങളിലായി രചിച്ചു. 1882 മുതൽ 1884 വരെയായിരുന്നു ഇതിന്റെ പൂർത്തീകരണം.

1882ൽ അദ്ദേഹത്തിന് തന്റെ നിയോഗത്തെക്കുറിച്ചുള്ള (മാമൂരിയത്ത്) ആദ്യത്തെ വെളിപാടു ണ്ടായി. അല്ലാഹു അദ്ദേഹത്തെ അഭിസംബോധന ചെയ്തുകൊണ്ട് ഇപ്രകാരം പറഞ്ഞു:

قُلْ إِنِّي أُمِرْتُ وَأَنَا أَوَّلُ الْمُؤْمِنِينَ

പറയുക: ഞാൻ ദൈവത്താൽ നിയോഗിക്കപ്പെട്ടവനാണ്, ഞാൻ വിശ്വാസികളിൽ പ്രഥമനുമാകുന്നു. *(ബറാഹീനെ അഹ്മദിയ്യാ ഭാഗം 4, പേജ് 502, 503)*

ഈ വെളിപാടിന് ശേഷം അദ്ദേഹം മുഖേന അത്ഭുതങ്ങളും ദൃഷ്ടാന്തങ്ങളും വെളിപ്പെടാൻ തുടങ്ങി. ഇസ്‌ലാമിന്റെ വിജയത്തിനുള്ള വഴികൾ കാണിച്ചുതരണമെന്ന് അദ്ദേഹം അല്ലാഹുവിനോട് പ്രാർത്ഥിച്ചുകൊണ്ടിരുന്നു. തുടർന്ന് വിശുദ്ധ ഖുർആനിലെ ഈ സൂക്തം അദ്ദേഹത്തിന് വെളിപാടായി ലിച്ചു:

هُوَ الَّذِيْٓ اَرْسَلَ رَسُوْلَهٗ بِالْهُدٰي وَدِيْنِ الْحَقِّ لِيُظْهِرَهٗ عَلَي الدِّيْنِ كُلِّهٖ لا وَلَوْ كَرِهَ الْمُشْرِكُوْنَ

അവൻ തന്നെയാണ്തന്റെ ദൂതനെ സന്മാർഗവും സത്യമതവുമായി അയച്ചത്. അങ്ങനെ അവൻ അതിനെ സർവമതങ്ങൾക്കുമേൽ വിജയിപ്പിക്കുന്നതിനു വേണ്ടി. *(അസ്സഫ്: 10)*

അദ്ദേഹം പറയുന്നു: ഈ ഖുർആൻ വചനം എനിക്ക് വെളിപാടായി ലഭിച്ചു. എന്റെ കൈകളിലൂടെ അല്ലാഹു ഇസ്‌ലാമിനെ മറ്റെല്ലാ മതങ്ങൾക്കും മീതെ വിജയിപ്പിക്കാൻ വേണ്ടിയാണ് ഞാൻ നിയോഗിക്കപ്പെട്ടിരിക്കുന്നത് എന്ന അർത്ഥമാണ് ഇതിലൂടെ എനിക്ക് മനസ്സിലാക്കിത്തന്നത്. ഖുർആനിലെ ഈ മഹത്തായ പ്രവചനം 'വാഗ്ദത്ത മസീഹിന്റെ' (മസീഹ് മൗഊദ്) കൈകളിലൂടെയാണ് പൂർത്തിയാവുക എന്ന് പണ്ഡിതന്മാരും ഗവേഷകരും ഐകകണ്ഠ്യേന സമ്മതിച്ചിട്ടുള്ളതാണ്. *(തിരിയാഖുൽ ഖുലൂബ്, പേജ് 47)*

അദ്ദേഹം മസീഹും മഹ്ദിയുമാണെന്ന വാദം ഉന്നയിച്ചതോടെ വിവിധ മതനേതാക്കൾ എതിർപ്പ് ശക്തമാക്കി. ഹദ്റത്ത് അഹ്മദ്ؑനെ ലോകത്തിന് മുന്നിൽ ഒരു ദൃഷ്ടാന്ത ത്തിനായി വെല്ലുവിളിച്ചു. അയൽവാസികൾ എന്ന നിലയിൽ ദൃഷ്ടാന്തം കാണാൻ തങ്ങൾ ക്കാണ് കൂടുതൽ അവകാശമെന്ന് ഖാദിയാനിലെ ഹിന്ദുക്കൾ രംഗത്തെത്തി. അപ്പോൾ അദ്ദേഹത്തിന് ഇപ്രകാരം വെളിപാടുണ്ടായി: നിങ്ങളുടെ പ്രഹേളികയ്ക്കുള്ള ഉത്തരം ഹോശിയാർപൂരിൽ വെച്ച് ലഭിക്കും. *(സീറത്തുൽ മഹ്ദി, വാല്യം 1)*

അതനുസരിച്ച് അദ്ദേഹം ഹോശിയാർപൂരിലേക്ക് പോവുകയും 40 ദിവസം അല്ലാഹുവിന്റെ സന്നിധിയിൽ കണ്ണീരോടെ പ്രാർഥനാനിരതനാകുകയും ചെയ്തു. അതിന്റെ ഫലമായി, ഇസ്‌ലാമിനെ ലോകമെങ്ങും പ്രചരിപ്പിക്കാൻ സഹായിക്കുന്ന, ഭൂമിയുടെ അതിർത്തികൾ വരെ കീർത്തി നേടുന്ന, ജനതകൾ അനുഗ്രഹം പ്രാപിക്കുന്ന ഒരു പുത്രനെ (സന്താനത്തെ) ലഭിക്കുമെന്ന് അദ്ദേഹത്തിന് സന്തോഷവാർത്ത ലഭിച്ചു.

ഈ ശ്രേഷ്ഠനായ പുത്രൻ പ്രവചനത്തിന് മൂന്ന് വർഷങ്ങൾക്ക് ശേഷം 1889 ജനുവരി 12ന് ജനിച്ചു. 1914 മാർച്ച് 14ന് അദ്ദേഹം ഹസ്രത്ത് മസീഹ് മൗഊദ്ؑ ന്റെ രണ്ടാമത്തെ ഖലീഫയായി തെരഞ്ഞെടുക്കപ്പെട്ടു. 'മുസ്‌ലിഹ് മൗഊദ്' (വാഗ്ദത്ത പരിഷ്കർത്താവ്) എന്ന പ്രവചനത്തിൽ പരാമർശിച്ചിട്ടുള്ള എല്ലാ ഗുണവിശേഷങ്ങളും അദ്ദേഹത്തിൽ പൂർത്തിയായി. അദ്ദേഹം വിജയത്തിന്റെ കുഞ്ചികയായിരിക്കുമെന്നും, അദ്ദേഹത്തിലൂടെ ആത്മീയമായിമൃതരായവർ പുനർജനിക്കുമെന്നും, ഇസ്‌ലാമിന്റെ അന്തസ്സും അല്ലാഹുവിന്റെ വചനത്തിന്റെ പെരുമയും വെളിപ്പെടുമെന്നും അദ്ദേഹം മസീഹീ സ്വഭാവമുള്ളവനും, ബുദ്ധിമാനും, അറിവുള്ളവനും, സഹനശീലനും, ബാഹ്യവും ആന്തരികവുമായ വിജ്ഞാനങ്ങളാൽ നിറഞ്ഞവനുമായിരിക്കും. അദ്ദേഹം ദൈവത്തിന്റെ പ്രകാശമായിരിക്കും, അദ്ദേഹത്തിന് മേൽ ദൈവവചനങ്ങൾ ഇറങ്ങും. ദൈവത്തിന്റെ നിഴൽ അദ്ദേഹത്തിന് മേലുണ്ടാകും. ഭൂമിയുടെ അറ്റങ്ങൾ വരെ അദ്ദേഹം പ്രശസ്തനാകുകയും ജനതകൾ അദ്ദേഹത്തിലൂടെ അനുഗ്രഹം പ്രാപിക്കുകയും ചെയ്യുമെന്നും പ്രവചിക്കപ്പെട്ടിരുന്നു.

ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്ؓന്റെ ജീവിതത്തിൽ ഈ അടയാളങ്ങളെല്ലാം പൂർത്തിയായി എന്നതിന് അല്ലാഹു സാക്ഷിയാണ്. ഇത് അന്ത്യനാൾ വരെ തുടർന്നു കൊണ്ടിരിക്കുകയും ചെയ്യും.

അദ്ദേഹം (ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്ؓ) ദൈവിക കൽപ്പനപ്രകാരം 1944ൽ താൻ തന്നെയാണ് വാഗ്ദത്ത പരിഷ്കർത്താവ് (മുസ്‌ലിഹ് മൗഊദ്) എന്ന് സത്യം ചെയ്ത് പ്രഖ്യാപിച്ചു. അരനൂറ്റാണ്ടിലധികം കാലം അദ്ദേഹം ഖിലാഫത്തിന്റെ പദവിയിൽ സേവനമനുഷ്ഠിച്ചു. സ്വന്തക്കാരും അന്യരും ഒരുപോലെ എതിർക്കുകയും ലോകമഹായുദ്ധങ്ങൾ കാരണം സാമ്പത്തികാവസ്ഥ തകർന്നടിയുകയും ചെയ്ത ഒരു സന്നിഗ്ദ ഘട്ടത്തിലായിരുന്നു അദ്ദേഹം ഖലീഫയായത്.

അത്തരം പ്രതിസന്ധികളിലും അദ്ദേഹം ഇസ്‌ലാമിക പ്രബോധനത്തിന്റെ പതാക തന്റെ അനുഗൃഹീത കരങ്ങളിൽ ഉയർത്തിപ്പിടിച്ചു. ചുരുങ്ങിയ കാലയളവിനുള്ളിൽ ഭാരതത്തിന് പുറമെ ഏഷ്യയിലെ മറ്റ് രാജ്യങ്ങളിലും, യൂറോപ്പിലും, ആഫ്രിക്കയിലും മറ്റ് ഭൂഖണ്ഡങ്ങളിലും ഇസ്‌ലാമിന്റെ പതാക അദ്ദേഹം സ്ഥാപിച്ചു. ഹദ്റത്ത് ഉമർؓ വിനോടൊപ്പം തിരുനബിﷺയുടെ സ്വഹാബികൾ ഉണ്ടായിരുന്നതുപോലെ, ഹദ്റത്ത് മസീഹ് മൗഊദ് ؑന്റെ സ്വഹാബികളും ഈ ദൗത്യത്തിൽ അദ്ദേഹത്തോടൊപ്പം അണിചേർന്നു.

ലണ്ടനിൽ ഇസ്‌ലാമിക പതാക ഉയർത്താൻ ഹദ്റത്ത് ചൗധരി ഫതഹ് മുഹമ്മദ് സിയാൽؓ നിയോഗിക്കപ്പെട്ടു. മൗറീഷ്യസിൽ ഹദ്റത്ത് സൂഫി ഗുലാം മുഹമ്മദ്ؓന്റെ കരങ്ങളിലായിരുന്നു ആ ദൗത്യം. ഹദ്റത്ത് മുഫ്തി മുഹമ്മദ് സാദിഖ്ؓ അമേരിക്കയിലേക്ക് തിരിച്ചു. ഹദ്റത്ത് മൗലവി അബ്ദുറഹീം നയ്യർؓലൂടെ ആഫ്രിക്കയുടെ ഭാഗ്യം ഉദിച്ചു. ദൂരകിഴക്കൻ രാജ്യങ്ങളിൽ ജനങ്ങളെ ഉണർത്താൻ ഹദ്റത്ത് മൗലവി റഹ്മത്ത് അലിؓ പോയപ്പോൾ, ദമാസ്കസിലും പലസ്തീനിലും പ്രബോധനത്തിനായി ഹദ്റത്ത് സയ്യിദ് സൈനുൽ ആബിദീൻ വലിയുല്ലാ ഷാ ؓ നിയോഗിക്കപ്പെട്ടു.

തുടർന്ന് 1934ൽ ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്ؓ ആരംഭിച്ച തഹ്‌രീക് ജദീദ് എന്ന അനുഗൃഹീത പദ്ധതി ഇസ്‌ലാമിക വിജയത്തിന്റെ ആത്മീയ പടവാളായി മാറി. ഇന്ന് ലോകത്തിലെ നൂറുകണക്കിന് രാജ്യങ്ങളിൽ ഇസ്‌ലാമിന്റെ സമാധാന സന്ദേശം എത്തിക്കാൻ വാഖിഫീനെ സിന്ദഗി (ജീവിതം സമർപ്പിച്ചവർ) സന്നദ്ധരായി നിലകൊള്ളുന്നു. സമ്പന്നരെന്നോ ദരിദ്രരെന്നോ വ്യത്യാസമില്ലാതെ ഓരോ അഹ്മദിയും ഒരു വശത്ത് ജീവിതം സമർപ്പിച്ചും മറുവശത്ത് സാമ്പത്തിക ത്യാഗങ്ങൾ ചെയ്തും ഈ ജിഹാദിൽ പങ്കാളികളായി. ഇന്ന് ലോകരാഷ്ട്രങ്ങളിൽ തഹ്‌രീക് ജദീദ് പ്രബോധനപ്രവർത്തനങ്ങൾ നടത്തുമ്പോൾ, വഖ്ഫ്ജദീദ്മുഖേന ഗ്രാമങ്ങളിൽ പ്രബോധനത്തിന്റെയും ശിക്ഷണത്തിന്റെയും (തർബിയത്ത്) വലക്കണ്ണികൾ വ്യാപിച്ചുകഴിഞ്ഞു. അഹ്മദിയ്യത്തിലൂടെ ഇസ്‌ലാമിന്റെ ഈ സന്ദേശം ലോകത്തിലെ 216 രാജ്യങ്ങളിൽ എത്തിയിരിക്കുന്നു.

ദൈവത്തിന്റെ സഹായവും പിന്തുണയും കൂടാതെ ഇതെല്ലാം സംഭവിക്കുമോ? ഈ മഹത്തായ വിജയം ഹദ്റത്ത് മസീഹ് മൗഊദ്ؑന് തന്റെ പുത്രനെക്കുറിച്ച് ലഭിച്ച വെളിപാടിനുള്ള ഉത്തമ തെളിവല്ലേ? ആ വെളിപാട് ഇതായിരുന്നു:

അവൻ ഭൂമിയുടെ കോണുകളോളം കീർത്തി നേടും, ജനതകൾ അവനിലൂടെ അനുഗ്രഹം പ്രാപിക്കും.

ഈ വെളിപാട്, തിരുനബിﷺയെ അയച്ച അതേ സത്യദൈവത്തിൽ നിന്നുള്ളതായിരുന്നു. നബിﷺയുടെ പ്രവചനമനുസരിച്ച് ഹദ്റത്ത് മിർസാ ഗുലാം അഹ്മദ് ഖാദിയാനിؑ ആഗതരാകുകയും അദ്ദേഹം 'മുസ്‌ലിഹ് മൗഊദിന്റെ' വരവിനെക്കുറിച്ച് ദൈവിക സുവാർത്ത നൽകുകയും ചെയ്തു. അല്ലാഹു പ്രസ്തുത പ്രവചനത്തിലെ ഓരോ അക്ഷരവും സത്യമാണെന്ന് തെളിയിച്ചു കാണിച്ചു. ഫൽഹംദുലില്ലാഹി അലാ ദാലിക്.

# ഖുത്വ്ബ ജുമുഅ

**2025 ഡിസംബർ 26, 1404 ഫത്ഹ് 26 മസ്ജിദ് മുബാറക് ഇസ്‌ലാമാബാദ്, ടിൽഫോർഡ് (സറേ), യു.കെ**

**നബിﷺതിരുമേനി ഒരസ്തിത്വത്തിന്റെ അനുരാഗിയും ഉന്മാദിയുമായി മാറി. തത്ഫലമായി ലോകത്ത് മറ്റാർക്കും ലഭിക്കാത്ത വലിയ സ്ഥാനമാനങ്ങൾ ആ മഹാത്മാവിന് ലഭിച്ചു. നബിﷺതിരുമേനിക്ക് എത്രമാത്രം ദൈവസ്നേഹമുണ്ടായിരുന്നെന്നാൽ പൊതുജനങ്ങളും ഇപ്രകാരം പറയുമായിരുന്നു, ഇന്ന മുഹമ്മദൻ അശിഖ റബ്ബഹു അതായത് മുഹമ്മദ്ﷺ തന്റെ രക്ഷിതാവിന്റെ പ്രേമിയായി മാറിയിരിക്കുന്നു. (ഹദ്റത്ത് മസീഹ് മൗഊദ്ؑ)**

**ഒരു വശത്ത് അവിടത്തെ ഹൃദയത്തിൽ അല്ലാഹുവിനോടുള്ള സ്നേഹത്തിന്റെ വേദനയും മറുവശത്ത് അല്ലാഹുവിന്റെ സൃഷ്ടികളോടുള്ള സ്നേഹത്തിന്റെ വേദനയും അവരെ നാശത്തിൽ നിന്ന് രക്ഷിക്കാ നുള്ള ആഗ്രഹവും ഉണ്ടായിരുന്നു**

**അല്ലാഹുവിന്റെ സ്നേഹം നേടാനുള്ള വഴികളും നബിതിരുമേനിﷺയുടെ മാതൃകയിൽ നിന്ന് തന്നെ പഠിക്കേണ്ടതുണ്ട്.**

**തിരുനബിﷺ ദൈവിക സ്നേഹം ആർജിക്കാൻ ഇപ്രകാരം പ്രാർഥിക്കുമായിരുന്നു:**

اَللّٰهُمَّ إِنِّیْ أَسْأَلُكَ حُبَّكَ، وَحُبَّ مَنْ يُحِبُّكَ، وَالْعَمَلَ الَّذِیْ يُبَلِّغُنِیْ حُبَّكَ، اَللّٰهُمَّ اجْعَلْ حُبَّكَ أَحَبَّ إِلَیَّ مِنْ نَفْسِیْ وَأَهْلِیْ وَمِنَ الْمَاءِ الْبَارِدِ۔

**അല്ലാഹുവേ, നിന്റെ സ്നേഹവും, നിന്നെ സ്നേഹിക്കുന്നവരുടെ സ്നേഹവും, നിന്റെ സ്നേഹത്തിലേക്ക് എന്നെ എത്തിക്കുന്ന കർമ്മങ്ങളും ഞാൻ നിന്നോട് അർഥിക്കുന്നു. അല്ലാഹുവേ, നിന്റെ സ്നേഹം എനിക്ക് എന്റെ പ്രാണനെക്കാളും കുടുംബത്തെക്കാളും തണുത്ത വെള്ളത്തെക്കാളും പ്രിയപ്പെട്ടതാക്കേണമേ.**

**നബിതിരുമേനിﷺയോടുള്ള സ്നേഹം അവകാശപ്പെടുകയും താനും അല്ലാഹുവിന്റെ പ്രിയപ്പെട്ടവനായിത്തീരാൻ ആഗ്രഹിക്കുകയും ചെയ്യുന്ന ഏതൊരാളും ഇന്ന് ഈ പ്രാർത്ഥന ചെയ്യേണ്ടതാണ്.**

**നബിﷺതിരുമേനിയുടെ ജീവിതം മുഴുവൻ ദൈവസ്നേഹത്തിൽ മുഴുകിയതായിരുന്നു. ദൈവാനുരാഗത്തിന്റെ ആ ദൃശ്യങ്ങൾ കണ്ട് മക്കയിലുള്ളവർ പോലും പറയുമായിരുന്നു: ഇന്ന മുഹമ്മദൻ അശിഖ റബ്ബഹു മുഹമ്മദ് ﷺ തന്റെ രക്ഷിതാവിന്റെ അനുരാഗിയായി മാറിയിരിക്കുന്നു.**

**എന്റെ ഹൃദയത്തിന്റെ ഫലം അല്ലാഹുവിന്റെ ദിക്ർ (സ്മരണ) ആണ്, എന്റെ ആഗ്രഹം എന്റെ റബ്ബിലുമാണ്. (ഹദീസ്)**

**ഖുറയ്ശികളായ സത്യനിഷേധികളുടെ നാവുകളിൽ നിന്നുപോലും ഇദ്ദേഹം ദൈവപ്രേമിയാണെന്ന സാക്ഷ്യം സ്വമേധയാ പുറത്തുവന്ന ആ സത്യസന്ധനായ മനുഷ്യന്റെ (മുഹമ്മദ് നബി ﷺ) മുഖകമലം സ്വഹാബാക്കൾؓ കണ്ടിരുന്നു. (ഹദ്റത്ത് മസീഹ് മൗഊദ്ؑ)**

**നബി കരീം ﷺ തിരുമേനിയുടെ ജീവിതചര്യയും അല്ലാഹുവിനോടുള്ള സ്നേഹത്തിന്റെ മാതൃകയുടെയും സ്വാധീനം നിമിത്തമാണ് സ്വഹാബികൾക്കിടയിൽ ഒരു വിപ്ലവം തന്നെ ഉണ്ടായതുംമുമ്പ് ഭാവനയിൽ പോലും കാണാൻ കഴിയാത്ത അത്ര ഉന്നതമായ പദവി അവർക്ക് ലഭിക്കാൻ നിമിത്തമായതും. ഇതേ സമ്പൂർണ്ണവും പരിപൂർണ്ണവുമായ അധ്യാപനങ്ങളെയാണ് അവിടുത്തെ സത്യസന്ധനായ ദാസനായ ഹദ്റത്ത് മസീഹ് മൗഊദ്ؑപിന്തുടർന്നതും.**

**നമ്മൾ നബിﷺതിരുമേനിയുടെ യഥാർഥ അനുയായികളാണെന്ന് അവകാശപ്പെടുമ്പോൾ, അവിടത്തെ സത്യസന്ധനായ ദാസന്റെ കൈകളിൽ ബയ്അത്ത് ചെയ്ത് നമ്മുടെ ജീവിതം ദൈവകല്പനകൾക്ക് അനുസൃതമായി മാറ്റാൻ കരാർ ചെയ്തിട്ടുള്ളവരാണ് നമ്മൾ.**

**അതിനാൽ ഓരോ കാര്യവും അല്ലാഹുവിനായി മാത്രം ചെയ്യാനും അവന്റെ സ്നേഹത്തിൽ മുന്നേറാനും നമ്മൾ ശ്രദ്ധിക്കണം. അപ്രകാരം ചെയ്യുമ്പോൾ മാത്രമേ നമുക്ക് അല്ലാഹുവിന്റെ അനുഗ്രഹങ്ങൾക്ക് അർഹരാകാൻ സാധിക്കൂ. നബിﷺതിരുമേനിയുടെ ഉമ്മത്തിൽപ്പെട്ടവർ എന്ന നിലയിലുള്ള അവകാശം ശരിയായി നിറവേറ്റാനും ഹദ്റത്ത് മസീഹ് മൗഊദ്ؑന്റെ ബയ്അത്തിൽ വന്നതിന്റെ കടമ പൂർത്തിയാക്കാനും യഥാർഥ അനുയായികളിൽ ഉൾപ്പെടാനും അപ്പോൾ മാത്രമേ സാധിക്കൂ. അല്ലാഹു നമുക്ക് അതിന് തൗഫീഖ് നല്കുമാറാകട്ടെ.**

**അഹ്മദികൾക്കും ലോകത്തിലെ മർദ്ദിതർക്കും വേണ്ടിയുള്ള പ്രാർത്ഥനാ ആഹ്വാനം**

**ജലാലുദ്ദീൻ നയ്യർ സാഹിബ് (മുൻ പ്രസിഡന്റ്, സദ്ർ അൻജുമൻ അഹ്മദിയ്യ ഖാദിയാൻ & പ്രസിഡന്റ് മജ്‌ലിസ് തഹ്‌രീകെ ജദീദ് അൻജുമൻ അഹ്മദിയ്യ ഖാദിയാൻ), മീർ ഹബീബ് അഹ്മദ് സാഹിബ്എന്നിവരുടെ അനുസ്മരണവും ജനാസ ഗാഇബ് നമസ്കാരവും.**

**ഖുത്ബ ജുമുഅ സയ്യിദുനാ അമീറുൽ മുഅ്മിനീൻ ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ്**
**ایدہ اللہ تعالیٰ بنصرہ العزیز**

اَشْهَدُ اَنْ لَّآ اِلٰهَ اِلَّا اللّٰهُ وَحْدَهٗ لَا شَرِيْكَ لَهٗ وَاَشْهَدُ اَنَّ مُحَمَّدًا عَبْدُهٗ وَرَسُوْلُهٗ
اَمَّا بَعْدُ فَاَعُوْذُ بِاللّٰهِ مِنَ الشَّيْطٰنِ الرَّجِيْمِ ○ بِسْمِ اللّٰهِ الرَّحْمٰنِ الرَّحِيْمِ ○
اَلْحَمْدُ لِلّٰهِ رَبِّ الْعٰلَمِيْنَ ○ الرَّحْمٰنِ الرَّحِيْمِ ○ مٰلِكِ يَوْمِ الدِّيْنِ ○ اِيَّاكَ نَعْبُدُ وَاِيَّاكَ نَسْتَعِيْنُ ○
اِهْدِنَا الصِّرَاطَ الْمُسْتَقِيْمَ ○ صِرَاطَ الَّذِيْنَ اَنْعَمْتَ عَلَيْهِمْ ۙ غَيْرِ الْمَغْضُوْبِ عَلَيْهِمْ وَلَا الضَّآلِّيْنَ ○

കഴിഞ്ഞ ഖുത്ബയിൽ ഞാൻ നബിതിരുമേനിﷺയുടെ സീറത്തിനെ (ജീവചരിത്രത്തെ) സംബന്ധിച്ച് ചില കാര്യങ്ങൾ പറഞ്ഞിരുന്നു. ഇന്ന് അല്ലാഹുവിനോടുള്ള സ്നേഹത്തെ മുൻനിർത്തി അവിടത്തെ ജീവിതത്തിലെ ചില വശങ്ങൾ ഞാൻ വിവരിക്കുന്നതാണ്. ചില കാര്യങ്ങൾ നേരത്തെ സംക്ഷിപ്തമായി വിവരിച്ചിട്ടുണ്ടാകാം, എന്നാൽ ചിലയിടങ്ങളിൽ അവയുടെ വിശദാംശങ്ങൾ ഇവിടെ നല്കുന്നുണ്ട്.

അവിടത്തെ ജീവിതത്തിലെ ഈ വശത്തിൽ നിന്നും അല്ലാഹുവിന് അവിടത്തോടുള്ള സ്നേഹം പ്രകടമാകുന്നതും നമുക്ക് കാണാം. ഈ വിവരണങ്ങൾ അവിടത്തേക്ക് അല്ലാഹുവിനോടുള്ള സ്നേഹം മാത്രമല്ല, മറിച്ച് അല്ലാഹുവിന് നബിതിരുമേനിﷺയോടുള്ള സ്നേഹം കൂടിയാണ് നിദർശിപ്പിക്കുന്നത്. അല്ലാഹു അവിടത്തോടുള്ള സ്നേഹം പ്രകടിപ്പിച്ചതിന് ശേഷം അവിടത്തേക്ക് ഇക്കാര്യത്തിൽ മാർഗനിർദേശം നല്കുകയും ചെയ്തു. പിന്നീട് ആ സ്നേഹത്തിൽ അഭിവൃദ്ധി പ്രാപിച്ചുകൊണ്ട് അവിടന്ന് എങ്ങനെയാണ് തന്റെ ഉമ്മത്തിന് ശിക്ഷണം നല്കിയതെന്നും അവർക്ക് മാർഗനിർദേശം നല്കിയതെന്നും നമ്മൾ കാണുന്നു.

അല്ലാഹു തനിക്ക് അവതരിപ്പിച്ചു

നല്കിയ അധ്യാപനങ്ങൾ ഉമ്മത്തിന് മാർഗദർശനമാകുന്നതിനായി അവിടന്ന് എങ്ങനെയാണ് അവർക്ക് എത്തിച്ചുകൊടുത്തതെന്ന് നോക്കുക. അതിനായി അവിടത്തേക്ക് വലിയ ഹൃദയവേദനയുണ്ടായിരുന്നു. ആ വേദന കാരണമാണ് ഉമ്മത്തിന് എങ്ങനെ മാർഗനിർദേശം നല്കണമെന്ന കാര്യത്തിൽ അല്ലാഹു തന്നെ അവിടത്തേക്ക് മാർഗനിർദേശം നല്കിയത്. അല്ലെങ്കിൽ ഒരു വശത്ത് അവിടത്തെ ഹൃദയത്തിൽ അല്ലാഹുവിനോടുള്ള സ്നേഹത്തിന്റെ വേദനയും മറുവശത്ത് അല്ലാഹുവിന്റെ സൃഷ്ടികളോടുള്ള സ്നേഹത്തിന്റെ വേദനയും അവരെ നാശത്തിൽ നിന്ന് രക്ഷിക്കാനുള്ള ആഗ്രഹവും ഉണ്ടായിരുന്നു എന്ന് വേണം പറയാൻ. അല്ലാഹു വിശുദ്ധ ഖുർആനിലെ സൂറത്തുദ്ദുഹായിൽ ഇപ്രകാരം പറയുന്നു:

وَوَجَدَكَ ضَآلًّا فَهَدٰى

(സൂറത്തുദ്ദുഹ:8)

അവൻ നിന്നെ സ്വസമുദായത്തെ കുറിച്ചുള്ള ചിന്തയിൽ അലഞ്ഞുതിരിയുന്നവനായി കണ്ടപ്പോൾ നിനക്ക് അവരുടെ സംസ്കരണത്തിനുള്ള ശരിയായ മാർഗം പറഞ്ഞുതന്നു. അല്ലാഹുവിനോടുള്ള സ്നേഹത്തിന്റെ അടിസ്ഥാനത്തിൽ നോക്കുകയാണെങ്കിൽ ഈ വചനത്തിന്റെ അർത്ഥം ഇപ്രകാരമായിരിക്കും: നീ എന്റെ സ്നേഹത്തിൽ അത്യധികം ദുഃഖിതനായിരിക്കുന്നത് നാം കണ്ടു, അവസാനം നാം നിനക്ക് ഒരു മാർഗം കാണിച്ചുതന്നു, അതിലൂടെ സഞ്ചരിച്ച് നീ നമ്മുടെ അടുക്കൽ എത്തിച്ചേർന്നു. തഫ്സീർ കബീർ ഇമാം റാസിയിൽ ഈ വചനത്തിന്റെ വിവരണത്തിൽ ഇപ്രകാരം എഴുതിയിരിക്കുന്നു: ളലാൽ എന്ന വാക്കിന് സ്നേഹം എന്നും അർത്ഥമുണ്ട്. അല്ലാഹുവിന്റെ വചനമായ (12:96)اِنَّكَ لَفِىْ ضَلٰلِكَ الْقَدِيْمِ എന്നതിൽ 'ളലാൽ' എന്നതുകൊണ്ടു സ്നേഹം എന്നാണ് അർത്ഥമാക്കുന്നത്. അപ്പോൾ അതിന്റെ സാരം ഇപ്രകാരമായിരിക്കും: നീ ഒരു പ്രേമിയാണ്. അതിനാൽ നിന്റെ പ്രിയപ്പെട്ടവനെ സേവിച്ചുകൊണ്ട് സാമീപ്യത്തിന്റെ പടവുകൾ കയറാൻ കഴിയുന്ന അത്തരം മാർഗങ്ങളിലേക്ക് ഞാൻ നിനക്ക് മാർഗനിർദേശം നല്കി."

*(മഫാത്തീഹുൽഗയ്ബ് (തഫ്സീറുൽ കബീർ) വാല്യം 16, ഭാഗം 31, പേജ് 197, തഫ്സീർ സൂറത്തുദ്ദുഹാ ആയത്ത് 7, ദാറുൽ കുതുബുൽ ഇൽമിയ്യ ബെയ്റുത്ത് 2004)*

ഇതിലൂടെ അവിടന്ന് അല്ലാഹുവിന്റെ സ്നേഹത്തിൽ മുഴുകിയിരിക്കുകയാണെന്ന് അല്ലാഹു തന്നെ സാക്ഷ്യപ്പെടുത്തിയിരിക്കുന്നു.

അല്ലാഹു അവിടത്തോട് കാണിച്ച സ്നേഹപ്രകടനവും അവിടത്തേക്ക് അല്ലാഹുവിനോട് ഉണ്ടായിരുന്ന സ്നേഹപ്രകടനവും വിവിധ നിവേദനങ്ങളിൽ നമുക്ക് കാണാം. ഹദ്റത്ത് മസീഹ് മൗഊദ്ؑ ഒരിടത്ത് ഇപ്രകാരം പ്രസ്താവിക്കുന്നു:

വിശുദ്ധ ഖുർആന്റെ ശൈലി നന്നായി അറിയുന്ന ഒരാളിൽ നിന്ന് ഇത് ഗോപ്യമല്ല, ചിലപ്പോൾ ആ ഉദാരവാനും കാരുണ്യവാനും ആയ അല്ലാഹു തന്റെ പ്രിയപ്പെട്ട ദാസന്മാർക്കായി ബാഹ്യദൃഷ്ട്യാ അഭംഗിയായ വാക്കുകൾ പ്രയോഗിക്കാറുണ്ട്, എന്നാൽ ഫലത്തിൽ അത് അത്യധികം ശ്ലാഘിച്ചു കൊണ്ടുള്ളതും പ്രശംസാവചനവുമായിരിക്കും. ഈ വാക്കിനെ സാധാരണഗതിയിൽ നോക്കിയാൽ അത് ശരിയായ വാക്കായി തോന്നില്ല, കാരണം ളാൽ എന്നാൽ വഴിപിഴച്ചവൻ എന്നാണ് അർത്ഥം, എന്നാൽ അങ്ങനെയല്ല. അല്ലാഹു തന്റെ പ്രത്യേക ദാസന്മാർക്കായി പ്രത്യേക സന്ദർഭങ്ങളിൽ അത് ഉപയോഗിക്കുമ്പോൾ അതിന്റെ അർത്ഥം ഒന്നടങ്കം മാറുന്നു. ഏതുപോലെ അല്ലാഹു നബിതിരുമേനിﷺയെക്കുറിച്ച് പറഞ്ഞു:

وَوَجَدَكَ ضَآلًّا فَهَدٰى

(93:8)

ഭാഷാകാരന്മാരുടെ ഇടയിൽ ളാൽ എന്ന വാക്കിന് പ്രചുരപ്രചാരം നേടിയ അർത്ഥം വഴിപിഴച്ചവൻ എന്നാണ്. ഹദ്റത്ത് മസീഹ് മൗഊദ്ؑ പറയുന്നു: ആ അർത്ഥത്തിൽ ഈ വചനത്തിന്റെ സാരം ഇപ്രകാരമായിരിക്കും: ദൈവം നിന്നെ വഴിപിഴച്ചവനായി കണ്ടെത്തുകയും മാർഗനിർദേശം നല്കുകയും ചെയ്തു. (അതായത് സാധാരണക്കാർ പറയുന്ന അർത്ഥം.) എന്നാൽ നബിതിരുമേനിﷺ ഒരിക്കലും വഴിപിഴച്ചവനായിരുന്നില്ല. നബിതിരുമേനിﷺ തന്റെ ജീവിതത്തിൽ എപ്പോഴെങ്കിലും വഴിപിഴച്ച പ്രവൃത്തി ചെയ്തിട്ടുണ്ടെന്ന് ഒരു മുസ്ലിം വിശ്വസിച്ചാൽ അവൻ കാഫിറും നിർമതനും ശരീഅത്ത് അനുശാസിക്കുന്ന ശിക്ഷാവിധിക്ക് അർഹനുമാണ്. മറിച്ച്, ഈ വചനത്തിന്റെ മുൻപും പിൻപും ഉള്ള വചനങ്ങളോട് യോജിക്കുന്ന അർത്ഥമാണ് ഇവിടെ സ്വീകരിക്കേണ്ടത്. അത് ഇപ്രകാരമാണ്:

അല്ലാഹു നബിതിരുമേനിﷺയെക്കുറിച്ച് ആദ്യം ഇപ്രകാരം പറഞ്ഞു:

اَلَمْ يَجِدْكَ يَتِيمًا فَآوٰى - وَوَجَدَكَ ضَآلًّا فَهَدٰى -
وَوَجَدَكَ عَآئِلًا فَأَغْنٰى

അല്ലാഹു നിന്നെ അനാഥനായി കാണുകയും നിനക്ക് അഭയം നല്കുകയും ചെയ്തു. അവൻ നിന്നെ ളാൽ അഥവാ ദൈവാനുരാഗത്തിൽ നിലീനനായി കണ്ടെത്തുകയും അല്ലാഹു തന്നിലേക്ക് നിന്നെ വലിച്ചടുപ്പിക്കുകയും ചെയ്തു. നിന്നെ ലൗകികവിരക്തനായി കാണുകയും അവൻ നിനക്ക് ഐശ്വര്യം നല്കുകയും ചെയ്തു. *(ആഇനയെ കമാലാത്തെ ഇസ്ലാം, റൂഹാനീ ഖസാഇൻ വാല്യം 5, പേജ് 170-171)*

ഹദ്റത്ത് മസീഹ് മൗഊദ്ؑ വീണ്ടും പറയുന്നു:

"നബിﷺതിരുമേനി തന്റെ ഹൃദയനൈർമല്യം, ഹൃദയ വിശാലത, പാപരാഹിത്യം, ലജ്ജ, സത്യസന്ധത, വിശുദ്ധി, ദൈവത്തിൽ ഭരമേൽപ്പിക്കൽ, വിശ്വസ്തത, അല്ലാഹുവിനോടുള്ള സ്നേഹം എന്നീ സർവഗുണങ്ങളിലും എല്ലാ പ്രവാചകന്മാരെക്കാളും ശ്രേഷ്ഠനും ഉന്നതനും സമ്പൂർണ്ണനും മഹാനും പ്രൗഢനും വരിഷ്ഠനും ആയിരുന്നു. അതിനാൽ അല്ലാഹു അവിടത്തെ സവിശേഷ ഗുണങ്ങൾ കൊണ്ട് വളരെയധികം സുഗന്ധപൂരിതനാക്കി. ആദ്യകാലത്തെയും അവസാനകാലത്തെയും ജനങ്ങളേക്കാൾ വിശാലവും പരിശുദ്ധവും പ്രകാശപൂരിതവുമായ ആ ഹൃദയം, ആദ്യകാലത്തുള്ളവരുടെയും അവസാനകാലത്തുള്ളവരുടെയും വെളിപാടുകളേക്കാൾ അതിശക്തവും പൂർണ്ണവും ഉന്നതവും സമഗ്രവുമായ അത്തരം ഒരു വെളിപാട് ഇറങ്ങാൻ ഏറ്റവും അനുയോജ്യമായിരുന്നു. അല്ലാഹുവിന്റെ ഗുണങ്ങൾ കാണിച്ചുതരുന്ന ഏറ്റവും തെളിഞ്ഞതും വിശാലവും വിസ്തൃതവുമായ കണ്ണാടിയായിരുന്നു അത്. ഈ കണ്ണാടിയിൽ നബിതിരുമേനിﷺയുടെ വ്യക്തിത്വത്തിലും അവിടത്തെ അധ്യാപനങ്ങളിലും അല്ലാഹുവിന്റെ ഗുണങ്ങളും അല്ലാഹുവിന്റെ സത്തയുടെ ഓരോ വശവും നമുക്ക് കാണാൻ സാധിക്കും.

ആ മഹാത്മാവ് പറഞ്ഞു: അതുകൊണ്ടാണ് മുൻഗ്രന്ഥങ്ങളിലെ തിളക്കം വിശുദ്ധ ഖുർആന്റെ തീക്ഷ്ണമായ രശ്മികൾക്ക് മുന്നിൽ നിഷ്പ്രഭമായിപ്പോകുന്നത്. അതായത് മുൻഗ്രന്ഥങ്ങളിലെ വചനങ്ങൾ ഖുർആന് മുന്നിൽ യാതൊരു നിലയും വിലയുമില്ലാത്തവയാണ്. ഖുർആനിൽ മുൻകൂട്ടി രേഖപ്പെടുത്താത്ത ഒരു സത്യവും കണ്ടെത്താൻ ഒരു ബുദ്ധിക്കും കഴിയില്ല. ഖുർആനിൽ എല്ലാ കാര്യങ്ങളുമുണ്ട്. മനുഷ്യൻ പുറത്തെടുക്കുന്നതോ ചിന്തിക്കുന്നതോ ആയ ഒരു കാര്യവും ഖുർആനിൽ ഇല്ലാത്തതായിട്ടില്ല. പക്ഷേ അത് മനസ്സിലാക്കേണ്ട ആവശ്യമാണുള്ളത്. ഖുർആൻ മുൻകൂട്ടി നല്കാത്ത യുക്തിപരമായ ഒരു തെളിവും ഒരു ചിന്താധാരയ്ക്കും സമർപ്പിക്കാനാകില്ല. ലക്ഷക്കണക്കിന് ഹൃദയങ്ങളിൽ ഖുർആൻ ചെലുത്തുന്ന അത്രയും ശക്തമായ സ്വാധീനം ചെലുത്താൻ മറ്റൊരു പ്രസംഗത്തിനും കഴിയില്ല. ആ മഹാത്മാവു പറയുന്നു: നിസ്സംശയം അത് അല്ലാഹുവിന്റെ ഗുണങ്ങളുടെ ഏറ്റവും ശുദ്ധമായ ഒരു ദർപ്പണമാണ്, അതിൽ നിന്ന് ഒരു ഭക്തന് ദൈവോപലബ്ധിക്ക് ആവശ്യമായതെല്ലാം ലഭിക്കും. *(സുർമചശ്മയെ ആര്യ, റൂഹാനീ ഖസാഇൻ വാല്യം 2, പേജ് 71-72 അടിക്കുറിപ്പ്)*

അതുകൊണ്ട് നബിതിരുമേനിﷺക്ക് ലഭിച്ച ആ വിശുദ്ധാധ്യാപനവും എല്ലാ വസ്തുക്കളെക്കാളും ഉപരിയായിരുന്നു. എല്ലാ അധ്യാപനങ്ങളെക്കാളും ശ്രേഷ്ഠമായിരുന്നു. എല്ലാ വേദഗ്രന്ഥങ്ങളെക്കാളും ഉന്നതമായിരുന്നു. വിശുദ്ധ ഖുർആന്റേത് സമ്പൂർണ അധ്യാപനമാണ്. അതിനാൽ അവിടത്തെ അസ്തിത്വവും ഈ അധ്യാപനത്തിന്റെ വാഹകമാണ്, അതും പൂർണവും സമ്പൂർണവുമാണ് എന്ന് അവിടന്ന് തെളിയിച്ചു. അവിടത്തെ അസ്തിത്വം എല്ലാ മനുഷ്യരേക്കാളും പൂർണമായതിനാലാണ് ഈ ഗ്രന്ഥം അവിടത്തേക്ക് അവതരിച്ചത്. ആരും എത്തിച്ചേരാത്ത പൂർണതയുടെ ആ സ്ഥാനത്തുള്ള മനുഷ്യൻ അവിടന്ന് തന്നെയാണ്. അതെ, അല്ലാഹു ഇപ്രകാരം പറഞ്ഞിരിക്കുന്നു: നിങ്ങൾക്ക് അവിടത്തെ ജീവിതത്തിൽ ഉത്തമ മാതൃകയുണ്ട്. അത് പിന്തുടരാൻ ശ്രമിക്കുക. അതുകൊണ്ടാണ് അല്ലാഹു അവിടന്ന് വഴി ഇപ്രകാരം പ്രഖ്യാപിച്ചത്:

قُلْ إِنْ كُنْتُمْ تُحِبُّونَ اللَّهَ فَاتَّبِعُونِي يُحْبِبْكُمُ اللَّهُ
وَيَغْفِرْ لَكُمْ ذُنُوبَكُمْ وَاللَّهُ غَفُورٌ رَحِيمٌ

(3:32)

'നീ പറയുക: അല്ലയോ ജനങ്ങളേ, നിങ്ങൾ അല്ലാഹുവിനെ സ്നേഹിക്കുന്നുണ്ടെങ്കിൽ എന്നെ പിന്തുടരുക, എങ്കിൽ അല്ലാഹു നിങ്ങളെ സ്നേഹിക്കുകയും നിങ്ങളുടെ പാപങ്ങൾ പൊറുത്തുതരികയും ചെയ്യും. അല്ലാഹു ഏറെ പൊറുക്കുന്നവനും കരുണാനിധിയുമാണ്. അതിനാൽ അല്ലാഹുവിന്റെ സ്നേഹം നേടാനുള്ള വഴികളും നബിതിരുമേനിﷺയുടെ മാതൃകയിൽ നിന്ന് തന്നെ പഠിക്കേണ്ടതുണ്ട്. അല്ലാഹുവിനോടുള്ള നബിതിരുമേനിﷺയുടെ സ്നേഹത്തിന്റെ കാഴ്ചകൾ ഹദീസുകളിൽ നമുക്ക് കാണാം.

അവിടന്ന് തന്റെ ദൈവത്തോ

ടുള്ള സ്നേഹത്തിനായി ഇപ്രകാരം പ്രാർഥിക്കുമായിരുന്നു:

اَللّٰهُمَّ إِنِّي أَسْأَلُكَ حُبَّكَ، وَحُبَّ مَنْ يُحِبُّكَ، وَالْعَمَلَ الَّذِي يُبَلِّغُنِي حُبَّكَ، اَللّٰهُمَّ اجْعَلْ حُبَّكَ أَحَبَّ إِلَيَّ مِنْ نَفْسِي وَأَهْلِي وَمِنَ الْمَاءِ الْبَارِدِ۔

*(ജാമിഉത്തിർമുദി, കിതാബുദ്ദഅ്വാത്ത് ബാബു ദുആ അല്ലാഹുമ്മ ഇന്നീ അസ്അലുക്ക ഹുബ്ബക്ക വ ഹുബ്ബ മൻയ്യുഹിബ്ബുക്ക, ഹദീഥ് 3490)*

അല്ലാഹുവേ, നിന്റെ സ്നേഹവും, നിന്നെ സ്നേഹിക്കുന്നവരുടെ സ്നേഹവും, നിന്റെ സ്നേഹത്തിലേക്ക് എന്നെ എത്തിക്കുന്ന കർമ്മങ്ങളും ഞാൻ നിന്നോട് അർഥിക്കുന്നു. അല്ലാഹുവേ, നിന്റെ സ്നേഹം എനിക്ക് എന്റെ പ്രാണനെക്കാളും കുടുംബത്തെക്കാളും തണുത്ത വെള്ളത്തെക്കാളും പ്രിയപ്പെട്ടതാക്കേണമേ.

നബിതിരുമേനിﷺയോടുള്ള സ്നേഹം അവകാശപ്പെടുകയും താനും അല്ലാഹുവിന്റെ പ്രിയപ്പെട്ടവനായിത്തീരാൻ ആഗ്രഹിക്കുകയും ചെയ്യുന്ന ഏതൊരാളും ഇന്ന് ഈ പ്രാർത്ഥന ചെയ്യേണ്ടതാണ്.

അതുപോലെ ഒരു നിവേദനത്തിൽ ഇപ്രകാരം വരുന്നു: ഹദ്റത്ത് അബ്ദുല്ലാഹ് ബിൻ യസീദ് ഖത്മി അൻസ്വാരിؓ റിപ്പോർട്ട് ചെയ്യുന്നു, നബിതിരുമേനിﷺ ഇപ്രകാരം പ്രാർഥിക്കാറുണ്ടായിരുന്നു: 'അല്ലാഹുവേ, എനിക്ക് നിന്റെ സ്നേഹം നല്കേണമേ, ആരുടെ സ്നേഹം നിന്റെ അടുക്കൽ എനിക്ക് ഉപകാരപ്പെടുമോ അങ്ങനെയുള്ളവരുടെ സ്നേഹം എനിക്ക് നല്കേണമേ. അല്ലാഹുവേ, നീ എനിക്ക് നല്കിയ എന്റെ ഇഷ്ടപ്പെട്ട കാര്യങ്ങളെ നിനക്ക് ഇഷ്ടപ്പെട്ട കാര്യങ്ങൾ നേടാനുള്ള ശക്തിയുടെ മാർഗമാക്കേണമേ. എനിക്ക് പ്രിയപ്പെട്ട ഏതെങ്കിലും കാര്യങ്ങൾ നീ എന്നിൽ നിന്ന് അകറ്റുകയാണെങ്കിൽ, നിനക്ക് പ്രിയപ്പെട്ട കാര്യങ്ങൾ നേടാനുള്ള ശക്തിയായി അവയെ പരിവർത്തനം ചെയ്യേണമേ.*(ജാമിഉത്തിർമുദി, കിതാബുദ്ദഅ്വാത്ത്, ബാബു ദുആ, ഹദീഥ് 3491)*

അതായത് നബിതിരുമേനിﷺ ഇപ്രകാരം ദുആ ചെയ്തു, എനിക്ക് ഇഷ്ടപ്പെട്ട കാര്യങ്ങൾ നീ എനിക്ക് നല്കുമ്പോൾ, അവ നിനക്ക് ഇഷ്ടപ്പെട്ട കാര്യങ്ങൾ കൂടുതൽ ചെയ്യുന്നതിനും നിന്റെ സ്നേഹം നേടുന്നതിനും എനിക്ക് കരുത്തേകട്ടെ. നിനക്ക് ഇഷ്ടപ്പെട്ട കാര്യങ്ങൾ കൂടുതൽ ചെയ്യുന്നതിനും കൂടുതൽ ശക്തി പകരുമാറാകട്ടെ. അത് നിനക്ക് ഇഷ്ടപ്പെട്ട കാര്യങ്ങൾ കൂടുതൽ നേടുന്നതിനും വഴിവയ്ക്കട്ടെ. തുടർന്ന് അരുളി, എനിക്ക് പ്രിയപ്പെട്ടതെന്ന് ഞാൻ കരുതുന്ന ആളുകളോ വസ്തുക്കളോ നീ എന്നിൽ നിന്ന് വേർപെടുത്തുകയാണെങ്കിൽ, അവ നിനക്ക് ഇഷ്ടപ്പെട്ട കാര്യങ്ങൾ കൂടുതൽ നേടുന്നതിനും വഴിവയ്ക്കട്ടെ. നീ എന്നിൽ നിന്ന്എന്തെങ്കിലും എന്നിൽ നിന്നും വേർപെടുത്തുകയാണെങ്കിൽ, അതിൽ നിരാശപ്പെടാതെ, അല്ലാഹുവിന്റെ ഇഷ്ടമായിരുന്നു അതെന്ന് കരുതി അല്ലാഹുവേ നിനക്ക് ഇഷ്ടപ്പെട്ട വസ്തുക്കളും പ്രിയപ്പെട്ട കാര്യങ്ങളും ലഭിക്കുന്നതിനുള്ള ശക്തിയാക്കി അതിനെ മാറ്റേണമേ എന്ന് അവിടന്ന് പ്രാർത്ഥിച്ചു. ഇത് അവിടത്തേക്ക് അല്ലാഹുവിനോടുള്ള സ്നേഹത്തിന്റെ പ്രകടനമായിരുന്നു.

അപ്രകാരം തന്നെ ഹദ്റത്ത് ആഇശؓ വിവരിക്കുന്നു: 'ഇദാ ജാഅ നസ്റുല്ലാഹി വൽ ഫത്ഹ്' എന്നു തുടങ്ങുന്ന സൂറത്ത് അവതരിച്ചതിനുശേഷം നബിﷺ തിരുമേനി തന്റെ എല്ലാ നമസ്കാരത്തിലും ഇപ്രകാരം പറയാറുണ്ടായിരുന്നു:

بُحَانَكَ رَبَّنَا وَبِحَمْدِكَ اَللّٰهُمَّ اغْفِرْلِيْ۔

ഞങ്ങളുടെ രക്ഷിതാവേ, നിന്റെ സ്തുതിയോടൊപ്പം നീപരിശുദ്ധനാണ്, അല്ലാഹുവേ നീ എനിക്ക് പൊറുത്തുതരേണമേ. *(സ്വഹീഹുൽ ബുഖാരി കിതാബുത്തഫ്സീർ/ഇദാ ജാഅ നസ്റുല്ലാഹ്, ഹദീഥ് 4967)*

അല്ലാഹുവിനോടുള്ള സ്നേഹത്തിന്റെ ഒരു സംഭവത്തെക്കുറിച്ച് ഹദ്റത്ത് ആഇശؓ ഇപ്രകാരം പറഞ്ഞു: 'ഒരു രാത്രി ഞാൻ നബിﷺതിരുമേനിയുടെ അരികിൽ ഉറങ്ങുകയായിരുന്നു. പെട്ടെന്ന് നബിതിരുമേനിയെ അവിടെ കണ്ടില്ല. ഞാൻ ഇരുട്ടിൽ തപ്പിയപ്പോൾ എന്റെ കൈ അവിടത്തെ പാദങ്ങളിൽ തട്ടി. അവിടന്ന് സുജൂദിലായിരുന്നു. അവിടന്ന് അല്ലാഹുവിനോട് ഇപ്രകാരം പ്രാർഥിക്കുകയായിരുന്നു:

'നിന്റെ കോപത്തിൽനിന്ന് നിന്റെ പ്രീതിയിലേക്കും നിന്റെ ശിക്ഷയിൽനിന്ന് നിന്റെ മാപ്പിലേക്കും ഞാൻ അഭയം തേടുന്നു. നിന്നെ സ്തുതിക്കുന്നതിൽ എനിക്ക് പരിമിതികളുണ്ട്. നീ നിന്നെക്കുറിച്ച് എങ്ങനെ പുകഴ്ത്തിയോ നീ അങ്ങനെ തന്നെയാണ്.' അതായത് എനിക്ക് നിന്നെ പൂർണ്ണമായി പുകഴ്ത്താൻ കഴിയുകയില്ല.

അതുപോലെ ഹദ്റത്ത് ആഇശؓ മറ്റൊരിടത്ത് പറയുന്നു: 'ഒരിക്കൽ നബിﷺതിരുമേനിക്ക് എന്റെ വീട്ടിലായിരുന്നു ഊഴം. ഞാനുറങ്ങിയപ്പോൾ അവിടന്ന് നിശബ്ദനായി പുറത്തേക്ക് പോയി. അവിടന്ന് വേറെ ഏതെങ്കിലും ഭാര്യയുടെ അടുത്ത് പോയതായിരിക്കുമെന്ന് ഞാൻ കരുതി. ഞാൻ കോപത്തോടെ പുറത്തിറങ്ങിയപ്പോൾ അവിടന്ന് ഒരു തുണിക്കെട്ടുപോലെ നിലത്ത് സുജൂദിൽ വീണുകിടക്കുന്നതാണ് കണ്ടത്. അവിടന്ന് ഇപ്രകാരം പറയുന്നത് ഞാൻ കേട്ടു:

سَجَدَ لَكَ سَوَادِي وَخَيَالِي وَآمَنَ بِكَ فُؤَادِي رَبِّ هَذِهِ يَدِي، وَمَا جَنَيْتُ عَلَى نَفْسِي يَا عَظِيمُ تُرْجَى لِكُلِّ عَظِيمٍ فَاغْفِرِ الذَّنْبَ الْعَظِيمَ۔

എന്റെ ശരീരവും ആത്മാവും നിനക്ക് സുജൂദു ചെയ്യുന്നു. എന്റെ ഹൃദയം നിന്നിൽ വിശ്വസിക്കുന്നു. എന്റെ രക്ഷിതാവേ, എന്റെ ഇരുകൈകളും നിനക്ക് മുന്നിൽ നീട്ടിയിരിക്കുന്നു. ഇവ മുഖേന ഞാൻ എന്നോട് തന്നെ ചെയ്ത അക്രമങ്ങളെല്ലാം നിന്റെ മുന്നിലുണ്ട്. ഹേ മഹാനായവനേ, വലിയ പാപങ്ങൾ പൊറുത്തുതരണമേ.

നബിﷺതിരുമേനിയെപ്പോലെ നന്മയല്ലാതെ മറ്റൊന്നും കാണാത്ത അത്രയും പൂർണനായ ഒരാൾപോലും താൻ തന്നോടുതന്നെ അക്രമം ചെയ്തു എന്ന് പറയുന്നു. അവിടന്ന് തലയുയർത്തിയപ്പോൾ എന്നെ കാണുകയും ഇപ്രകാരം ചോദിക്കുകയും ചെയ്തു: 'നീ എന്തിനാണ് പുറത്തിറങ്ങിയത്? നീ ഉറങ്ങുകയായിരുന്നല്ലോ?' ഞാൻ എന്റെ സംശയം തുറന്നുപറഞ്ഞു. അതായത് 'അങ്ങ് മറ്റേതെങ്കിലും ഭാര്യയുടെ അടുത്ത് പോയിക്കാണുമെന്ന് ഞാൻ കരുതി.' അവിടന്ന് പറഞ്ഞു: 'തീർച്ചയായും ചില സംശയങ്ങൾ പാപമായി മാറുന്നു. നിനക്ക് എന്നെക്കുറിച്ച് സംശയമുണ്ടായോ? അത് പാപമാണ്.' അതായത് അവിടന്ന് മറ്റേതെങ്കിലും ഭാര്യമാരുടെ അടുത്ത് പോയെന്ന് സംശയിച്ച കാര്യത്തെ കുറിച്ചാണ് പറഞ്ഞത്. അവിടന്ന് പറഞ്ഞു: 'തീർച്ചയായും ചില സംശയങ്ങൾ പാപമായി ഭവിക്കുന്നു. അല്ലാഹുവിനോട് മാപ്പ് അപേക്ഷിക്കുക.' അതിനാൽ തെറ്റായ ധാരണകളിൽനിന്ന് രക്ഷപ്പെടാൻ അല്ലാഹുവിനോടു മാപ്പ് അപേക്ഷിക്കുന്നതും ഇസ്തിഗ്ഫാർ അഥവാ പാപമോചനം തേടുന്നതും അത്യന്താപേക്ഷിതമാണ്.

പിന്നീട് അവിടന്ന് ഹദ്റത്ത് ആഇശؓയോടു പറഞ്ഞു: 'ജിബ്രീൽ ؑഎന്റെ അടുക്കൽ വരികയും ഈ വാക്കുകൾ ഓതാൻ എന്നോട് ആവശ്യപ്പെടുകയും ചെയ്തു. അതിനാൽ (നീ ഇപ്പോൾ ഇതു കേട്ടസ്ഥിതിക്ക്) നീയും നിന്റെ സുജൂദിൽ ഇത് ഓതുക. ഈ വാക്കുകൾ ചൊല്ലുന്നവന് സുജൂദിൽനിന്ന് തലയുയർത്തുന്നതിനുമുമ്പേ പാപമോചനം ലഭിക്കുന്നതാണ്.

*(മജ്മഉസ്സവാഇദ് കിതാബുസ്സലാത്ത് ബാബു മാ യഖൂലു ഫീ റുക്കൂയിഹീ വ സുജൂദിഹി ഹദീഥ് 2775, വാള്യം 2 , പേജ് 259, ദാറുൽകുതുബുൽ ഇൽമിയ്യ ബെയ്റുത്ത്2001)*

എന്നാൽ, ഇതിനൊപ്പമുള്ള നിബന്ധന അല്ലാഹുവിൽ പൂർണമായി വിശ്വസിക്കുകയും ബാക്കി നന്മകൾ ചെയ്യുകയും വേണമെന്നതാണ്. ഹദ്റത്ത് ആഇശؓയുടെ നിലവാരം നബിﷺതിരുമേനിക്ക് അറിയാമായിരുന്നു. അതുകൊണ്ട് അത്രമാത്രമേ അവിടന്ന് അവരോടു പറഞ്ഞുള്ളൂ. നന്മകൾ ചെയ്യാതെ വെറുതെ പ്രാർഥന മാത്രം നടത്തിയാൽ മതിയെന്നല്ല ഇതിന്റെ അർഥം.

അതുപോലെ സ്വഹീഹ് മുസ്ലിമിൽ കൂടുതൽ വിശദമായി ഒരു നിവേദനം വരുന്നുണ്ട്. മറ്റൊരു ദിവസം ഹദ്റത്ത് ആയിശؓ ഇപ്രകാരം പറഞ്ഞു: ഒരിക്കൽ നബിതിരുമേനിﷺ എന്റെ വീട്ടിലായിരുന്ന രാത്രിയിൽ, അവിടന്ന് വീട്ടിലെത്തി തന്റെ പുതപ്പ് ഊരിവച്ചു, പാദുകങ്ങൾ അഴിച്ച് പാദങ്ങൾക്ക് സമീപം വച്ചു, തന്റെ മേൽപുതപ്പിന്റെ ഒരു ഭാഗം കിടക്കയിൽ വിരിച്ച് കിടന്നു. കുറച്ചുസമയം കഴിഞ്ഞപ്പോൾ ഞാൻ ഉറങ്ങിയെന്ന് അവിടന്ന് കരുതി, അവിടന്ന് സാവധാനം പുതപ്പു ചുറ്റി, സാവധാനം ചെരിപ്പുകൾ ധരിച്ചു, വാതിൽ തുറന്ന് പുറത്തിറങ്ങി. പിന്നീട് വാതിൽ പതുക്കെ അടച്ചു. ഞാൻ എന്റെ തട്ടവും മേൽപുതപ്പും എടുത്ത് അവിടത്തെ പിന്നാലെ നടന്നു, അങ്ങനെ അവിടന്ന് ജന്നത്തുൽ ബഖീഇലെത്തി. അവിടന്ന് അവിടെ നിൽക്കുകയും ദീർഘനേരം പ്രാർഥിക്കുകയും ചെയ്തു, ശേഷം മൂന്ന് തവണ ഇരു കൈകളും ഉയർത്തി, പിന്നീട് അവിടന്ന് തിരിച്ചുനടന്നു, ഞാനും തിരിഞ്ഞു. അവിടന്ന് വേഗത്തിൽ നടക്കാൻ തുടങ്ങി, ഞാനും വേഗത്തിൽ നടന്നു. അവിടന്ന് വേഗത വർദ്ധിപ്പിച്ചപ്പോൾ ഞാനും വേഗത വർദ്ധിപ്പിച്ചു. അവിടന്ന് കൂടുതൽ വേഗത്തിൽ നടന്നപ്പോൾ ഞാനും വേഗത്തിൽ നടന്നു. പിന്നീട് അവിടന്ന് വീട്ടിലെത്തി, ഞാൻ അവിടുത്തേക്ക് മുമ്പേ അകത്തേക്ക് പ്രവേശിച്ചു കട്ടിലിൽ കയറി കിടന്നു. അവിടന്ന് അകത്തേക്ക് വന്നപ്പോൾ ചോദിച്ചു: 'ആയിശാ, നിനക്ക് എന്തുപറ്റി? നീ എന്താണ് ഇങ്ങനെ കിതയ്ക്കുന്നത്? വേഗത്തിൽ നടന്നതിനാൽ കിതയ്ക്കുന്നുണ്ടായിരുന്നു, നബിതിരുമേനിﷺ അത് കേൾക്കുകയും മനസ്സിലാക്കുകയും ചെയ്തു. വേഗത്തിൽ നടന്നത് കാരണമാണ് ശ്വാസം കിതയ്ക്കുന്നതെന്ന് അവർ പറയുന്നു.

ഞാൻ പറഞ്ഞു, ഒന്നുമില്ല, ഒഴിഞ്ഞുമാറാൻ ശ്രമിച്ചു.

നബിതിരുമേനിﷺ പറഞ്ഞു: 'നീ തീർച്ചയായും എന്നോട് പറയണം, അല്ലെങ്കിൽ സൂക്ഷ്മജ്ഞാനിയും എല്ലാം അറിയുന്നവനുമായ ദൈവം എനിക്ക് പറഞ്ഞുതരും. ഞാൻ പറഞ്ഞു: അല്ലാഹുവിന്റെ റസൂലേ, എന്റെ മാതാപിതാക്കൾ അങ്ങേയ്ക്കു തെണ്ടമാകട്ടെ, ശേഷം എന്റെ മനസ്സിൽ വന്ന ചിന്തയെക്കുറിച്ചും ഞാൻ എങ്ങനെയാണ് അവിടത്തെ പിന്നാലെ പോയതെന്നും എല്ലാ കാര്യങ്ങളും വിവരിച്ചു. അപ്പോൾ അവിടുന്ന് അരുളിച്ചെയ്തു: അതുശരി, അപ്പോൾ എന്റെ മുന്നിൽ കണ്ട ആ നിഴൽ നീയായിരുന്നോ?

എന്റെ മുന്നിൽ കണ്ട ആ നിഴൽ നീയായിരുന്നോ? എന്ന് നബിതിരുമേനിﷺ ചോദിച്ചു. ഞാൻ പറഞ്ഞു, അതെ. അവിടന്ന് എന്റെ നെഞ്ചിൽ പതുക്കെ തട്ടി, അത് എനിക്ക് അനുഭവപ്പെട്ടു. അവിടന്ന് ചോദിച്ചു: അല്ലാഹുവും അവന്റെ റസൂലും നിന്നോട് അനീതി കാണിക്കുമെന്ന് നീ കരുതിയോ?

ഹദ്റത്ത് ആയിശؓ പറഞ്ഞു: മനുഷ്യർ ഒളിപ്പിക്കുന്നത് അല്ലാഹു അറിയുന്നുണ്ട്. തീർച്ചയായും അല്ലാഹു അത് അറിയുകയും അത് അങ്ങേക്ക് വെളിപ്പെടുത്തി തരുകയും ചെയ്യുമായിരുന്നു. ഞാൻ തന്നെ അത് പറയാം എന്ന് പറഞ്ഞ് എന്റെ മനസ്സിലുള്ളത് ഞാൻ തുറന്നു പറഞ്ഞു.

നബിതിരുമേനിﷺ പറഞ്ഞു: ജിബ്‌രീൽ എന്റെ അടുക്കൽ വന്നിരുന്നു. നീ എന്നെ കണ്ടപ്പോൾ അദ്ദേഹം എന്നെ വിളിക്കുകയായിരുന്നു. ഞാൻ പുറത്തുപോകുന്നത് നീ കണ്ടത് അദ്ദേഹം എന്നെ വിളിച്ചതുകൊണ്ടാണ്. അദ്ദേഹം നിന്നിൽ നിന്ന് ഈ കാര്യം രഹസ്യമാക്കി വച്ചതുകൊണ്ട് ഞാനും അത് നിന്നോട് പറയാതെ രഹസ്യമാക്കി വച്ചു. അതുകൊണ്ടാണ് ഞാൻ നിന്നോട് പറയാതെ അദ്ദേഹത്തോടൊപ്പം പോയത്. നീ ഉറങ്ങിക്കഴിഞ്ഞു എന്ന് ഞാൻ കരുതി. നിന്നെ വിളിച്ചുണർത്താൻ ഞാൻ ആഗ്രഹിച്ചില്ല. ഞാൻ പറഞ്ഞിട്ടുപോയാൽ നീ തനിച്ചാണെന്ന് കരുതി പരിഭ്രമിക്കുമെന്ന് ഞാൻ ആശങ്കിച്ചതിനാലാണ് ഇപ്രകാരം ചെയ്തതെന്നും അവിടന്ന് കൂട്ടിച്ചേർത്തു. ജിബ്‌രീൽ നബിതിരുമേനിﷺയോട് പറഞ്ഞു: അങ്ങയുടെ രക്ഷിതാവ് അങ്ങയോട് അരുളിച്ചെയ്യുന്നു, അങ്ങ് ബഖീഅ് നിവാസികളുടെ അടുക്കൽ പോകുകയും അവർക്കായി പാപമോചനം തേടുകയും ചെയ്യുക.

ഹദ്റത്ത് ആയിശؓ പറയുന്നു, ഞാൻ അപേക്ഷിച്ചു: അല്ലാഹുവിന്റെ റസൂലേ, എനിക്കും ഈ പുണ്യത്തിൽ പങ്കുചേരാൻ കഴിയുമോ? ഞാൻ എങ്ങനെയാണ് അവർക്കായി പ്രാർഥിക്കേണ്ടത്? അങ്ങ് അവർക്കായി പ്രാർഥിച്ചു, ഇപ്പോൾ ഞാനും അവിടെ പോയി വന്നിരിക്കുകയാണ്, അപ്പോൾ ഞാൻ എന്താണ് പ്രാർഥിക്കേണ്ടത്?

നബിതിരുമേനിﷺ പറഞ്ഞു: 'ഈ വീട്ടുകാരായ വിശ്വാസികൾക്കും മുസ്‌ലിമീങ്ങൾക്കും സമാധാനം ഉണ്ടാവട്ടെ. നമ്മിൽ നിന്ന് നേരത്തെ പോയവരോടും വൈകി വരുന്നവരോടും അല്ലാഹു കരുണ കാണിക്കട്ടെ. അല്ലാഹു ഉദ്ദേശിക്കുന്നുവെങ്കിൽ ഞങ്ങളും നിങ്ങളുമായി കൂടിച്ചേരുന്നതാണ് എന്ന് നീ പറയുക.

*(സ്വഹീഹ് മുസ്‌ലിം മുത്തർജിം(ഉർദു)വാല്യം 4, പേജ് 138-140, കിതാബുൽ ജനാഇസ് ഹദീഥ് 1607, നൂർ ഫൗണ്ടേഷൻ റബ്‌വ)*

ഈ പ്രാർഥനയും അവിടന്ന് പഠിപ്പിച്ചു.

ഇതേപോലെ അല്ലാഹുവിനോടുള്ള നബിﷺതിരുമേനിയുടെ സ്നേഹത്തെക്കുറിച്ച് ഒരു നിവേദനം ഇപ്രകാരം വിവരിക്കപ്പെട്ടിരിക്കുന്നു. അത്വാഅ് നിവേദനം ചെയ്യുന്നു: ഞാനും അബ്ദുല്ല ബിൻ ഉമറും ഉബൈദ് ബിൻ ഉമൈറും ആയിശؓയുടെ അടുക്കൽ ചെന്നു. ഇബ്നു ഉമർ പറഞ്ഞു: നബിതിരുമേനിﷺയിൽ നിങ്ങൾ കണ്ട ഏറ്റവും മനോഹരവും അത്ഭുതകരവുമായ കാര്യം ഞങ്ങൾക്ക് പറഞ്ഞുതന്നാലും. അതു കേട്ട് ഹദ്റത്ത് ആയിഷؓ കരഞ്ഞു. എന്നിട്ടു പറഞ്ഞു: അവിടത്തെ ഓരോ കാര്യവും മനോഹരവും അത്ഭുതകരവുമായിരുന്നു. ശേഷം അവർ വിവരിച്ചു:

ഒരിക്കൽ എന്റെ ഊഴമുള്ള രാത്രിയിൽ അവിടന്ന് അടുത്തു വന്നു. അവിടന്ന് എന്റെ പുതപ്പിനുള്ളിൽ പ്രവേശിച്ച് ശരീരം എന്റെ ശരീരത്തോട് സ്പർശിച്ചപ്പോൾ എനിക്ക് ദേഹസ്പർശം അനുഭവപ്പെട്ടപ്പോൾ അവിടന്ന് എന്നോട് ചോദിച്ചു: ആയിശാ, നീ എനിക്ക് അനുവാദം നല്കുകയാണെങ്കിൽ ഈ രാത്രിയുടെ ബാക്കി സമയം ഞാൻ എന്റെ രക്ഷിതാവിനെ ആരാധിക്കട്ടെ. ഞാൻ പറഞ്ഞു: അല്ലാഹുവിന്റെ റസൂലേ, അങ്ങയുടെ സാമീപ്യവും അങ്ങയുടെ ആഗ്രഹവും എനിക്ക് ഒരുപോലെ പ്രിയപ്പെട്ടതാണ്. അതായത് എനിക്ക് അങ്ങയുടെ സാമീപ്യം ഏതുപോലെ പ്രിയങ്കരമാണോ അതുപോലെ തന്നെ അങ്ങയുടെ ആഗ്രഹം നിറവേറുന്നതും എനിക്ക് ഇഷ്ടമാണ്. അങ്ങയുടെ ആഗ്രഹങ്ങളെ ഞാൻ ബഹുമാനിക്കുന്നു. അവ പൂർത്തിയാക്കുന്നതാണ് എനിക്ക് ഏറ്റവും ഇഷ്ടം. ശരി അങ്ങ് ആരാധന നടത്താൻ ആഗ്രഹിക്കുന്നെങ്കിൽ അങ്ങനെ ആയിക്കോട്ടെ. ശേഷം അവിടുന്ന് വീട്ടിനകത്തുള്ള ഒരു കൂജയുടെ അടുത്തേക്ക് പോയി. എന്നിട്ട് വുദു ചെയ്തു, വെള്ളത്തിന്റെ കൂജയായിരുന്നു. അവിടന്ന് കൂടുതൽ വെള്ളം ഒഴിച്ചില്ല. തുടർന്ന് നമസ്കാരത്തിനായി നിന്നു. അവിടുന്ന് ദീർഘനേരം ഖുർആൻ ഓതുകയും കരയുകയും ചെയ്തു. അവിടുത്തെ കണ്ണുനീർ വസ്ത്രത്തിന്റെ കോന്തല കുതിർത്തു. ശേഷം അവിടന്ന് വലതുവശത്ത് ചെരിഞ്ഞു കിടന്നു. വലതുകൈ കവിളത്തു വച്ചു കരഞ്ഞു, എത്രത്തോളമെന്നാൽ കണ്ണുനീർ കണങ്ങൾ നിലത്ത് ഇറ്റിറ്റായി വീണു. തുടർന്ന് സുബഹി നമസ്കാരത്തിന്റെ സമയമായപ്പോൾ ഹദ്റത്ത് ബിലാൽؓ സുബ്ഹി നമസ്കാരത്തിന് വിളിക്കാൻ വന്നു. നബിതിരുമേനിﷺ കരയുന്നത് കണ്ടപ്പോൾ ചോദിച്ചു: അല്ലാഹുവിന്റെ റസൂലേ, അങ്ങയുടെ മുമ്പത്തെയും പിമ്പത്തെയും പാപങ്ങൾ അല്ലാഹു പൊറുത്തു തന്നിരിക്കെ അങ്ങ് എന്തിനാണ് കരയുന്നത്? അവിടുന്ന് അരുളിച്ചെയ്തു: ഞാൻ നന്ദിയുള്ള ഒരു ദാസനാകണ്ടേ?

*(അഖ്‌ലാഖുന്നബീﷺവ ആദാബിഹി, പേജ് 408-409, ഹദീഥ് 553, ദാറുല്ലുഅ്‌ലുഅ, ഖാഹിറ 2016)*

നന്ദിപ്രകടന സംബന്ധമായ ഒരുസംഭവം കഴിഞ്ഞ ഖുത്ബയിലും വിവരിച്ചിരുന്നു. അതിന്റെ കൂടുതൽ വിശദീകരണം ഇപ്രകാരമാണ്.

മറ്റൊരു നിവേദനത്തിൽ ആഇശؓ പറയുന്നു: ആകാശത്ത് മേഘമോ കൊടുങ്കാറ്റിന്റെ ലക്ഷണങ്ങളോ കാണുമ്പോൾ അവിടത്തെ മുഖത്ത് ആശങ്ക പ്രകടമാകുമായിരുന്നു. ആയിശؓ ചോദിച്ചു: അല്ലാഹുവിന്റെ റസൂലേ, മേഘം കാണുമ്പോൾ മഴ പെയ്യുമെന്ന പ്രതീക്ഷയിൽ ജനങ്ങൾ സന്തോഷിക്കുന്നു, എന്നാൽ അങ്ങയുടെ മുഖത്ത് ആശങ്ക കാണുന്നുവല്ലോ? അവിടന്ന് പറഞ്ഞു: 'ആയിശാ, ഈ കാറ്റ് ശിക്ഷയുടേതാകില്ലെന്ന് നിനക്ക് ആശ്വസിക്കാനാകുമോ? അങ്ങനെ പറഞ്ഞു സമാധാനിക്കാൻ ഞാൻ അദൃശ്യജ്ഞാനിയല്ല. മുമ്പത്തെ സമുദായങ്ങൾക്കുണ്ടായതുപോലെ ശിക്ഷയുണ്ടാകില്ലെന്ന് എനിക്ക് എങ്ങനെ ഉറപ്പിക്കാൻ കഴിയും? ഖുർആൻ പറയുന്നതുപോലെ ഒരു സമുദായം മേഘം കണ്ട് അത് മഴയായി പെയ്യുമെന്ന് കരുതി സന്തോഷിച്ചു. അത് അവർക്കുള്ള ശിക്ഷയായിരുന്നു. അതുകൊണ്ട് അത് എന്താകുമെന്നും എന്താകില്ലെന്നും എനിക്കെന്തറിയാം. ആയതിനാൽ എന്റെ ഹൃദയത്തിൽ അല്ലാഹുവിന്റെ ഭയവും സ്നേഹവും ഉള്ളതിനാൽ എന്റെ ഹൃദയം ഭയചകിതമാകുന്നു.

*(സ്വഹീഹുൽ ബുഖാരി, മുത്തർജിം(ഉർദു)വാല്യം 12, പേജ് 68-69, കിതാബുത്തഫ്സീർ ഹദീഥ് 4829, നളാറത്ത് ഇശാഅത്ത് റബ്‌വ)*

മറ്റൊരിടത്ത് ഹദ്റത്ത് ആഇശؓനിവേദന ചെയ്യുന്നു, നബികരീംﷺ ആകാശം മേഘാവൃതമാകുന്നതായി കണ്ടാൽ അങ്ങോട്ടും ഇങ്ങോട്ടും നടക്കുകയും അകത്തേക്കും പുറത്തേക്കും വരുകയും പോകുകയും ചെയ്യുകയും മുഖം വിവർണമാകുകയും ചെയ്യുമായിരുന്നു. എന്നാൽ മഴ പെയ്യാൻ തുടങ്ങുമ്പോൾ അവിടത്തെ ആകുലത നീങ്ങുമായിരുന്നുഈ

**• ഹദീഥുന്നബ്‌വിﷺ •**

**"അസ്സ്വബ്റു രിളൻ."**
**വിധിയിൽ തൃപ്തിപ്പെടുന്നതിനാണ് ക്ഷമ എന്നു പറയുന്നത്.**

ത്വാലിബെ ദുആ
C. K.MUHAMMED SHAREEF&FAMILY
AHMADIYYAJAMA-ATHVANIYAMBALAM,

**• ഹദീഥുന്നബ്‌വിﷺ •**

**"അൽമത്വ്ഊനു ശഹീദുൻ."**
**പ്ലേഗ് ബാധിച്ച് മരിക്കുന്നവൻ ശഹീദാണ്.**

ത്വാലിബെ ദുആ
LATE T.K.SIDHIQUE AND FAMILY
KARULAI, MALAPPURAM

അവസ്ഥയെ കുറിച്ച് ഹദ്റത്ത് ആയിശ رضي الله عنها തിരക്കിയപ്പോൾ അവിടന്ന് പറഞ്ഞു. ഇത് ഹദ്റത്ത് ആദിന്റെ സമുദായത്തിൽ വർഷിച്ചതുപോലുള്ള മഴയാണോ എന്ന് എനിക്കറിയില്ല. സൂറത്തിൽ അഹ്കാഫിന്റെ ആയത്തു ഉദ്ദരിച്ചു കൊണ്ടാണ് വിവരിച്ചത്. അവർ തങ്ങളുടെ താഴ്‌വരയിലേക്ക് വരുന്നത് കണ്ടപ്പോൾ അവർ പറയുകയുണ്ടായി, ഈ മേഘം ഞങ്ങൾക്കുമേൽ വർഷിക്കുന്നതാണ്. എന്നാൽ, അത് അവർക്കുമേൽ ശിക്ഷയായി ഇറങ്ങി.

*(സ്വഹീഹുൽ ബുഖാരി മുത്തർറജിം(ഉർദു)വാല്യം 6, പേജ് 29-30 കിതാബു ബദഉൽഖൽഖ് ഹദീഥ് 3206, നള്വാറത്ത് ഇശാഅത്ത് റബ്‌വ)*

മറ്റൊരു നിവേദനത്തിൽ ഇപ്രകാരം വന്നിരിക്കുന്നു. ഹദ്റത്ത് അബൂഹുറയ്റ رضي الله عنه വിവരിക്കുന്നു, അവിടന്നും സ്വഹാബാക്കളും ആദ്യത്തെ മഴത്തുള്ളികൾക്കായി തങ്ങളുടെ തല നഗ്നമാക്കുമായിരുന്നു, ഇത് തന്റെ രക്ഷിതാവിൽ നിന്നുള്ള പുതിയ അനുഗ്രഹമാണെന്നും ഏറ്റവുമധികം അനുഗ്രഹപൂർണവുമാണെന്ന് അവിടന്ന് പറയുമായിരുന്നു.

*(കൻസുൽഉമ്മാൽ വാല്യം 1, ഭാഗം 2, പേജ്267, കിതാബുൽ അദ്കാർ ഹദീഥ് 4936, ദാറുൽ കുതുബുൽ ഇൽമിയ്യ ബെയ്റുത്ത് 2004)*

സാധാരണ മഴ പെയ്യുമ്പോൾ ഇതായിരുന്നു അവിടത്തെ രീതി.

ഉർവ ബിൻ സുബയ്ർ رضي الله عنه പറയുന്നു: ബഹുദൈവാരാധകർ നബിﷺതിരുമേനിയോടു ചെയ്ത ഏറ്റവും ക്രൂരമായ പ്രവൃത്തി ഏതാണെന്ന് ഞാൻ അബ്ദുല്ലാഹിബ്നു അംറിനോട് ചോദിച്ചു. അദ്ദേഹം പറഞ്ഞു: ഒരിക്കൽ നബിﷺതിരുമേനി കഅ്ബാലയത്തിലെ ഹത്വീമിൽ നമസ്കരിക്കുമ്പോൾ ഉഖ്‌ബ ബിൻ അബീ മുഈത് തന്റെ വസ്ത്രം അവിടത്തെ കഴുത്തിൽ ചുറ്റി മുറുക്കി ശ്വാസം മുട്ടിക്കാൻ ശ്രമിച്ചു. അപ്പോൾ അബൂബക്ർ رضي الله عنه അവനെ തള്ളി മാറ്റിക്കൊണ്ടു ചോദിച്ചു: 'തന്റെ രക്ഷിതാവ് അല്ലാഹുവാണെന്ന് പറയുന്ന ഒരാളെ നിങ്ങൾ കൊല്ലുകയാണോ?ഇദ്ദേഹം ദൈവാനുരാഗബദ്ധനും അനുരക്തനും ആയിക്കൊണ്ട് ദൈവാരാധന നടത്തുകയാണ്. ഇദ്ദേഹത്തെ നിങ്ങൾ വധിക്കാൻ തുനിയുകയാണോ?' *(സ്വഹീഹുൽ ബുഖാരി, മുത്തർറജിം(ഉർദു), വാല്യം:7, പേജ് 332, കിതാബുൽമനാഖിബുൽ അൻസ്വാർ, ഹദീഥ് 3856, നള്വാറത്ത് ഇശാഅത്ത് റബ്‌വ)*

നബിﷺതിരുമേനിയുടെ ജീവിതം മുഴുവൻ ദൈവസ്നേഹത്തിൽ മുഴുകിയതായിരുന്നു. ദൈവാനുരാഗത്തിന്റെ ആ ദൃശ്യങ്ങൾ കണ്ട് മക്കയിലുള്ളവർ പോലും പറയുമായിരുന്നു:

اِنَّ مُحَمَّدًا عَشِقَ رَبَّهُ (ഇന്ന മുഹമ്മദൻ അശിഖ റബ്ബഹു)

മുഹമ്മദ് ﷺ തന്റെ രക്ഷിതാവിന്റെ പ്രേമിയായി മാറിയിരിക്കുന്നു. *(അൽമുൻഖദു മിനളലാലി, ഇമാം ഗസ്സാലി, പേജ് 107,...ദാറുൽമിൻഹാജ് 2015)*

ഹദ്റത്ത് മസീഹ് മൗഊദ് عليه السلام പറയുന്നു: നബിﷺതിരുമേനി ഒരസ്തിത്വത്തിന്റെ അനുരാഗിയും ഉന്മാദിയുമായി മാറി. തത്ഫലമായി ലോകത്ത് മറ്റാർക്കും ലഭിക്കാത്ത വലിയ സ്ഥാനമാനങ്ങൾ ആ മഹാത്മാവിന് ലഭിച്ചു. നബിﷺതിരുമേനിക്ക് എത്രമാത്രം ദൈവസ്നേഹമുണ്ടായിരുന്നെന്നാൽ പൊതുജനങ്ങളും ഇപ്രകാരം പറയുമായിരുന്നു, ഇന്ന മുഹമ്മദൻ അശിഖ റബ്ബഹു അതായത് മുഹമ്മദ്ﷺ തന്റെ രക്ഷിതാവിന്റെ പ്രേമിയായി മാറിയിരിക്കുന്നു. *(അൽമുൻഖദു മിനള്ളലാലി, ഇമാം ഗസ്സാലി പേജ് 107, ദാറുൽമിൻഹാജ് 2015)*

ഹദ്റത്ത് മസീഹ് മൗഊദ് عليه السلام പറയുന്നു: ഖുറയ്ശികളായ സത്യനിഷേധികളുടെ നാവുകളിൽ നിന്നുപോലും ഇദ്ദേഹം ദൈവപ്രേമിയാണെന്ന സാക്ഷ്യം സ്വമേധയാ പുറത്തുവന്ന ആ സത്യസന്ധനായ മനുഷ്യന്റെ (മുഹമ്മദ് നബി ﷺ) മുഖകമലം സ്വഹാബാക്കൾ رضي الله عنهم കണ്ടിരുന്നു. ദിവസേനയുള്ള പ്രാർഥനകളും സ്നേഹം തുളുമ്പുന്ന സുജൂദുകളും കണ്ടും, അനുസരണത്തിൽ ലയിച്ചുചേർന്ന അവസ്ഥയും ആ മുഖത്തെ സ്നേഹത്തിന്റെയും സമർപ്പണത്തിന്റെയും തെളിഞ്ഞ അടയാളങ്ങളും- അതായത് പ്രേമത്തിന്റെ പ്രകാശപൂർണമായ ചിഹ്നങ്ങളും- ആ പരിശുദ്ധ മുഖത്ത് ദൈവിക പ്രകാശം വർഷിക്കുന്നത് ദർശിച്ചും അവർ പറയുമായിരുന്നു: അശിഖമുഹമ്മദുൻ അലാ റബ്ബിഹീ അതായത് മുഹമ്മദ്ﷺ തന്റെ രക്ഷിതാവിന്റെ പ്രേമിയായി മാറിയിരിക്കുന്നു.

പിന്നീട് സ്വഹാബാക്കൾ ആ സത്യസന്ധതയും സ്നേഹവും ആത്മാർഥതയും മാത്രമല്ല ദർശിച്ചത്, മറിച്ച് നമ്മുടെ നേതാവായ മുഹമ്മദ് നബിﷺയുടെ ഹൃദയത്തിൽ നിന്ന് ഒരു നദി പോലെ കുതിച്ചൊഴുകുന്ന ആ സ്നേഹത്തിന് പകരമായി അല്ലാഹുവിന്റെ സ്നേഹത്തെയും അസാധാരണമായ സഹായങ്ങളുടെ രൂപത്തിൽ അവർ ദർശിച്ചു. അപ്പോൾ ദൈവം ഉണ്ടെന്ന് അവർക്ക് ബോധ്യപ്പെടുകയും, ആ ദൈവം ഈ മനുഷ്യനോടൊപ്പമുണ്ടെന്ന് അവരുടെ ഹൃദയങ്ങൾ വിളിച്ചുപറയുകയും ചെയ്തു. അവർ അത്രയധികം ദിവ്യാത്ഭുതങ്ങളും വാനലോക ദൃഷ്ടാന്തങ്ങളും ദർശിച്ചു. അതോടെ അല്ലാഹു എന്ന് നാമകരണം ചെയ്യപ്പെട്ട ഉന്നതമായൊരു സത്ത യഥാർഥത്തിൽ നിലവിലുണ്ടെന്നും സകല കാര്യങ്ങളും അവന്റെ അധികാരത്തിന് കീഴിലാണെന്നും അവന് അസാധ്യമായി ഒന്നുമില്ലെന്നും ഉള്ള കാര്യത്തിൽ അവർക്ക് യാതൊരു സംശയവുമില്ലാതായി. അതുകാരണം, ഒരാളുടെ സകല സംശയങ്ങളും നീങ്ങുന്നത് വരെ ഒരു മനുഷ്യനും ചെയ്യാൻ സാധിക്കാത്ത അത്രയും വലിയ സത്യസന്ധതയും ആത്മസമർപ്പണവും ത്യാഗസന്നദ്ധതയും അവർ മഹാനായ മാർഗദർശകന്റെ മുമ്പിൽ കൊണ്ടിട്ടു. *(ശഹാത്തുൽഖുർആൻ, റൂഹാനീ ഖസാഇൻ വാല്യം 6 പേജ് 346)*

അനുഭവജ്ഞാനമില്ലാത്തിടത്തോളം ഇക്കാര്യങ്ങൾ സംഭാവ്യമല്ല.

ഹദ്റത്ത് അലി رضي الله عنه നിവേദനം ചെയ്യുന്നു:അദ്ദേഹം പറയുന്നു: ഞാൻ നബിﷺതിരുമേനിയോട് അവിടത്തെ ജീവിതചര്യയെക്കുറിച്ച് ചോദിച്ചപ്പോൾ അതായത് അവിടത്തെ ജീവിതത്തിന്റെ അടിസ്ഥാനമായ വശങ്ങളും രീതികളും എന്താണെന്ന് ആരാഞ്ഞപ്പോൾ അവിടന്ന് ഇപ്രകാരം പറഞ്ഞു: 'ദൈവജ്ഞാനം (മഅ്രിഫത്ത്) എന്റെ മൂലധനമാണ്, ബുദ്ധി എന്റെ ദീനിന്റെ അടിത്തറയാണ്, ദൈവജ്ഞാനം (മഅ്രിഫത്ത്) എനിക്ക് അല്ലാഹു പ്രദാനം ചെയ്തതാണ്. അത് എന്റെ മൂലധനമാണ്, എന്റെ സമ്പത്താണ്. അല്ലാഹുവിനോടുള്ള സ്നേഹമാണ് എന്റെ ജീവിതത്തിന്റെ ആധാരശില. വിവേകം എനിക്ക് അല്ലാഹു പ്രദാനം ചെയ്തതാണ്. അത് ഞാൻ ദൈവസ്നേഹത്തിന് ഉപയോഗിക്കുന്നു. അത് അവൻ നിർദേശിച്ച ആദർശങ്ങൾ അനുസരിച്ച് ജീവിച്ചുകൊണ്ട് ഉപയോഗിക്കുന്നു.അത് എന്റെ ദീനിന്റെ അടിത്തറയാണ്. ദൈവമാർഗത്തിൽ മുന്നേറാനുള്ള താല്പര്യം എന്റെ വാഹനമാണ്. ദൈവമാർഗത്തിലും അല്ലാഹുവിനോടുള്ള സ്നേഹത്തിലും ഞാൻ മുന്നോട്ട് പോയിക്കൊണ്ടിരിക്കണം. ഈ താൽപര്യമാണ് എന്റെ വാഹനം. ഇതിൽ സവാരി ചെയ്തുകൊണ്ട് ഞാൻ നിരന്തരം മുന്നോട്ട് പോകുകയും തീവ്രയത്നം (മുജാഹിദ) നടത്തുകയും ചെയ്യുന്നു. അല്ലാഹുവിന്റെ സ്മരണയാണ് എന്റെ മിത്രവും സങ്കടങ്ങളിൽ സമാശ്വാസം നല്കുന്നവനും.

ആരാണ് എന്റെ സുഹൃത്ത്? ആരാണ് എന്റെ സങ്കടങ്ങളിൽ എനിക്ക് സാന്ത്വനമേകുന്നത്? അത് ദൈവസ്മരണയും അവനെകുറിച്ചുള്ള സ്മരണയും പ്രാർഥനകളും മാത്രമാണ്. ദൈവത്തിലുള്ള വിശ്വാസമാണ് എന്റെ നിധി. ഞാൻ അവനിൽ മാത്രം ഭരമേല്പിക്കുകയും വിശ്വസിക്കുകയും ചെയ്യുന്നു, അതുതന്നെയാണ് എന്റെ നിധിയും. നിങ്ങൾ ചോദിക്കുന്ന ആ വഴിയിൽ ദുഃഖവും സങ്കടവും എന്റെ ചങ്ങാതിമാരാണെന്ന് ഓർക്കുക. ഏതെങ്കിലും ദുഃഖമോ വിഷമമോ എന്നെ ബാധിച്ചാൽ അവ എന്റെ ജീവിതത്തിന്റെ ഭാഗവും കൂടെയുള്ളവയുമാണ്; അല്ലാഹു എന്നോടൊപ്പമുള്ളതിനാൽ ഞാൻ അവയെക്കുറിച്ച് വ്യാകുലപ്പെടുന്നില്ല.'

• ഹദീഥുന്നബ്‌വിﷺ •

"ലാ വസ്വിയ്യത്ത ഇല്ലാ വാരിഥിൻ."
അനന്തരാവകാശികൾക്കുവേണ്ടി
വസ്വിയ്യത്ത് ചെയ്യുന്നത് നിഷിദ്ധമാണ്.

ത്വാലിബെ ദുആ
LATE P.V.SAINAB AND FAMILY
KARULAI, MALAPPURAM

• ഹദീഥുന്നബ്‌വിﷺ •

"ലാ തഉദ് ഫീ സ്വദഖത്തിക്ക."
നല്കിയ ധനം തിരിച്ചു വാങ്ങരുത്.

ത്വാലിബെ ദുആ
PROF.M.K.ABDUL KAREEM AND FAMILY
KARULAI, MALAPPURAM

തുടർന്നു പറയുന്നു:

'അറിവ് (ഇൽമ്) എന്റെ ആയുധമാണ്. അറിവ് നേടാൻ അല്ലാഹു കൽപ്പിച്ചിട്ടുണ്ട്, കാരണം അറിവ് നേടുന്നത് ബുദ്ധിക്ക് തെളിച്ചം നൽകുകയും അല്ലാഹുവിനെക്കുറിച്ചുള്ള തിരിച്ചറിവ് (മഅ്രിഫത്ത്) വർദ്ധിപ്പിക്കുകയും ചെയ്യുന്നു. എനിക്കാണെങ്കിൽ അല്ലാഹു നേരിട്ടാണ് അറിവ് പഠിപ്പിച്ചുതരുന്നത്. അല്ലാഹു നൽകുന്ന അറിവിനേക്കാൾ വലിയ മറ്റേത് ആയുധമാണുള്ളത്? ഇതാണ് എന്റെ ആയുധമെന്നും ഇതിന്റെ ഫലമായാണ് ഞാൻ പുരോഗതി കൈവരിക്കുന്നതെന്നും അവിടുന്ന് അരുളി.

ഭൗതികമായ അറിവുകളുടെ കാര്യത്തിലും അവിടുത്തെ മികവ് നാം കണ്ടതാണ്. മുൻപത്തെ ഖുതുബകളിൽ വിവരിച്ചതുപോലെ, യുദ്ധരംഗങ്ങളിൽ അല്ലാഹു നൽകിയ അറിവ് ഉപയോഗിച്ച് എത്രത്തോളം മികച്ച ആസൂത്രണവും ഉന്നതനിലവാരത്തിലുള്ള പ്ലാനിംഗുമാണ് (planning) അവിടുന്ന് നിർവ്വഹിച്ചിരുന്നത്. അതുപോലെതന്നെ, അവിടുത്തെ പക്കൽ അളവറ്റ ആത്മീയ ജ്ഞാനവുമുണ്ടായിരുന്നു, അതിന് അതിരുകളില്ല. അത് എല്ലാവർക്കും വ്യക്തവും പ്രകടവുമാണ്.

തുടർന്ന് അവിടുന്ന് അരുളി: ക്ഷമ (സബ്ർ) എന്റെ പുതപ്പാണ്. അതായത് എന്റെ വസ്ത്രം ക്ഷമയാണ്. ദൈവഹിതത്തിൽ സംതൃപ്തനായിരിക്കുക (രിസാ) എന്നത് എന്റെ യുദ്ധമുതലാണ് (മാലേ ഗനീമത്ത്). ഞാൻ അല്ലാഹുവിന്റെ ഇഷ്ടത്തിൽ തൃപ്തനായിരിക്കുന്നു, അതാണ് എന്റെ ഏറ്റവും വലിയ സമ്പാദ്യം. ദാരിദ്ര്യം (ഫഖ്ര്) എന്റെ അഭിമാനമാണ്. ഭൗതികമായി ദാരിദ്ര്യമോ സാമ്പത്തിക കുറവോ ഉള്ള അവസ്ഥയാണെങ്കിൽ പോലും അതാണ് എന്റെ അഭിമാനം. ഇത്രയേറെ ദാരിദ്ര്യത്തിലും അല്ലാഹു എന്നെ എണ്ണമറ്റ അനുഗ്രഹങ്ങൾ നൽകി ആദരിച്ചു എന്നതിൽ ഞാൻ അഭിമാനിക്കുന്നു.

ദുനിയാവിനോടുള്ള വിരക്തി (സുഹ്ദ്) എന്റെ കലയാണ്. എന്റെ നൈപുണ്യം എന്നത് സുഹ്ദും തഖ്‌വയുമത്രെ, അത് നേടിയെടുക്കാനാണ് ഞാൻ പരിശ്രമിക്കുന്നത്. ദൃഢവിശ്വാസം (യഖീൻ) എന്റെ കരുത്താണ്. അല്ലാഹുവിലുള്ള പൂർണ്ണമായ വിശ്വാസമാണ് എനിക്ക് ശക്തി പകരുന്നത്. സത്യസന്ധത (സിദ്ഖ്) എന്റെ ശുപാർശകനാണ്. ഞാൻ ഒരിക്കലും തെറ്റായ കാര്യം പറഞ്ഞിട്ടില്ല, സത്യസന്ധതയാണ് എന്റെ ശഫാഅത്തിനുള്ള (ശുപാർശ) മാർഗ്ഗം.

അനുസരണം (ഇത്വാഅത്ത്) എനിക്ക് മതിയായതാണ്. അല്ലാഹുവിന്റെ ഓരോ കൽപ്പനയും പൂർണ്ണമായ അനുസരണത്തോടെ പ്രാവർത്തികമാക്കുന്നവനാണ് ഞാൻ. സമരം (ജിഹാദ്) എന്റെ സ്വഭാവമാണ്. അത് ശാരീരികമായ ജിഹാദാവട്ടെ, അല്ലാഹുവിന്റെ മാർഗ്ഗത്തിലുള്ള ആത്മീയ ജിഹാദാവട്ടെ, അല്ലാഹുവിന്റെ സൃഷ്ടികളുടെ അവകാശങ്ങൾ നിറവേറ്റുന്നതിനുള്ള ജിഹാദാവട്ടെ; അതാണ് എന്റെ സ്വഭാവം. എന്റെ കണ്ണിന് കുളിർമ്മ നൽകുന്നത് നമസ്കാരത്തിലാണ്. മുകളിൽ പറഞ്ഞ കാര്യങ്ങളെല്ലാം ഉണ്ടെങ്കിലും എന്റെ കണ്ണിന്റെ യഥാർത്ഥ കുളിർമ്മ നമസ്കാരമാണ്. അല്ലാഹുവിന്റെ സാമീപ്യം സിദ്ധിക്കുക, അവനെ ആരാധിക്കുക, അവനോടുള്ള സ്നേഹം പ്രകടിപ്പിക്കുക എന്നതാണ് അതിലൂടെ ലക്ഷ്യമാക്കുന്നത്.'

മറ്റൊരു ഹദീസിൽ നബി കരീം ﷺ അരുളി: 'എന്റെ ഹൃദയത്തിന്റെ ഫലം അല്ലാഹുവിന്റെ ദിക്ർ (സ്മരണ) ആണ്, എന്റെ ആഗ്രഹം എന്റെ റബ്ബിലുമാണ്.'

(അശ്ശിഫാ ബി തഅ്‌രീഫി ഹുഖൂഖിൽ മുസ്തഫ ഖാസി ഇയാള്)

ഇതായിരുന്നു നബിതിരുമേനിﷺയുടെ ചര്യയും അല്ലാഹുവിനോടുള്ള സ്നേഹത്തിന്റെ മാതൃകയും, അതിന്റെ ചില ഉദാഹരണങ്ങളാണ് ഞാൻ സമർപ്പിച്ചത്. ഈ മാതൃകയുടെ സ്വാധീനം കാരണമാണ് സ്വഹാബാക്കളിൽ ഒരു വിപ്ലവമുണ്ടായത്. മുമ്പേ സങ്കൽപ്പിക്കാൻ പോലും കഴിയാത്ത അത്രയും വലിയൊരു സ്ഥാനം അവർക്ക് ലഭിച്ചു. ഹദ്റത്ത് മസീഹ് മൗഊദ്ؑ മുമ്പേ പ്രസ്താവിച്ചതുപോലെ, നബിﷺ തിരുമേനിയുടെ സത്യദാസനായ ഹദ്റത്ത് മസീഹ് മൗഊദ്ؑ സ്വീകരിച്ചത് ഇതേ പൂർണവും സമ്പൂർണവുമായ അധ്യാപനമാണ്. അദ്ദേഹം ഒരിടത്ത് ഇപ്രകാരം അരുളിച്ചെയ്യുന്നു, 'നബിﷺ തിരുമേനിയെ പൂർണമായി പിന്തുടർന്നതിനാലാണ് അല്ലാഹു തന്നെ അനുഗ്രഹിച്ചത്. പഞ്ചാബിയിലുള്ള ഒരു കവിതാശകലം സ്വപ്നത്തിൽ രണ്ടുതവണ തനിക്ക് നല്കപ്പെട്ടുവെന്ന് അദ്ദേഹം പറഞ്ഞു. അതിലൊന്ന് ഇതാണ്:

**ജേ തൂ മേരാ ഹോ രഹേ(ൻ), സബ് ജഗ് തേരാ ഹൊ**

*നീ എന്റേതാകുകയാണെങ്കിൽ ലോകം മുഴുവൻ നിന്റേതാകും.*

മറ്റൊരിക്കൽ വിശാലമായ ഒരു മൈതാനത്ത് ദൈവസ്നേഹത്താൽ ഉന്മത്തനായ ഒരാൾ തന്റെ അടുത്തേക്ക് വരുന്നത് കണ്ടുവെന്നും അദ്ദേഹം പറഞ്ഞു. അടുത്തെത്തിയപ്പോൾ അയാൾ ഇപ്രകാരം ഒരു കവിത ചൊല്ലി:

**ഇശ്ഖെ ഇലാഹി വസ്സെ മു: പർ വലിയാ ഈഹ: നിശാനി**
*(തദ്കിറ പേജ് 439-440, 2023 പതിപ്പ്)*

ദൈവസ്നേഹം മുഖത്ത് പ്രകാശിക്കുന്നു, അതാണ് ഔലിയാക്കളുടെ അടയാളം. അതായത്, വലിയ്യുമാരുടെ അടയാളം അവരുടെ മുഖത്ത് ദൈവസ്നേഹം വർഷിക്കുന്നു എന്നതാണ്. എന്നെ കണ്ടപ്പോൾ അദ്ദേഹത്തിന് ദൈവസ്നേഹത്തിന്റെ പ്രകാശം ദൃശ്യമായതിനാലാണ് അദ്ദേഹം അപ്രകാരം പറഞ്ഞത്. തനിക്ക് ലഭിച്ചതെല്ലാം നബിﷺതിരുമേനിയെ പിന്തുടർന്നതിലൂടെയാണ് ലഭിച്ചതെന്ന് അദ്ദേഹം മറ്റൊരിടത്ത് പറഞ്ഞിട്ടുണ്ട്. *(ഹഖീഖതുൽ വഹ്‌യ്, റൂഹാനി ഖസാഇൻ, ഭാഗം: 22, പേജ്: 64)*

ഇതായിരുന്നു അദ്ദേഹത്തിന്റെ ജീവിതമാതൃക, അതുകൊണ്ടാണ് അദ്ദേഹം ഒരു ജമാഅത്ത് സ്ഥാപിച്ചത്.

നമ്മൾ നബിﷺതിരുമേനിയുടെ യഥാർത്ഥ അനുയായികളാണെന്ന് അവകാശപ്പെടുമ്പോൾ, അവിടത്തെ സത്യസന്ധനായ ദാസന്റെ കൈകളിൽ ബയ്അത്ത് ചെയ്ത് നമ്മുടെ ജീവിതം ദൈവകല്പനകൾക്ക് അനുസൃതമായി മാറ്റാൻ കരാർ ചെയ്തിട്ടുള്ളവരാണ് നമ്മൾ. അതിനാൽ ഓരോ കാര്യവും അല്ലാഹുവിനായി മാത്രം ചെയ്യാനും അവന്റെ സ്നേഹത്തിൽ മുന്നേറാനും നമ്മൾ ശ്രദ്ധിക്കണം. അപ്രകാരം ചെയ്യുമ്പോൾ മാത്രമേ നമുക്ക് അല്ലാഹുവിന്റെ അനുഗ്രഹങ്ങൾക്ക് അർഹരാകാൻ സാധിക്കൂ. നബിﷺതിരുമേനിയുടെ ഉമ്മത്തിൽപ്പെട്ടവർ എന്ന നിലയിലുള്ള അവകാശം ശരിയായി നിറവേറ്റാനും ഹദ്റത്ത് മസീഹ് മൗഊദ്ؑന്റെ ബയ്അത്തിൽ വന്നതിന്റെ കടമ പൂർത്തിയാക്കാനും യഥാർഥ അനുയായികളിൽ ഉൾപ്പെടാനും അപ്പോൾ മാത്രമേ സാധിക്കൂ. അല്ലാഹു നമുക്ക് അതിന് തൗഫീഖ് നല്കുമാറാകട്ടെ.

പാകിസ്താനിലെ അഹ്മദികൾക്കുവേണ്ടി ഈ ദിവസങ്ങളിൽ പ്രാർഥിക്കുക. രണ്ടു ദിവസം മുമ്പേ മുബാറക് ഥാനി സാഹിബിന്റെ കേസിൽ സെഷൻസ് ജഡ്ജി അദ്ദേഹത്തിന് ജീവപര്യന്തം തടവ് വിധിച്ചിരിക്കുന്നു. ഖുർആൻ കൈവശം വച്ചു, അത് വായിക്കുകയും കുട്ടികളെ പഠിപ്പിക്കുകയും ചെയ്തു എന്നതാണ് ആരോപണം. ഇതാണ് അവിടെയുള്ള കോടതികളുടെ അവസ്ഥ. ഇവരിൽനിന്ന് എന്ത് നന്മയാണ് പ്രതീക്ഷിക്കാൻ കഴിയുക? ഇതൊരു പരിഹാസ്യമായ വിധിയാണെന്ന് ഇതര വിഭാഗങ്ങളിൽപ്പെട്ട എഴുത്തുകാർ പോലും രേഖപ്പെടുത്തിയിട്ടുണ്ട്. ചില മൗലവിമാർ ഈ വിധിയെ പുകഴ്ത്തുന്നുവെങ്കിലും നീതിബോധമുള്ളവർ ഇതിനെ പരിഹസിക്കുന്നു. ഖുർആൻ വീട്ടിൽ വെക്കുന്നതും കുട്ടികളെ പഠിപ്പിക്കുന്നതും ഇത്ര വലിയ കുറ്റമാണോ എന്ന് ചിലർ ചോദിക്കുന്നു. ഈ നാമധാരികളായ പണ്ഡിതന്മാരുടെയും അവരുടെ അനുയായികളുടെയും അവസ്ഥ ഇതാണ്. ഭരണകൂടവും ഭരണസംവിധാനവും ഈ മൗലവിമാരുടെ പിന്നാലെയാണ് പോകുന്നത്. എന്തായാലും നമുക്ക് പ്രാർഥിക്കാം, അല്ലാഹു അവരെ എത്രയും വേഗം പിടികൂടുമാറാകട്ടെ. അല്ലാഹുവിന്റെ ശിക്ഷ തീർച്ചയായും അവർക്ക് ലഭിക്കുന്നതാണ്. അതിന്റെ ലക്ഷണങ്ങൾ കണ്ടുതു

ശേഷം പേജ് 17 ൽ

• ഹദീഥുന്നബ്‌വിﷺ •

"സ്വൂമൂ തസ്വിഹ്ഹു"
നോമ്പനുഷ്ഠിക്കുക, ആരോഗ്യം നേടുക.

ത്വാലിബെ ദുആ
RAHMAN SHAKEER & FAMILY
AHMADIYYAJAMA-ATHKARULAI, KERALA

• ഹദീഥുന്നബ്‌വിﷺ •

"അൽ അയ്നു ഹഖ്ഖുൻ."
കണ്ണേറ് യാഥാർഥ്യമാണ്.

ത്വാലിബെ ദുആ
P. ABDULAMEER
AHMADIYYAJAMA-ATHMANJERY, KERALA

# ഖുത്വ്ബ ജുമുഅ

**2026 ജനുവരി 2, 1405 സുൽഹ് 2 മസ്ജിദ് മുബാറക്, ഇസ്‌ലാമാബാദ്, ടിൽഫോർഡ് (സറേ), യു.കെ**

നമ്മുടെ സ്വർഗ്ഗം നമ്മുടെ ദൈവമാണ്. നമ്മുടെ പരമമായ ആനന്ദം നമ്മുടെ ദൈവത്തിലാണ്. കാരണം നമ്മൾ അവനെ കണ്ടു, എല്ലാ സൗന്ദര്യവും അവനിൽ കണ്ടെത്തി. ജീവൻ നൽകേണ്ടി വന്നാലും ഈ സമ്പത്ത് നേടേണ്ടതാണ്. ശരീരം മുഴുവൻ നഷ്ടപ്പെട്ടാലും ഈ രത്നം (ലഅ്ൽ) വാങ്ങേണ്ടതാണ്. ഹേ ഹതഭാഗ്യരേ! നിങ്ങളെ ദാഹശമിപ്പിക്കാൻ ആ നീരുറവയിലേക്ക് ഓടിയടുക്കൂ. ഇതാണ് നിങ്ങളെ രക്ഷിക്കുന്ന ജീവന്റെ നീരുറവ. ഞാൻ എന്ത് ചെയ്യും? എങ്ങനെയാണ് ഈ സുവാർത്ത നിങ്ങളുടെ ഹൃദയങ്ങളിൽ എത്തിക്കുക? ഏത് പെരുമ്പറയടിച്ചാണ്ഞാൻ തെരുവുകളിൽ വിളിച്ചു പറയുകഇതാ നിങ്ങളുടെ ദൈവം എന്ന്! ഏത് മരുന്ന് കൊണ്ടാണ് കേൾക്കാൻ വേണ്ടി ഞാൻ ജനങ്ങളുടെ കാതുകൾ ചികിത്സിക്കുക? (ഹദ്റത്ത് മസീഹ് മൗഊദ് ؑ)

ഈ കാലഘട്ടത്തിൽ തിരുനബിﷺയുടെ സത്യസന്ധനായ ദാസന്റെ പ്രവൃത്തികളിലും തന്റെ യജമാനനോടുള്ള പൂർണ്ണമായ അനുസരണത്തിലും അനുധാവനത്തിലും ആ ദൈവസ്നേഹത്തിന്റെ അനുരണങ്ങൾ നമുക്ക് കാണാൻ സാധിക്കും.

നീ കൈവിടപ്പെട്ടവനാണ് (മഖ്ദൂൽ), നിന്റെ യാതൊരു ആഗ്രഹവും നമ്മൾ നിറവേറ്റുകയില്ല' എന്ന് അല്ലാഹു എന്നോട് നേരിട്ട് പറഞ്ഞാൽ പോലും, ദൈവത്തോടുള്ള എന്റെ സ്നേഹത്തിലും മതസേവനത്തിലും യാതൊരു കുറവും വരികയില്ലെന്ന് ദൈവനാമത്തിൽ ഞാൻ സത്യം ചെയ്യുന്നു.
(സീറത്ത് മസീഹ് മൗഊദ്ؑ, അബ്ദുൽകരീം സാഹിബ് സിയാൽക്കോട്ടിؓപേജ് 53)

തന്റെ ഏറ്റവും വലിയ പ്രിയപ്പെട്ടവനായ അല്ലാഹുവോടുള്ള സ്നേഹം അവിടുത്തെ (ഹദ്റത്ത് മസീഹ് മൗഊദ് അ) ആത്മാവിന്റെയും ശരീരത്തിന്റെയും ഓരോ അണുവിലും അലതല്ലിയിരുന്നു. അവിടുത്തെ ഓരോ വാക്കിലും പ്രവൃത്തിയിലും അത് തെളിഞ്ഞുനിന്നു. നമസ്കാര സമയത്തല്ലാതെയും അവിടുന്ന് തന്റെ റബ്ബിനെ നെഞ്ചുരുകി വിളിക്കുന്നത് ഞാൻ കേട്ടിട്ടുണ്ട്.

അവിടുന്ന് തന്റെ യജമാനനായ ഹദ്റത്ത് മുഹമ്മദ് മുസ്തഫ ﷺ യെ പിൻതുടർന്ന് ബാല്യകാലവും യൗവനവും മുതൽക്കേ ദൈവസ്നേഹത്തിലാണ് സമയം ചിലവഴിച്ചത്.

ഡൽഹൗസി (Dalhousie) സന്ദർശിക്കാൻ അവസരമുണ്ടായപ്പോഴെല്ലാം പച്ചപ്പും മലനിരകളും ഒഴുകുന്ന അരുവികളും കാണുമ്പോൾ സ്വയമറിയാതെ തന്റെ മനസ്സിൽ അല്ലാഹുവിനെ സ്തുതിക്കാനുള്ള ആവേശം ഉണ്ടാകുമായിരുന്നു. ആരാധനകളിൽ (ഇബാദത്ത്) പ്രത്യേക അനുഭൂതി ലഭിക്കുമായിരുന്നു. ഏകാന്തതയ്ക്ക് പറ്റിയ നല്ലൊരിടമാണത്.
(ഹദ്റത്ത് മസീഹ് മൗഊദ് ؑ)

അല്ലാഹുവോടുള്ള സ്നേഹം അവിടുത്തെ ആത്മാവിന്റെയും ശരീരത്തിന്റെയും ഓരോ അണുവിലും അലതല്ലിയിരുന്നു. അവിടുത്തെ ഓരോ വാക്കിലും പ്രവൃത്തിയിലും അത് തെളിഞ്ഞുനിന്നു. അവിടുന്ന് പ്രാർത്ഥനയിൽ തേങ്ങിക്കരഞ്ഞുകൊണ്ട് വിളിക്കുമായിരുന്നു. **'മേരേ പ്യാരേ അല്ലാഹ്, മേരേ പ്യാരേ അല്ലാഹ്, മേരേ പ്യാരേ അല്ലാഹ്'** (എന്റെ പ്രിയപ്പെട്ട അല്ലാഹുവേ) എന്ന് അവിടുന്ന് വിളിക്കുമായിരുന്നു. അവിടുന്ന് റസൂൽ ﷺതിരുമേനിയിൽ പ്രണയബദ്ധനായിരുന്നു. തന്റെ നാഥനിൽ അനുരക്തനായിരുന്നു. അവിടുത്തെ മുഖത്ത് ആ പ്രണയദീപതി പ്രകടമായിരുന്നു. ആ വെളിച്ചമായിരുന്നു അവിടുത്തെ നാവിൽനിന്ന് ഒഴുകിയിരുന്നത്. അവിടുത്തെ വാക്കുകളിൽ ആ പ്രകാശത്തിന്റെ നീരുറവകൾ നിർഗമിക്കുന്നുണ്ടായിരുന്നു; എന്നാൽ ആത്മീയമായി അന്ധരായവർക്ക് അത് കാണാൻ കഴിഞ്ഞില്ല.
(രിവായാത്ത് ഹ.നവാബ് മുബാറക ബേഗം സാഹിബ ؓ)

ഞാൻ കാണുന്നത് എന്തെന്നാൽ ലോകം എന്നെ മറക്കുമ്പോൾ, എന്റെ സുഹൃത്തുക്കൾക്കോ ശത്രുക്കൾക്കോ ഞാൻ ഏത് അവസ്ഥയിലാണെന്ന് പോലും അറിയാത്ത നേരത്ത്, നീ എന്നെ ഉണർത്തുകയും അത്യന്തം സ്നേഹത്തോടെയും കരുണയോടെയും **ദുഃഖിക്കേണ്ട, ഞാൻ നിന്റെ കൂടെയുണ്ട്** എന്ന് ആശ്വസിപ്പിക്കുകയും ചെയ്യുന്നു. എന്റെ രക്ഷിതാവേ! ഇത്ര വലിയ അനുഗ്രഹങ്ങൾ ഉണ്ടായിരിക്കെ എനിക്ക് നിന്നെ എങ്ങനെ ഉപേക്ഷിക്കാൻ കഴിയും? ഒരിക്കലുമില്ല, ഒരിക്കലുമില്ല!
(ഹദ്റത്ത് മസീഹ് മൗഊദ് ؑ)

**ഹദ്റത്ത് മസീഹ് മൗഊദ്ؑന്റെ ദൈവാനുരാഗം**

നവവത്സരത്തിൽ പ്രാർഥനാ നിരതരാകാനുള്ള ആഹ്വാനം :അല്ലാഹു ശത്രുക്കളുടെയും എതിരാളികളുടെയും പദ്ധതികളെ തകർക്കുകയും ജമാഅത്തിന് മുൻപത്തേക്കാൾ വലിയ പുരോഗതികൾ നൽകുകയും ചെയ്യട്ടെ.

ഹദ്റത്ത് മസീഹ് മൗഊദ് ؑന്റെ പ്രപൗത്രി റൈഹാന ബാസിമ സാഹിബ (സയ്യിദ് അഹ്മദ് നാസിർ സാഹിബി ന്റെ പത്നി), ലൈബീരിയയിലെ ലജ്ന ഇമാഉല്ലാഹ് നാഷണൽ പ്രസിഡന്റ് ഇഫത്ത് ഹലീം സാഹിബ, ഈജിപ്തിലെ അബ്ദുൽ അലീം അൽബർബരി സാഹിബ് എന്നിവരുടെ അനുസ്മരണവും ജനാസ ഗാഇബ് നമസ്കാരവും

**ഖുത്ബ ജുമുഅ സയ്യിദുനാ അമീറുൽ മുഅ്മിനീൻ ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ്**
**ایدہ اللہ تعالیٰ بنصرہ العزیز**

اَشْھَدُ اَنْ لَّآ اِلٰهَ اِلَّا اللّٰهُ وَحْدَهٗ لَا شَرِيْكَ لَهٗ وَاَشْھَدُ اَنَّ مُحَمَّدًا عَبْدُهٗ وَرَسُوْلُهٗ
اَمَّا بَعْدُ فَاَعُوْذُ بِاللّٰهِ مِنَ الشَّيْطٰنِ الرَّجِيْمِ ○ بِسْمِ اللّٰهِ الرَّحْمٰنِ الرَّحِيْمِ ○
اَلْحَمْدُ لِلّٰهِ رَبِّ الْعٰلَمِيْنَ ○ الرَّحْمٰنِ الرَّحِيْمِ ○ مٰلِكِ يَوْمِ الدِّيْنِ ○ اِيَّاكَ نَعْبُدُ وَاِيَّاكَ نَسْتَعِيْنُ ○
اِھْدِنَا الصِّرَاطَ الْمُسْتَقِيْمَ ○ صِرَاطَ الَّذِيْنَ اَنْعَمْتَ عَلَيْهِمْ ۙ غَيْرِ الْمَغْضُوْبِ عَلَيْهِمْ وَلَا الضَّآلِّيْنَ ○

കഴിഞ്ഞ ഖുതുബയിൽ ദൈവസ്നേഹം എന്ന വിഷയത്തിൽ തിരുനബിﷺയുടെ ഉദാത്തമായ മാതൃകയെക്കുറിച്ച് ചില കാര്യങ്ങൾ വിവരിക്കുകയുണ്ടായി. ഈ കാലഘട്ടത്തിൽ തിരുനബിﷺയുടെ സത്യസന്ധനായ ദാസന്റെ പ്രവൃത്തികളിലും തന്റെ യജമാനനോടുള്ള പൂർണ്ണമായ അനുസരണത്തിലും അനുധാവനത്തിലും ആ ദൈവസ്നേഹത്തിന്റെ അനുരണങ്ങൾ നമുക്ക് കാണാൻ സാധിക്കും.

ഈ ഉദാഹരണങ്ങൾ ഇന്നും നിലനിൽക്കുന്നു. അതായത്, അല്ലാഹുവിനോടുള്ള സ്നേഹത്തിന്റെ ഉന്നത നിലവാരങ്ങളുടെ ഫലമായി അവിടുത്തേക്ക് ലഭിച്ച ദിവ്യാനുഗ്രഹങ്ങളും അല്ലാഹുവിനോട് അവിടുത്തേക്കുണ്ടായിരുന്ന സ്നേഹവും ജനങ്ങൾ പോലുംഅനുഭവിച്ചറിഞ്ഞിരുന്നു. എങ്കിലുംബാക്കി സംഭവങ്ങൾ വിവരിക്കുന്നതിന് മുൻപ്, ഹദ്റത്ത്മസീഹ്മൗഊദ്ؑന്റെതന്നെ വാക്കുകളിൽആ സ്നേഹത്തെ ക്കുറിച്ച് ഞാൻ പരാമർശിക്കാം. അവിടുന്ന് ഒരിടത്ത് ഇപ്രകാരം പറയുന്നു:

എന്റെ ഏത് പ്രവൃത്തി കാരണമാണ് ദൈവീകമായ ഈ

അനുഗ്രഹം എനിക്ക് ലഭിച്ചതെന്ന് വിവരിക്കാൻ എനിക്ക് കഴിയില്ല. എന്നാൽ പ്രകൃത്യാതന്നെ എന്റെ ഹൃദയത്തിന്അല്ലാഹുവോട് വിശ്വസ്തതനിറഞ്ഞഒരു ആകർഷണമുണ്ടെന്ന് ഞാൻ അനുഭവിക്കുന്നു; ആ ആകർഷണത്തെ തടയാൻ ഒന്നിനും സാധിക്കില്ല. അതിനാൽ ഇതെല്ലാം അവന്റെ കൃപ മാത്രമാണ്. *(കിതാബുൽ ബരിയ്യ, റൂഹാനീ ഖസാഇൻ വാല്യം 13, പേജ് 195-196)*

അല്ലാഹു എന്നോട് ചെയ്ത വലിയ ഔദാര്യം ആണത്.

കഴിഞ്ഞ ഖുതുബയിൽ ഞാൻ സൂചിപ്പിച്ചതുപോലെ,അല്ലാഹുവിന്റെപ്രിയപ്പെട്ട നബിﷺയെ പൂർണ്ണമായി പിൻതുടരുന്നവനും അവിടുത്തെ സ്നേഹിക്കുന്നവനും ആയതുകൊണ്ടാണ് തനിക്ക് ഇതെല്ലാം ലഭിച്ചതെന്നും അതിന്റെ ഫലമായി അല്ലാഹുവിന്റെ സ്നേഹകവാടങ്ങൾ തനിക്ക് മുന്നിൽ തുറന്നുകൊണ്ടിരുന്നുവെന്നും അതിന്റെ ഗ്രാഹ്യംഎന്നിൽ ഉദ്ഭവിച്ചുവെന്നുംപിന്നീട്അല്ലാഹുവിന്റെഅനുഗ്രഹമാകുന്നമഴ എന്റെമേൽ വർഷിച്ചുകൊണ്ടിരുന്നുവെന്നും അവിടുന്ന് പലയിടത്തും പ്രകടിപ്പിച്ചിട്ടുണ്ട്.

അവിടുത്തെ ഈ ഹൃദയാവസ്ഥയെയും ജീവിതചര്യയെയും കുറിച്ച് വിവരിക്കവെ ഹദ്റത്ത് ശൈഖ് യഅ്ഖൂബ് അലി സാഹിബ് ഇപ്രകാരം എഴുതുന്നു: ഹദ്റത്ത് മസീഹ് മൗഊദ് عليه السلام എഴുതിയിട്ടുണ്ട്,

اَلْمَسَاجِدُ مَكَانِي وَالصَّالِحُونَ الحَوَانِي وَذِكْرَ اللّٰهِ
مَالِي وَخَلَقَ اللّٰهِ عَيَانِي

മസ്ജിദുകളാണ് എന്റെ വാസസ്ഥലം, സജ്ജനങ്ങളാണ് എന്റെ സഹോദരങ്ങൾ, ദൈവസ്മരണയാണ് എന്റെ ധനം, അവന്റെ സൃഷ്ടികളാണ് എന്റെ കുടുംബം.

*(സീറത്ത് ഹദ്റത്ത് മസീഹ് മൗഊദ്عليه السلام,ശെയ്ഖ് യഅ്ഖൂബ് അലി സാഹിബ് ഇർഫാനീ, ഭാഗം 3, പേജ് 402)* അതായത്, അവിടുന്ന് പ്രസ്താവിച്ച ഇതെല്ലാം തന്നെ അല്ലാഹു എന്ന കേന്ദ്രബിന്ദുവിന് ചുറ്റുമാണ് കറങ്ങുന്നത്. ഹദ്റത്ത് മസീഹ് മൗഊദ് عليه السلام ഒരിടത്ത് വിവരിക്കുന്നു:

നമ്മൾ ഏതൊരു വസ്തുവിനെയും സ്നേഹിക്കുന്നത് അല്ലാഹുവിന് വേണ്ടി മാത്രമാണ്. ഭാര്യയായാലും മക്കളായാലും സുഹൃത്തുക്കളായാലും അവരുമായുള്ള നമ്മുടെ എല്ലാ ബന്ധങ്ങളും അല്ലാഹുവിന് വേണ്ടിയുള്ളതാണ്. *(മൽഫൂദാത്ത് വാല്യം 1, പേജ് 423, 2022 പതിപ്പ്)*

ഇതാണ് അല്ലാഹു നൽകിയിട്ടുള്ള അധ്യാപനം. ഈ അധ്യാപനത്തെ പ്രചരിപ്പിക്കാൻ തിരുനബി ﷺ കല്പിച്ചു. ഈ കാലഘട്ടത്തിൽ തിരുനബി ﷺ യോടുള്ള അനുസരണത്തിലൂടെ ഹദ്റത്ത് മസീഹ് മൗഊദ് عليه السلام ന്റെ പ്രവൃത്തികളിലൂടെയാണ് ഇത് ഏറ്റവും കൂടുതൽ പ്രകടമാകുന്നത്.

ഹദ്റത്ത് അഖ്ദസ് മസീഹ് മൗഊദ് عليه السلام ഒരിടത്ത് ഇപ്രകാരം വിവരിക്കുന്നു:

സത്യസന്ധർ പരീക്ഷണഘട്ടങ്ങളിലും ഉറച്ചുനിൽക്കുന്നു. അന്തിമമായി ദൈവം നമ്മുടെ സഹായിയായിരിക്കുമെന്ന് അവർക്കറിയാം. ഇത്രയും ഉത്തമരായ സുഹൃത്തുക്കളുടെ സാന്നിധ്യത്തിന് ഈ വിനീതൻ അല്ലാഹുവിനോട് നന്ദി പറയുന്നുണ്ടെങ്കിലും, ഒരാൾ പോലും കൂടെ നിന്നില്ലെങ്കിലും എല്ലാവരും എന്നെ വിട്ടുപിരിഞ്ഞ് തങ്ങളുടെ വഴിക്ക് പോയാലും എനിക്ക് ലേശം പോലും ഭയമില്ല എന്നതാണ് എന്റെ വിശ്വാസം. അല്ലാഹു എന്റെ കൂടെയുണ്ടെന്ന് എനിക്കറിയാം. ഞാൻ പീഡിപ്പിക്കപ്പെടുകയും തകർക്കപ്പെടുകയും അണുവിനേക്കാൾ ഒരു നിസ്സാരനാക്കപ്പെടുകയും എല്ലാ ഭാഗത്തുനിന്നും ഉപദ്രവങ്ങളും ചീത്തവിളികളും ശാപങ്ങളും ഏറ്റുവാങ്ങേണ്ടിവന്നാലും ഒടുവിൽ ഞാൻ തന്നെ വിജയിക്കും. എന്റെ കൂടെയുള്ളവനല്ലാതെ മറ്റാരും എന്നെ അറിയുന്നില്ല; ഞാൻ ഒരിക്കലും പാഴായിപോവുകയില്ല.ശത്രുക്കളുടെശ്രമങ്ങൾവ്യർത്ഥമാണ്, അസൂയക്കാരുടെ പദ്ധതികൾ നിഷ്ഫലവുമാണ്. ഹേ അറിവില്ലാത്തവരേ, അന്ധരേ! എനിക്ക്മുൻപ്ഏത്സത്യവാദിയാണ് പാഴായി പോയിട്ടുള്ളത്, ഞാൻ പാഴായിപോകാൻ? ഏത് വിശ്വസ്തനെയാണ് ദൈവം നിന്ദ്യനായി നശിപ്പിച്ചിട്ടുള്ളത്, എന്നെ നശിപ്പിക്കാൻ? തീർച്ചയായും ഓർക്കുക, കാതുതുറന്ന് കേൾക്കുക; എന്റെ ആത്മാവ് നശിച്ചുപോകുന്ന ഒന്നല്ല, എന്റെ പ്രകൃതത്തിൽ പരാജയത്തിന്റെ അംശമില്ല. പർവ്വതങ്ങൾ പോലും നിസ്സാരമായിപ്പോകുന്നഅത്രയും ധൈര്യവും സത്യസന്ധതയും എനിക്ക്നൽകപ്പെട്ടിട്ടുണ്ട്. ഞാൻ ആരെയും ഗൗനിക്കുന്നില്ല. ഞാൻ തനിച്ചായിരുന്നു, തനിച്ചായിരിക്കുന്നതിൽ എനിക്ക് അതൃപ്തിയുമില്ലായിരുന്നു. ദൈവം എന്നെ കൈവിടുമോ? ഒരിക്കലുമില്ല. അവൻഎന്നെനശിപ്പിക്കുമോ? ഒരിക്കലുമില്ല. ശത്രുക്കൾഅപമാനിതരാകും,അസൂയക്കാർ ലജ്ജിതരാകും. ദൈവം തന്റെ ദാസന് എല്ലാ മേഖലകളിലും വിജയം നൽകും. ഞാൻ അവനോടൊപ്പമാണ്, അവൻ എന്നോടൊപ്പവുമാണ്; യാതൊന്നിനും ഞങ്ങളുടെ ബന്ധം തകർക്കാൻ കഴിയില്ല.

അവന്റെ പ്രതാപത്തെയും പ്രൗഢിയെയുംചൊല്ലി സത്യം, ഇഹലോകത്തിലുംപരലോകത്തിലുംഅവന്റെ ദീനിന്റെ മഹത്വം പ്രകടമാകുന്നതിനേക്കാളും അവന്റെ പ്രതാപം തിളങ്ങുന്നതിനേക്കാളും അവന് ആധിപത്യം ലഭിക്കുന്നതിനേക്കാളുംപ്രിയപ്പെട്ടതായി എനിക്ക് മറ്റൊന്നുമില്ല.അവന്റെഅനുഗ്രഹത്താൽ ഒരുപരീ ക്ഷണത്തെയും ഞാൻ ഭയക്കുന്നില്ല.അത് ഒന്നല്ല കോടിക്കണക്കിന് പരീക്ഷണങ്ങൾ ആയാലും ശരി. പരീക്ഷണ മേഖലകളിലും പ്രയാസങ്ങളുടെ വനാന്തരങ്ങളിലും എനിക്ക് ശക്തി നൽകപ്പെട്ടിട്ടുണ്ട്.

ഒരു പേർഷ്യൻ കവിതയിൽ അവിടുന്ന് ഇപ്രകാരം വിവരിക്കുന്നു:

من پشت بيني جنگ روز کہ آنستم نہ من
سرے بيني خون وخاک کاندر ميان منم آن

(അതായത്: യുദ്ധദിവസം എന്റെ പിൻഭാഗം നീ കാണുമെന്ന് കരുതേണ്ട; മറിച്ച് മണ്ണിലും രക്തത്തിലും കുളിച്ചുകിടക്കുന്ന എന്റെ ശിരസ്സായിരിക്കും നീ കാണുക.)

അവിടുന്ന് ജമാഅത്തിനോട് ഇപ്രകാരം പറയുന്നു: ദൈവസ്നേഹത്തിൽ എന്റെ അവസ്ഥ ഇതാണ്. അതിനാൽ ആരെങ്കിലും എന്റെ പാത പിന്തുടരാൻ ആഗ്രഹിക്കുന്നില്ലെങ്കിൽ അവർ എന്നിൽ നിന്ന് വേർപിരിഞ്ഞുകൊള്ളട്ടെ. കഷ്ടപ്പാടുകൾ വരികതന്നെ ചെയ്യും. എനിക്ക് ഇനിയും കടന്നുപോകേണ്ട ഭയാനകമായ കാടുകളും മുള്ളുകൾ നിറഞ്ഞ താഴ്‌വരകളും ഏതൊക്കെയാണെന്ന് എനിക്കറിയില്ല.

തുടർന്ന് അവിടുന്ന് വിവരിക്കുന്നു: ഭൂകമ്പങ്ങളെ നമുക്ക് ഭയപ്പെടാൻ കഴിയുമോ? ദൈവമാർഗ്ഗത്തിലെ പരീക്ഷണങ്ങളെ നമ്മൾ ഭയപ്പെടുകയോ? നമ്മുടെ പ്രിയപ്പെട്ട ദൈവത്തിന്റെ ഏതെങ്കിലും പരീക്ഷണത്താൽ നമുക്ക് അവനിൽ നിന്ന് അകലാൻ കഴിയുമോ? ഒരിക്കലുമില്ല.

*(അൻവാറുൽഇസ്‌ലാം, റൂഹാനീ ഖസാഇൻ വാല്യം 9, പേജ് 23-24)* ഹദ്റത്ത് മിർസാ ബശീർ അഹ്മദ് സാഹിബ്رضي الله عنه ഒരു സംഭവം വിവരിക്കുന്നു. അല്ലാഹുവോടുള്ള സ്നേഹത്തെയും ദീനിന് വേണ്ടിയുള്ള ത്യാഗമനോഭാവത്തെയും കുറിച്ച് വിവരിച്ചുകൊണ്ട് അദ്ദേഹം പറയുന്നു: മൗലവി സർവർ ഷാ സാഹിബ് എന്നോട് ഇപ്രകാരം പറഞ്ഞു: ഗുർദാസ്പൂരിൽ കരം ദീനുമായുള്ള കേസ് നടന്നിരുന്ന ദിവസങ്ങളിൽ, മജിസ്ട്രേറ്റ് വിചാരണ തീയതി നിശ്ചയിച്ചിരുന്നു. ഹദ്റത്ത് സാഹിബ് ഖാദിയാനിലായിരുന്നു.

അടുത്ത വിചാരണയിൽ ചില ഉദ്ധരണികൾ (ഹവാലകൾ) ഹാജരാക്കേണ്ടിയിരുന്നതിനാൽ, രണ്ട് ദിവസം മുൻപേ എന്നെ ഗുർദാസ്പൂരിലേക്ക് അയച്ചു, അവിടെപ്പോയി അവ തയ്യാറാക്കി വെക്കാൻ അവിടുന്ന് നിർദ്ദേശിച്ചു. ഹുസൂർ എന്നോടൊപ്പം ശൈഖ് ഹാമിദ് അലിയെയും അബ്ദുറഹീം പാചകക്കാരനെയും ഗുർദാസ്പൂരിലേക്ക് അയച്ചു. ഞങ്ങൾ ഗുർദാസ്പൂരിലെ വീട്ടിലെത്തിയപ്പോൾ താഴെ നിന്ന് മർഹൂം ഡോക്ടർ മുഹമ്മദ് ഇസ്മായിൽ ഖാൻ സാഹിബിനെ വിളിച്ചു. അദ്ദേഹം താഴെ വന്ന് വാതിൽ തുറക്കാനായിരുന്നു അത്. ഡോക്ടർ സാഹിബ് ആ സമയം വീടിന് മുകൾ നിലയിലായിരുന്നു. ഞങ്ങൾ വിളിച്ചതും അദ്ദേഹം അത്യന്തം അസ്വസ്ഥനായി ഉറക്കെ കരയാൻ തുടങ്ങി. ഞങ്ങൾ പലതവണ വിളിച്ചെങ്കിലും അദ്ദേഹം കരച്ചിൽ തുടർന്നുകൊണ്ടേയിരുന്നു. അല്പസമയത്തിന് ശേഷം അദ്ദേഹം കണ്ണുനീർ തുടച്ചുകൊണ്ട് താഴേക്ക് വന്നു.

കരച്ചിലിന്റെ കാരണം ഞങ്ങൾ ചോദിച്ചപ്പോൾ അദ്ദേഹം പറഞ്ഞു: മുഹമ്മദ് ഹുസൈൻ മുൻഷി എന്റെ അടുത്ത് വന്നിരുന്നു. അദ്ദേഹം (മുഹമ്മദ് ഹുസൈൻ) കോടതിയിലെ ഗുമസ്തനും അനഹ്മദിയുമായിരുന്നു. മൗലവി സാഹിബ് പറയുന്നത്, ഗുർദാസ്പൂർ കോടതിയിൽ ഗുമസ്തനായിരുന്നപ്രസ്തുത മുഹമ്മദ്

ഹുസൈൻ ജമാഅത്തിന്റെ കടുത്ത എതിരാളിയായിരുന്നു എന്നാണ്. മൗലവി മുഹമ്മദ് ഹുസൈൻ ബട്ടാലവിയുമായി ബന്ധമുള്ള ഒരാളുമായിരുന്നു അദ്ദേഹം.

ഡോക്ടർ സാഹിബ് താഴെ വന്നപ്പോൾ നടന്ന കാര്യങ്ങൾ വിവരിച്ചു. അതായത് മുഹമ്മദ് ഹുസൈൻ മുൻഷി വന്ന് ഇപ്രകാരം പറഞ്ഞു: ഇന്ന് ഇവിടെ ആര്യസമാജക്കാരുടെ ഒരു യോഗം നടന്നിരുന്നു. ചില ആര്യസമാജക്കാർ അവരുടെ സുഹൃത്തുക്കളെയും യോഗത്തിന് കൊണ്ടുപോയിരുന്നു. അതുപോലെ ഞാനും ഒരു ആര്യ സുഹൃത്തിനോടൊപ്പം അവിടെ പോയി. യോഗത്തിന് ശേഷം സംഘാടകർ അറിയിച്ചു: ഇപ്പോൾ യോഗം കഴിഞ്ഞിരിക്കുന്നു, സാധാരണക്കാർക്ക് പോകാം, ഞങ്ങൾക്ക് ചില സ്വകാര്യ കാര്യങ്ങൾ സംസാരിക്കാനുണ്ട്. അങ്ങനെ മറ്റുള്ളവരെല്ലാം എഴുന്നേറ്റു പോയി. ഞാനും പോകാൻ തുടങ്ങിയപ്പോൾ എന്റെ ആര്യസമാജിയായ സുഹൃത്ത് പറഞ്ഞു: നമുക്ക് ഒരുമിച്ച് പോകാം, നിങ്ങൾ ഒരു വശത്ത് മാറി ഇരിക്കുകയോ അല്ലെങ്കിൽ പുറത്ത് കാത്തുനിൽക്കുകയോ ചെയ്യുക. അങ്ങനെ ഞാൻ അവിടെ ഒരു വശത്ത് മാറി ഇരുന്നു.

അനഹ്മദിയായ മുഹമ്മദ് ഹുസൈൻ തുടർന്നു: അപ്പോൾ ആര്യന്മാരിൽ ഒരാൾ എഴുന്നേറ്റു നിന്ന് മജിസ്ട്രേറ്റിനോട് മിർസാ സാഹിബിന്റെ പേര് എടുത്തു പറഞ്ഞു: ഈ വ്യക്തി നമ്മുടെ കടുത്ത ശത്രുവും നമ്മുടെ നേതാവായ ലേഖ്റാമിന്റെ കൊലയാളിയുമാണ്. ഇപ്പോൾ അദ്ദേഹം നിങ്ങളുടെ കൈയ്യിലെ ഇരയാണ്, മുഴുവൻ സമുദായത്തിന്റെയും കണ്ണ് നിങ്ങളിലാണ്. ഈ ഇരയെ നിങ്ങൾ കൈവിട്ടാൽ നിങ്ങൾ സമുദായത്തിന്റെ ശത്രുവായിരിക്കും. അയാൾ ഇത്തരത്തിലുള്ള വൈകാരികമായ നിലയിൽ കാര്യങ്ങൾ സംസാരിച്ചു.'

അതിന് മജിസ്ട്രേറ്റ് നൽകിയ മറുപടി ഇതായിരുന്നു: 'സാധ്യമാണെങ്കിൽ മിർസയെ മാത്രമല്ല, ഈ കേസിൽ അദ്ദേഹത്തിന്റെ കൂടെയുള്ള എല്ലാ സാക്ഷികളെയും നരകത്തിൽ എത്തിക്കണമെന്ന് ഞാൻ നേരത്തെ ചിന്തിച്ചിതാണ്. എന്നാൽ എന്തുചെയ്യാനാണ്, കേസ് അത്രത്തോളം ബുദ്ധിപൂർവ്വമാണ് നടത്തപ്പെടുന്നത്, എവിടെയും ഒരു പഴുത് പോലും കിട്ടുന്നില്ല. എങ്കിലും ഇപ്പോൾ ഞാൻ പ്രതിജ്ഞ ചെയ്യുന്നു, എന്ത് തന്നെ സംഭവിച്ചാലും വരാനിരിക്കുന്ന ആദ്യ വിചാരണയിൽ തന്നെ കോടതി നടപടികൾ ഞാൻ നടപ്പിലാക്കും.

മൗലവി സാഹിബ് പറയുന്നു, ഡോക്ടർ സാഹിബ് ഇപ്രകാരം വിവരിച്ചു: മുഹമ്മദ് ഹുസൈൻ എന്നോട് പറഞ്ഞു: 'കോടതി നടപടി എന്നത് കൊണ്ട് എന്താണ് ഉദ്ദേശിക്കുന്നത് എന്ന് നിങ്ങൾക്ക് മനസ്സിലായിട്ടുണ്ടാകില്ല. അതിന്റെ അർത്ഥം ഇതാണ്; ഏതൊരു മജിസ്ട്രേറ്റിനും കേസിന്റെ ആരംഭത്തിലോ വിചാരണ വേളയിലോ എപ്പോൾ വേണമെങ്കിലും പ്രതിക്ക് ജാമ്യം നിഷേധിച്ച് അറസ്റ്റ് ചെയ്ത് കസ്റ്റഡിയിൽ വെക്കാൻ അധികാരമുണ്ട്. മുഹമ്മദ് ഹുസൈൻ തുടർന്നു: ഡോക്ടർ സാഹിബ്, ഞാൻ താങ്കളുടെ പ്രസ്ഥാനത്തിന്റെ കടുത്ത എതിരാളിയാണെന്ന് താങ്കൾക്കറിയാമല്ലോ. ഞാൻ മൗലവി മുഹമ്മദ് ഹുസൈന്റെ അനുയായിയും എതിരാളിയുമായിരുന്നു. പേരും അത് തന്നെയാണ്. എന്നാൽ ഒരു മാന്യകുടുംബം അപമാനിക്കപ്പെടുന്നത്, പ്രത്യേകിച്ച് ഹിന്ദുക്കളുടെ കൈകളാൽ അവഹേളിക്കപ്പെടുന്നത് എനിക്ക് കണ്ടുനിൽക്കാൻ കഴിയില്ല. മിർസാ സാഹിബിന്റെ കുടുംബം ഈ ജില്ലയിലെ ഏറ്റവും ആദരണീയ കുടുംബമാണെന്ന് എനിക്കറിയാം. അതുകൊണ്ട് നിങ്ങൾക്ക് ഈ വിവരം എത്തിച്ചു തന്നതാണ്, എന്തെങ്കിലും മുൻകരുതൽ എടുത്തുകൊള്ളുക. തുടർന്ന് അദ്ദേഹം രണ്ട് നിർദ്ദേശങ്ങൾ കൂടി വെച്ചു: ഒന്ന്, ചീഫ് കോടതിയിൽ (അന്നത്തെ ഹൈക്കോടതി) നിന്ന് കേസ് മാറ്റാൻ ശ്രമിക്കുക. രണ്ട്, വരാനിരിക്കുന്ന വിചാരണയിൽ മിർസാ സാഹിബ് കോടതിയിൽ ഹാജരാകാതെ മെഡിക്കൽ സർട്ടിഫിക്കറ്റ് ഹാജരാക്കുക.

മൗലവി സാഹിബ് വിവരിച്ചു: ഡോക്ടർ സാഹിബ് ഈ സംഭവം കേൾപ്പിച്ചപ്പോൾ ഞങ്ങൾ എല്ലാവരും ഭയപ്പെട്ടു. അപ്പോൾ തന്നെ ഖാദിയാനിലേക്ക് ഒരാളെ അയച്ച് ഹദ്റത്ത് സാഹിബിനോട് ഈ കാര്യങ്ങൾ വിവരിക്കാൻ തീരുമാനിച്ചു. രാത്രിയായിരുന്നു അത്. ഞങ്ങൾ ഒരു വണ്ടി (ടാംഗയോ കുതിരവണ്ടിയോ) അന്വേഷിച്ചു. പല വണ്ടികളും അവിടെ ഉണ്ടായിരുന്നെങ്കിലും എതിർപ്പ് അത്രത്തോളം ശക്തമായിരുന്നതിനാൽ ആരും വരാൻ തയ്യാറായില്ല.

യാതൊരു വാഹനവും ലഭിക്കുന്നുണ്ടായിരുന്നില്ല. ആരും വരാൻ തയ്യാറായില്ല, എല്ലാവരും വിസമ്മതിച്ചു. ഞങ്ങൾ നാലിരട്ടി വാടക വാഗ്ദാനം ചെയ്തിട്ടും ഒരു വണ്ടിക്കാരനും സമ്മതിച്ചില്ല. ഒടുവിൽ ഞങ്ങൾ ശൈഖ് ഹാമിദ് അലിയെയും അബ്ദുറഹീം ബാവർച്ചിയെയും മൂന്നാമതൊരാളെയും കാൽനടയായി ഖാദിയാനിലേക്ക് അയച്ചു. അവർ സുബ്ഹി നമസ്കാര സമയത്ത് ഖാദിയാനിലെത്തി ഹദ്റത്ത് സാഹിബിനോട് കാര്യങ്ങൾ ചുരുക്കത്തിൽ വിവരിച്ചു. ഹുസൂർ അതൊന്നും ഗൗനിക്കാതെ ഇപ്രകാരം അരുളി: 'ശരി, നമുക്ക് ബട്ടാലയിലേക്ക് പോകാം. ലാഹോറിൽ നിന്ന് മടങ്ങിവരുന്ന ഖാജാ സാഹിബും മൗലവി മുഹമ്മദ് അലി സാഹിബും അവിടെ വെച്ച് നമ്മെ കാണും.' ലാഹോറിൽ നിന്ന് മടങ്ങുന്ന അവരെ അവിടെ വെച്ച് കാണാമെന്നും കേസ് മാറ്റാനുള്ള ശ്രമം എന്തായെന്ന് അവിടെ വെച്ച് അറിയാമെന്നും അവിടുന്ന് പറഞ്ഞു. മജിസ്ട്രേറ്റിന്റെ പക്ഷപാതം മുൻകൂട്ടി കണ്ടുകൊണ്ട് നമ്മുടെ വക്കീലന്മാർ കേസ് മറ്റൊരു കോടതിയിലേക്ക് മാറ്റാനായി ചീഫ് കോടതിയിൽ (ഹൈക്കോടതി) നേരത്തെ അപേക്ഷ നൽകിയിരുന്നു.

അങ്ങനെ അന്നേദിവസം ഹുസൂർ ബട്ടാലയിലെത്തി. വണ്ടിയിൽ വെച്ച് മൗലവി മുഹമ്മദ് അലി സാഹിബിനെയും ഖാജാ സാഹിബിനെയും കണ്ടുമുട്ടി. കേസ് മാറ്റാനുള്ള ശ്രമം വിജയിച്ചില്ലെന്നും ചീഫ് കോടതി അപേക്ഷ നിരസിച്ചുവെന്നും അവർ അറിയിച്ചു. കേസ് മാറ്റാനായി നൽകിയ അപേക്ഷ വിജയം കണ്ടില്ല. പിന്നീട് ഹദ്റത്ത് സാഹിബ് ഗുർദാസ്പൂരിലേക്ക് വന്നു. വഴിമധ്യേ ഖാജാ സാഹിബിനോടോ മൗലവി സാഹിബിനോടോ തനിക്ക് ലഭിച്ച ആ വാർത്തയെക്കുറിച്ച് അവിടുന്ന് ഒന്നും സംസാരിച്ചില്ല. ഗുർദാസ്പൂരിലെ താമസസ്ഥലത്ത് എത്തിയപ്പോൾ പതിവുപോലെ അവിടുന്ന് ഒരു മുറിയിൽ പോയി കട്ടിലിൽ കിടന്നു. മൗലവി സാഹിബ് പറയുന്നു: 'ആ സമയം ഞങ്ങളുടെ ശരീരമാകെ വിറയ്ക്കുകയായിരുന്നു. ഇനി എന്ത് സംഭവിക്കുമെന്ന് ഞങ്ങൾ ഭയന്നു. കാരണം മജിസ്ട്രേറ്റ് അത്രത്തോളം ശക്തമായ പ്രതിജ്ഞയാണ് എടുത്തിരിക്കുന്നത്. അല്പസമയത്തിന് ശേഷം ഹുസൂർ എന്നെ വിളിച്ചു. ഞാൻ ചെന്നപ്പോൾ ഹദ്റത്ത് സാഹിബ് രണ്ട് കൈപ്പത്തികളും കോർത്ത് തലയ്ക്ക് താഴെ വെച്ച് നേരെ മലർന്നു കിടക്കുകയായിരുന്നു. ഞാൻ ചെന്നപ്പോൾ അവിടുന്ന് ഒരു വശത്തേക്ക് ചരിഞ്ഞ് കൈമുട്ട് കുത്തി കൈപ്പത്തിയിൽ തല ചായ്ച്ചു വെച്ച് എന്നോട് പറഞ്ഞു: എന്താണ് ആ സംഭവം എന്ന് പൂർണ്ണമായി കേൾക്കാൻ വേണ്ടിയാണ് ഞാൻ നിങ്ങളെ വിളിച്ചത്.'

ആ സമയം മുറിയിൽ മറ്റാരും ഉണ്ടായിരുന്നില്ല, വാതിൽക്കൽ മിയാൻ ശാദി ഖാൻ മാത്രം നിൽക്കുന്നുണ്ടായിരുന്നു. ഡോക്ടർ ഇസ്മായിൽ ഖാൻ സാഹിബ് കരഞ്ഞതും മുഹമ്മദ് ഹുസൈൻ മുൻഷി പറഞ്ഞ കാര്യങ്ങളും എല്ലാം ഞാൻ വിവരിച്ചു. ഹുസൂർ എല്ലാം ശാന്തമായി കേട്ടുകൊണ്ടിരുന്നു. ഞാൻ ഇര എന്ന വാക്ക് പറഞ്ഞപ്പോൾ അതായത് ഇര ഇപ്പോൾ എന്റെ കൈയ്യിലാണ്' എന്ന് മജിസ്ട്രേറ്റ് പറഞ്ഞുവല്ലോ, പെട്ടെന്ന് ഹദ്റത്ത് സാഹിബ് എഴുന്നേറ്റിരുന്നു! അവിടുത്തെ കണ്ണുകൾ തിളങ്ങുകയും മുഖം ചുവന്നു തുടുക്കുകയും ചെയ്തു. അവിടുന്ന് പറഞ്ഞു:

ഞാൻ അയാളുടെ ഇര ആണെന്നോ? ഞാൻ ഇര അല്ല, ഞാൻ സിംഹമാണ്! അതും അല്ലാഹുവിന്റെ സിംഹം ! അവന് അല്ലാഹുവിന്റെ സിംഹത്തിന്മേൽ കൈവെക്കാൻ കഴിയുമോ? ഒന്ന് ചെയ്തു നോക്കട്ടെ!'

ഈ വാക്കുകൾ പറഞ്ഞപ്പോൾ അവിടുത്തെ ശബ്ദം അത്രത്തോളം ഉച്ചത്തിലായിരുന്നു, മുറിക്ക് പുറത്തുള്ളവർ പോലും ഞെട്ടിപ്പോയി. അവരെല്ലാവരും ശ്രദ്ധിച്ചു കേട്ടിരുന്നെങ്കിൽ ആരും മുറിക്കുള്ളിലേക്ക് വന്നില്ല. അവിടുന്ന് പലതവണ 'ദൈവത്തിന്റെ സിംഹം' എന്ന വാക്ക് ആവർത്തിച്ചു. എപ്പോഴും താഴ്ന്നിരിക്കുകയും പാതിയടഞ്ഞിരിക്കുകയും ചെയ്തിരുന്ന അവിടുത്തെ കണ്ണുകൾ അപ്പോൾ ഒരു സിംഹത്തിന്റെ കണ്ണുകളെപ്പോലെ അഗ്നിജ്വാലയായി തിളങ്ങുന്നുണ്ടായിരുന്നു. ആ മുഖത്തേക്ക് നോക്കാൻ പോലും കഴിയാത്ത വിധം അതു ചുവന്നിരുന്നു.

തുടർന്ന് അവിടുന്ന് അരുളി: ഞാൻ എന്ത് ചെയ്യാനാണ്? നി

ന്റെ ദീനിന് (മതത്തിന്) വേണ്ടി എന്റെ കൈകളിലും കാലുകളിലും ഇരുമ്പ് വിലങ്ങ് അണിയാൻ തയ്യാറാണെന്ന് ഞാൻ അല്ലാഹുവിനോട് അപേക്ഷിച്ചിട്ടുണ്ട്. എനിക്ക് കൈവിലങ്ങ് വെച്ചാലും ചങ്ങലകൾ അണിയേണ്ടി വന്നാലും എനിക്കതിൽ യാതൊരു വിഷമവുമില്ല. എന്നാൽ അല്ലാഹു എന്നോട് പറയുന്നു: ഇല്ല, ഞാൻ നിന്നെ അപമാനത്തിൽ നിന്ന് സംരക്ഷിക്കും, നിന്നെ ആദരവോടു കൂടി കുറ്റവിമുക്തനാക്കും.

'പിന്നീട് അവിടുന്ന് ദൈവസ്നേഹത്തെക്കുറിച്ച് (മുഹബ്ബത്തെ ഇലാഹി) പ്രസംഗിക്കാൻ ആരംഭിച്ചു. ഏകദേശം അരമണിക്കൂറോളം അല്ലാഹുവിനോടുള്ള സ്നേഹത്തിൽ അത്യന്തം ആവേശത്തോടെ അവിടുന്ന് സംസാരിച്ചുകൊണ്ടിരുന്നു. *(സീറത്തുൽ മഹ്ദി വാല്യം 1, രിവായത്ത് നമ്പർ 107)*

ദൈവസ്നേഹത്താലും ദൈവാനുരാഗത്താലും ത്യാഗം വരിക്കാനുള്ള അപാരമായ ഒരു സങ്കല്പമാണ് അവിടുത്തേക്കുണ്ടായിരുന്നത്.

അല്ലാഹുവിന്റെ അസ്തിത്വത്തിൽ അവിടുത്തേക്ക് എത്രത്തോളം വിശ്വാസം ഉണ്ടായിരുന്നു! ഈ വിശ്വാസം ദൈവസ്നേഹത്തിന്റെ ഫലമായിരുന്നു. ഞാൻ അല്ലാഹുവെ സ്നേഹിക്കുന്നു, അവനു വേണ്ടി ഏതൊരു ത്യാഗത്തിനും ഞാൻ തയ്യാറാണ്, അതിനാൽ അല്ലാഹു എന്നെ നശിപ്പിക്കുകയില്ല' എന്ന ഉറച്ച ബോധ്യം അവിടുത്തേക്കുണ്ടായിരുന്നു.

സമാനമായ മറ്റൊരു സംഭവം ഇപ്രകാരമാണ്: ഒരിക്കൽ ലേഖ്റാമിന്റെ കൊലപാതകവുമായി ബന്ധപ്പെട്ട സംശയത്തിന്റെ പേരിൽ പോലീസ് സൂപ്രണ്ട് ക്യാപ്റ്റൻ ലെമാർച്ചണ്ട് തന്റെ സൈനിക വ്യൂഹവുമായി പെട്ടെന്ന് ഖാദിയാനിലെത്തി. ഹദ്റത്ത് മിർനാസിർ നവാബ് സാഹിബ് ؓ വിവരം അറിഞ്ഞപ്പോൾ അത്യന്തം പരിഭ്രാന്തനായി ഹദ്റത്ത് മസീഹ് മൗഊദ്ؑന്റെ അടുത്തെത്തി. ഇടറിയ ശബ്ദത്തിൽ അദ്ദേഹം ഇപ്രകാരം അറിയിച്ചു: 'സൂപ്രണ്ട് അറസ്റ്റ് വാറന്റും കൈവിലങ്ങുകളുമായി വരുന്നുണ്ട്!' ആ സമയം ഹദ്റത്ത് അഖ്ദസ് തന്റെ 'നൂറുൽ ഖുർആൻ' എന്ന ഗ്രന്ഥം രചിക്കുകയായിരുന്നു. തല ഉയർത്തി അത്യന്തം ശാന്തതനായി പുഞ്ചിരിച്ചുകൊണ്ട് അവിടുന്ന് അരുളി:

മീർ സാഹിബ്, ആളുകൾ സന്തോഷവേളകളിൽ വെള്ളി കൊണ്ടും സ്വർണ്ണം കൊണ്ടുമുള്ള വളകൾ ധരിക്കാറുണ്ട്; നാം അല്ലാഹുവിന്റെ മാർഗ്ഗത്തിൽ ഇരുമ്പ് വളകൾ ധരിച്ചു എന്ന് കരുതാം. അല്പനേരത്തെ ആലോചനയ്ക്ക് ശേഷം അവിടുന്ന് പറഞ്ഞു: എന്നാൽ അങ്ങനെ സംഭവിക്കില്ല. കാരണം അല്ലാഹുവിന്റെ സ്വന്തം ഭരണകൂടത്തിന് ചില ലക്ഷ്യങ്ങളുണ്ട്; അവൻ തന്റെ ഖലീഫമാരെയും നിയോഗിതരെയും ഇപ്രകാരം അപമാനിക്കുകയില്ല.' തീർച്ചയായും അതുതന്നെ സംഭവിച്ചു, ശത്രുക്കൾക്ക് വിജയിക്കാൻ സാധിച്ചില്ല. *(അൽഹക്കം വാല്യം 39, 1936 ജൂൺ 7, പേജ് 3,(അൽഹക്കം പേജ് 3, 1899 ജൂലായ് 10, പേജ് 1-2)* മറ്റൊരു നിവേദനം; മൗലവി അബ്ദുൽ കരീം സാഹിബ് സിയാൽകോട്ടി രേഖപ്പെടുത്തിയിട്ടുണ്ട്. ഒരിക്കൽ ജലന്ധറിൽ വെച്ച് അവിടുന്ന് ഇപ്രകാരം അരുളി: പരീക്ഷണം ഉണ്ടാകുമ്പോൾ നമ്മുടെ ജമാഅത്തിലെ ദുർബലമനസ്സുകളെക്കുറിച്ചാണ് എനിക്ക് ആശങ്കയുണ്ടാകാറുള്ളത്. അതായത് വാഗ്ദത്ത മസീഹിനും അദ്ദേഹത്തിന്റെ ജമാഅത്തിനും പരീക്ഷണങ്ങളും കേസുകളും എതിർപ്പുകളും ഒക്കെ നേരിടേണ്ടി വരാറുണ്ട്. അന്നേരം തന്റെ ജമാഅത്തിലെ ദുർബല വിശ്വാസം ദുർബലഹൃദയരെയും ദുർബലവിശ്വാസികളെയുംകുറിച്ചാണ് താൻ ആശങ്കപ്പെടുന്നതെന്ന് അവിടുന്ന് പറയുന്നു.

തുടർന്ന് അവിടുന്ന് അരുളി: എന്റെ അവസ്ഥ ഇതാണ്: നീ കൈവിടപ്പെട്ടവനാണ് (മഖ്ദൂൽ), നിന്റെ യാതൊരു ആഗ്രഹവും നമ്മൾ നിറവേറ്റുകയില്ല' എന്ന് അല്ലാഹു എന്നോട് നേരിട്ട് പറഞ്ഞാൽ പോലും, ദൈവത്തോടുള്ള എന്റെ സ്നേഹത്തിലും മതസേവനത്തിലും യാതൊരു കുറവും വരികയില്ലെന്ന് ദൈവനാമത്തിൽ ഞാൻ സത്യം ചെയ്യുന്നു. അപ്പോഴും ഞാൻ അല്ലാഹുവെ കൈവിടില്ല; സ്നേഹം കുറയുകയുമില്ല. കാരണം ഞാൻ അവനെ കണ്ടു കഴിഞ്ഞു. എനിക്ക് അല്ലാഹുവിലുള്ള തവക്കുലും ദൃഢനിശ്ചയവും അത്രമേൽ ശക്തമാണ്. എന്തു സംഭവിച്ചാലും എന്റെ സ്നേഹത്തിൽ ഒരു കുറവും വരികയില്ല. *(സീറത്ത് മസീഹ് മൗഊദ്, അബ്ദുൽകരീം സാഹിബ് സിയാൽക്കോട്ടി പേജ് 53)*

ഹദ്റത്ത് നവാബ് മുബാറക ബീഗം സാഹിബ ؓ ഇപ്രകാരം ഒരു നിവേദനം വിവരിക്കുന്നു:

തന്റെ ഏറ്റവും വലിയ പ്രിയപ്പെട്ടവനായ അല്ലാഹുവോടുള്ള സ്നേഹം അവിടുത്തെ (ഹദ്റത്ത് മസീഹ് മൗഊദ് ؑ) ആത്മാവിന്റെയും ശരീരത്തിന്റെയും ഓരോ അണുവിലും അലതല്ലിയിരുന്നു. അവിടുത്തെ ഓരോ വാക്കിലും പ്രവൃത്തിയിലും അത് തെളിഞ്ഞുനിന്നു. നമസ്കാര സമയത്തല്ലാതെയും അവിടുന്ന് തന്റെ റബ്ബിനെ നെഞ്ചുരുകി വിളിക്കുന്നത് ഞാൻ കേട്ടിട്ടുണ്ട്. വെറും നമസ്കാരങ്ങളിൽ മാത്രമല്ല, സാധാരണ നിലയിലും അവിടുന്ന് പ്രാർത്ഥനയിൽ തേങ്ങിക്കരഞ്ഞുകൊണ്ട് വിളിക്കുമായിരുന്നു. **'മേരേ പ്യാരേ അല്ലാഹ്, മേരേ പ്യാരേ അല്ലാഹ്, മേരേ പ്യാരേ അല്ലാഹ്'** (എന്റെ പ്രിയപ്പെട്ട അല്ലാഹുവേ) എന്ന് അവിടുന്ന് വിളിക്കുമായിരുന്നു. ആ ശബ്ദം ഇപ്പോഴും എന്റെ കാതുകളിൽ മുഴങ്ങുന്നുണ്ട്, അവിടുത്തെ കണ്ണുനീർ ഒഴുകുന്നത് ഇപ്പോഴും എന്റെ കൺമുന്നിലുണ്ട്. അവിടുന്ന് ആ നിമിഷത്തിലെ ഒരു ചിത്രം കോറിയിട്ടിരിക്കുകയാണ്.

അനാദിയും അനശ്വരനുമായ തന്റെ ദൈവത്തെ ചൊല്ലി അവിടുത്തെ ആത്മാഭിമാനത്തിന് നേരിട്ടനുഭവിച്ച ഒരു ഉദാഹരണം വിവരിച്ചുകൊണ്ട് അവർ എഴുതുന്നു: പ്രാർഥനയെ സംബന്ധിച്ച് ഞാൻ ദർശിച്ച അവസ്ഥയാണിത്. ഞാൻ ഒരു സംഭവം കൂടി വിവരിക്കാം. അവർ എഴുതുന്നു: 'അവിടുന്ന് തന്റെ മുറിയിലായിരുന്നു, പുറത്തുപോകാൻ തയ്യാറെടുക്കുകയായിരുന്നു.' ഹദ്റത്ത് നവാബ് മുബാറക ബീഗം സാഹിബ ؓ ഇപ്രകാരം വിവരിക്കുന്നു: 'ഞാൻ അവിടുത്തെ (ഹദ്റത്ത് മസീഹ് മൗഊദ് ؑ) അടുത്ത് ഉണ്ടായിരുന്നു. ഞങ്ങളുടെ തായി സാഹിബയുടെ (മൂത്തുമ്മ) വേലക്കാരി (personal assistant) - അവർ തായി സാഹിബയോടൊപ്പം തന്നെ അഹ്മദിയാവുകയും ബഹിഷ്തി മഖ്ബറയിൽ അടക്കം ചെയ്യപ്പെടുകയും ചെയ്തിട്ടുണ്ട് - അവർ ഹദ്റത്ത് അമ്മജാനിന്റെ അടുത്ത് വന്നു. ഒരു ബന്ധുത്വത്തിന്റെ പേരിൽ അവർ ഞങ്ങളുടെ പിതൃസഹോദരനായ മിർസാ ഇമാമുദ്ദീന്റെ മരണത്തിൽ അനുശോചനം രേഖപ്പെടുത്താൻ തുടങ്ങി. 'അദ്ദേഹം വലിയൊരു നല്ല മനുഷ്യനായിരുന്നു' (ബഡാ ഹീ ചംഗാ ബന്ദാ സീ) എന്ന് പഞ്ചാബിയിൽ ആ സ്ത്രീ പറഞ്ഞതും ഹദ്റത്ത് മസീഹ് മൗഊദ് മുറിയിൽ നിന്ന് പുറത്തേക്ക് വന്നു. അവിടുത്തെ മുഖം ദേഷ്യം കൊണ്ട് ചുവന്നു തുടുത്തിരുന്നു. അവിടുന്ന് തന്റെ വടി മണ്ണിലടിച്ചുകൊണ്ട് ഇപ്രകാരം ഗർജ്ജിച്ചു:! നീ എന്റെ വീട്ടിലിരുന്ന് എന്റെ ദൈവത്തിന്റെ ശത്രുവിനെ പുകഴ്ത്തുകയാണോ?'

മിർസാ ഇമാമുദ്ദീൻ ഇസ്ലാമിൽ നിന്ന് വ്യതിചലിച്ചവനും അല്ലാഹുവെ പരിഹസിച്ചിരുന്നവനുമായിരുന്നു. തന്റെ വീട്ടിലിരുന്ന് അത്തരമൊരു വ്യക്തിയെക്കുറിച്ച് സംസാരിക്കുന്നത് അവിടുത്തെ ആത്മാഭിമാനത്തിന് (ഗൈറത്ത്) സഹിക്കാൻ കഴിഞ്ഞില്ല. നവാബ് മുബാറക ബീഗം സാഹിബ എഴുതുന്നു, അവിടുത്തെ ശബ്ദത്തിൽ അത്രത്തോളം ഗാംഭീര്യം ഉണ്ടായിരുന്നു; ആ സ്ത്രീ അവിടെ നിന്ന് ഓടി രക്ഷപ്പെട്ടു. മിർസാ ഇമാമുദ്ദീൻ ഒരു നിരീശ്വരവാദി (ദഹ്രിയ്യ) ആയിരുന്നു; തന്റെ വീട്ടിൽ ഒരു നിരീശ്വരവാദിയെ ഇത്രത്തോളം പുകഴ്ത്തുന്നത് അവിടുത്തേക്ക് എങ്ങനെ സഹിക്കാൻ കഴിയും?' *(തഹ്രീറാത്തെ മുബാറക്ക പേജ് 223-224)*

അവിടുന്ന് തന്റെ യജമാനനായ ഹദ്റത്ത് മുഹമ്മദ് മുസ്തഫയെ പിൻതുടർന്ന് ബാല്യകാലവും യൗവനവും മുതൽക്കേ ദൈവസ്നേഹത്തിലാണ് സമയം ചിലവഴിച്ചത്. ഹദ്റത്ത് മിർസാ ബശീർ അഹ്മദ് സാഹിബ് ؓ ഒരു നിവേദനത്തിൽ എഴുതുന്നു: ഒരു സിഖ് ഭൂവുടമ ഇപ്രകാരം വിവരിക്കുന്നു - നമ്മുടെ പിതാമഹൻ വാഗ്ദത്ത മസീഹിന് ഒരു ജോലി ശരിപ്പെടുത്തിയിരിക്കുന്നുവെന്ന് അവിടുത്തോട് പറയാൻ ചെന്നതായിരുന്നു അടുത്തുനിന്ന് ജോലി വാഗ്ദാനവുമായി പോയതായിരുന്നു അദ്ദേഹം - ഒരിക്കൽ ഒരു വലിയ ഉദ്യോഗസ്ഥനോ പ്രമുഖനോ നമ്മുടെ പിതാമഹനോട് ചോദിച്ചു: 'നിങ്ങൾക്ക് ഒരു ചെറിയ മകൻ കൂടിയുണ്ടെന്ന് കേൾക്കുന്നു, പക്ഷേ ഞങ്ങൾ അവനെ കണ്ടിട്ടില്ലല്ലോ.' അപ്പോൾ പിതാമഹൻ പുഞ്ചിരിച്ചുകൊണ്ട് പറഞ്ഞു: അതെ, എനിക്കൊരു ചെറിയ മകനുണ്ട്; പക്ഷേ പുത്തൻ മണവാട്ടികളെപ്പോലെ അവൻ പുറത്തിറങ്ങുന്നത് കുറ

വാണ്. നിങ്ങൾക്ക് അവനെ കാണണമെന്നുണ്ടെങ്കിൽ പള്ളിയുടെ ഏതെങ്കിലും കോണിൽ പോയി നോക്കൂ. അവൻ ഒരു പള്ളിപ്രിയനാണ്.' *(സീറത്തെ ത്വയ്യിബ, ഹദ്റത്ത് മിർസാ ബശീർ അഹ്മദ് സാഹിബ് എം.എ, പേജ് 9-10)*

ഈ സംഭവത്തെ ഹദ്റത്ത് മിഅ്റാജ് ദീൻ സാഹിബ് ഉമർ ഇപ്രകാരം വിശദീകരിക്കുന്നു: പിതാമഹൻ ഇപ്രകാരം കൂടി പറഞ്ഞു: 'പള്ളിയിൽ പോയി വുദു എടുക്കുന്ന പൈപ്പിനടുത്ത് അവനെ അന്വേഷിക്കൂ. വുളു എടുക്കുന്നതിന് വെള്ളത്തിന്റെ പൈപ്പും ടാങ്കും ഒക്കെയുള്ള സ്ഥലത്ത്. അവിടെ കണ്ടില്ലെങ്കിൽ നിരാശരായി മടങ്ങരുത്, പള്ളിക്കകത്തേക്ക് പോയി ഏതെങ്കിലും മൂലയിൽ നോക്കൂ. അവിടെയും കണ്ടില്ലെങ്കിൽ നിരാശപ്പെടരുത്; പള്ളിയിലെ ഏതെങ്കിലും പായ (സഫ്) ചുരുട്ടി വെച്ചിട്ടുണ്ടോ എന്ന് നോക്കൂ, അതിന്റെ ഉള്ളിൽ അവൻ കണ്ടേക്കാം. കാരണം അവൻ **ഫനാ ഫീ അല്ലാഹ്** (അല്ലാഹുവിൽ വിലയം പ്രാപിച്ചവനാണ്.) അതായത് ദൈവസ്നേഹത്തിൽ അവിടുന്ന് അത്രത്തോളം ലയിച്ചിരുന്നുവെന്നാൽ ആരെങ്കിലും പായയിൽ ചുരുട്ടി വെച്ചാൽ പോലും അവിടുന്ന് അനങ്ങാത്ത അവസ്ഥയിലായിരുന്നു.

*(ഹദ്റത്ത് മസീഹ് മൗഊദ് കെ മുഖ്തസിർ ഹാലാത്ത്, മിഅ്റാജുദ്ദീൻ ഉമർ സാഹിബ് പേജ് 67)*

അതുപോലെ മിർസാ ബശീർ അഹ്മദ് സാഹിബ് മറ്റൊരു സംഭവം വിവരിക്കുന്നു: ലുധിയാനയിലെ ഹാജി അബ്ദുൽ മജീദ് സാഹിബ് എന്നോട് പറഞ്ഞു: 'ഒരിക്കൽ ഹുസൂർ ലുധിയാനയിൽ ആയിരുന്നു. എന്റെ വീട്ടിൽ ഒരു വേപ്പുമരമുണ്ടായിരുന്നു. വർഷകാലമായതിനാൽ അതിന്റെ ഇലകൾ നല്ല പച്ചപ്പുള്ളതും മനോഹരവുമായിരുന്നു. ഹുസൂർ എന്നോട് പറഞ്ഞു: 'ഹാജി സാഹിബ്, ഈ മരത്തിന്റെ ഇലകളിലേക്ക് നോക്കൂ, എത്ര മനോഹരമാണല്ലേ!' ഹാജി സാഹിബ് പറയുന്നു, ഞാൻ നോക്കിയപ്പോൾ ഹുസൂറിന്റെ കണ്ണുകൾ നിറഞ്ഞൊഴുകുകയായിരുന്നു.' അല്ലാഹുവിന്റെ ശക്തിവിലാസങ്ങളും സ്നേഹവും ഓർത്തുപോയ അവിടുത്തെ കണ്ണുകളിൽ നിന്ന് അന്നേരം അശ്രുബിന്ദുക്കൾ പൊഴിയുകയായിരുന്നു. *(സീറത്തുൽമഹ്ദി വാല്യം 1, പേജ് 95)*

ഹദ്റത്ത് മുസ്‌ലിഹ് മൗഊദ് ﵁ ഇപ്രകാരം വിവരിക്കുന്നു: 'ഇവിടെ ഒരാളുണ്ടായിരുന്നു, പിന്നീട് അദ്ദേഹം വളരെ ആത്മാർഥതയുള്ള അഹ്മദിയായി മാറി. എന്നാൽ അഹ്മദിയാകുന്നതിന് മുൻപ് ഏകദേശം 20 വർഷത്തോളം ഹദ്റത്ത് മസീഹ് മൗഊദ് അദ്ദേഹത്തോട് നീരസം കാണിച്ചു. അദ്ദേഹത്തിന്റെ ഒരു പ്രവൃത്തി അവിടുത്തേക്ക് സഹിക്കാനായില്ല എന്നതായിരുന്നു കാരണം. ആ വ്യക്തിയുടെ മകൻ മരിച്ചപ്പോൾ ആശ്വസിപ്പിക്കാനായി ഹദ്റത്ത് മസീഹ് മൗഊദ് തന്റെ ജ്യേഷ്ഠനോടൊപ്പം അദ്ദേഹത്തിന്റെ വീട്ടിൽ പോയി. അക്കാലത്തെ രീതി അനുസരിച്ച് അടുത്ത സുഹൃത്തുക്കൾ വരുമ്പോൾ കെട്ടിപ്പിടിച്ച് ഉറക്കെ കരയുന്ന പതിവുണ്ടായിരുന്നു. ആ വ്യക്തി ഹദ്റത്ത് സാഹിബിന്റെ ജ്യേഷ്ഠനെ കെട്ടിപ്പിടിച്ച് കരഞ്ഞുകൊണ്ട് ഇപ്രകാരം പറഞ്ഞു: 'ദൈവം എന്നോട് വലിയ അക്രമം ചെയ്തു!' ഇത് കേട്ടപ്പോൾ ഹദ്റത്ത് സാഹിബിന് അദ്ദേഹത്തോട് വലിയ വെറുപ്പ് തോന്നി. അദ്ദേഹത്തിന്റെ മുഖം പോലും കാണാൻ അവിടുന്ന് ആഗ്രഹിച്ചില്ല. പിന്നീട് അല്ലാഹു അദ്ദേഹത്തിന് തൗഫീഖ് നൽകുകയും അദ്ദേഹം അത്തരം അജ്ഞതകളിൽ നിന്ന് മോചിതനാവുകയും ചെയ്തു.'

*(തഖ്ദീറേ ഇലാഹി, അൻവാറുൽഉലൂം വാല്യം 4, പേജ് 606-607)*

മറ്റൊരു നിവേദനം ഹദ്റത്ത് മിർസാ ബശീർ അഹ്മദ് സാഹിബ് ﵁ ഇപ്രകാരം വിവരിക്കുന്നു: കപൂർത്തലയിലെ മുൻഷി സഫർ അഹമ്മദ് സാഹിബ് എഴുതി: 'ഹദ്റത്ത് മസീഹ് മൗഊദ് ന് തലചുറ്റലിന്റെ അസുഖമുണ്ടായിരുന്നു. ആ അസുഖം ഭേദമാക്കാൻ പ്രത്യേക കഴിവുള്ള ഒരു വൈദ്യനെ അകലെ നിന്ന് വണ്ടിക്കൂലി നൽകി വരുത്തി. അവിടുത്തെ പരിശോധിച്ച ശേഷം അയാൾ പറഞ്ഞു: 'രണ്ട് ദിവസത്തിനുള്ളിൽ ഞാൻ നിങ്ങളെ സുഖപ്പെടുത്താം, ഞാൻ നിങ്ങളെ ശരിയാക്കിത്തരാം.' ഇത് കേട്ടതും അവിടുന്ന് മുറിക്കകത്തേക്ക് പോയി ഹദ്റത്ത് മൗലവി നൂറുദ്ദീൻ സാഹിബിന് ﵁ ഒരു കുറിപ്പ് എഴുതി: 'ഈ വ്യക്തിയെക്കൊണ്ട് ചികിൽസിപ്പിക്കാൻ ഞാൻ ആഗ്രഹിക്കുന്നില്ല. ഇവൻ ദൈവമാണെന്ന് അവകാശപ്പെടുകയാണോ? ഇയാൾക്ക് വണ്ടിക്കൂലിയും അധികമായി 25 രൂപയും നൽകി പറഞ്ഞുവിടുക.' അങ്ങനെത്തന്നെ ചെയ്യുകയും ചെയ്തു.അവിടുന്ന് ഇപ്രകാരം അരുളി: 'ഞാൻ സുഖപ്പെടുത്താം എന്ന് ഇയാൾ പറയുന്നു അല്ലാഹു അല്ലാതെ ആരാണ് സുഖപ്പെടുത്തുന്നവൻ (ശാഫി)? അല്ലാഹുവാണ് രോഗശമനം നല്കുന്നവൻ. *(സീറത്തുൽ മഹ്ദി വാല്യം 2, നിവേദനം 1038)*

ഹദ്റത്ത് മിർസാ ബശീർ അഹ്മദ് സാഹിബ് ﵁ മറ്റൊരു സംഭവം കൂടി വിവരിക്കുന്നു. മുൻശി സഫർ അഹ്മദ് കപൂർത്തലവിയുടേതാണ്: 'പരേതനായ ചൗധരി റുസ്തം അലി ഖാൻ സാഹിബ് റെയിൽവേ ഇൻസ്പെക്ടറായിരുന്നു. പ്രതിമാസം 150 രൂപ ശമ്പളം ലഭിച്ചിരുന്നു. അദ്ദേഹം വലിയ ആത്മാർഥതയുള്ള ജമാഅത്തിലെ സ്മരണീയ വ്യക്തിയായിരുന്നു. 20 രൂപ മാത്രം കയ്യിൽ വെച്ച് ബാക്കി മുഴുവൻ തുകയും അവിടുത്തേക്ക് ഹദ്റത്ത് മസീഹ് മൗഊദ് ന് അയച്ചു കൊടുക്കുമായിരുന്നു. അത് അദ്ദേഹം സ്ഥിരം ചെയ്തിരുന്ന കാര്യമായിരുന്നു. അദ്ദേഹത്തിന് ഒരേയൊരു മകൻ മാത്രമേ ഉണ്ടായിരുന്നുള്ളൂ. മകൻ രോഗബാധിതനായപ്പോൾ ഭാര്യയോടൊപ്പം അവനെ ഖാദിയാനിലേക്ക് കൊണ്ടുവന്നു. അവർ ഹദ്റത്ത് സാഹിബിന്റെ വീട്ടിലാണ് താമസിച്ചിരുന്നത്. ഒരു ദിവസം അവിടുന്ന് അരുളി: 'കഴിഞ്ഞ രാത്രി ഞാൻ ഒരു സ്വപ്നം കണ്ടു; ആരോ എന്റെ ദൈവത്തെ ചീത്തവിളിക്കുന്നു. എനിക്ക് വലിയ പ്രയാസം തോന്നി.'

അവിടുന്ന് ഈ സ്വപ്നം പറഞ്ഞതിന് പിറ്റേദിവസം ചൗധരി സാഹിബിന്റെ മകൻ മരണപ്പെട്ടു. ഏകമകനായതുകൊണ്ട് അവന്റെ മാതാവ് അത്യന്തം ദുഃഖിക്കുകയും പരിധിവിട്ട് കരയുകയും ചെയ്തു. ആ അവസ്ഥയിൽ അവർ ഇപ്രകാരം പറഞ്ഞു: 'ഹേ ക്രൂരനായവനേ! നീ എന്നോട് വലിയ ക്രൂരത ചെയ്തു' ദൈവത്തെ അഭിസംബോധന ചെയ്താണ് അവർ ഇത് പറഞ്ഞത്. അവർ അതു പറഞ്ഞത് അവിടുന്ന് കേട്ടു.അപ്പോൾ തന്നെ അവിടുന്ന് പുറത്തേക്ക് വന്നു. അവിടുത്തെ മനസ്സ് വേദനിക്കുകയായിരുന്നു അവിടുന്ന് ആവേശത്തോടെ അരുളി: 'ഈ സ്ത്രീ ഇപ്പോൾ തന്നെ എന്റെ വീട്ടിൽ നിന്ന് പുറത്തുപോകട്ടെ!'

ഹദ്റത്ത് മീർ മുഹമ്മദ് ഇസ്മായിൽ സാഹിബിന്റെ മാതാവ് വലിയ വിവേകവും കാര്യപ്രാപ്തിയുമുള്ള സ്ത്രീയായിരുന്നു. അവർ ചൗധരി സാഹിബിന്റെ ഭാര്യയെ കാര്യങ്ങൾ ബോധ്യപ്പെടുത്തി. ഹദ്റത്ത് സാഹിബ് കടുത്ത നീരസത്തിലാണെന്ന് അവർ പറഞ്ഞു.അവർ തൗബ ചെയ്യുകയും മാപ്പ് ചോദിക്കുകയും ചെയ്തു. താൻ ഇനി കരയുകപോലുമില്ലെന്ന് ആ സ്ത്രീ പറഞ്ഞു. മീർ സാഹിബിന്റെ മാതാവ് ഹദ്റത്ത് സാഹിബിനോട് വന്ന് പറഞ്ഞു: ഇനി മാപ്പു കൊടുത്താലും. അവർ തൗബ ചെയ്യുന്നു. അവർ കരച്ചിലും നിർത്തി. അവിടുന്ന് അരുളി: ശരി, അവർ ഇവിടെ നിൽക്കട്ടെ, കുട്ടിയുടെ ഖബറടക്കത്തിനുള്ള ഏർപ്പാടുകൾ ചെയ്യുക. *(സീറത്തുൽമഹ്ദി വാല്യം 2, രിവായത്ത് നമ്പർ 1119)*

ഹദ്റത്ത് ശൈഖ് യഅ്ഖൂബ് അലി ഇർഫാനി ﵁ ഹദ്റത്ത് മസീഹ് മൗഊദ് ന്റെ ജീവിതത്തിലെ സുപ്രധാന സംഭവങ്ങൾ രേഖപ്പെടുത്തിക്കൊണ്ട് വിവരിക്കുന്നു: 'ഡൽഹൗസി (Dalhousie) സന്ദർശിക്കാൻ അവസരമുണ്ടായപ്പോഴെല്ലാം ഹദ്റത്ത് മസീഹ് മൗഊദ് പറഞ്ഞ വാക്കുകൾ അദ്ദേഹം ഉദ്ധരിക്കുന്നു. അവിടുന്ന് അരുളി: അവിടുത്തെ പച്ചപ്പും മലനിരകളും ഒഴുകുന്ന അരുവികളും കാണുമ്പോൾ സ്വയമറിയാതെ തന്റെ മനസ്സിൽ അല്ലാഹുവിനെ സ്തുതിക്കാനുള്ള ആവേശം ഉണ്ടാകുമായിരുന്നു. ആരാധനകളിൽ (ഇബാദത്ത്) പ്രത്യേക അനുഭൂതി ലഭിക്കുമായിരുന്നു. ഏകാന്തതയ്ക്ക് പറ്റിയ നല്ലൊരിടമാണത്. *(ഹയാത്തെ അഹ്മദ് വാല്യം 1, ഭാഗം 1, പേജ് 85)*

ദൈവസ്നേഹത്തിന്റെ ആ മാധുര്യത്തെക്കുറിച്ച് അവിടുന്ന് ഒരിടത്ത് ഇപ്രകാരം അരുളി:

'ദൈവസാമീപ്യത്തിന്റെ മാധുര്യത്താൽ വളർന്നുവികസിച്ച അനുഭൂതിദായകമായ ദൈവസ്നേഹം വിശ്വാസികളുടെ ഹൃദയങ്ങളിൽ നിക്ഷേപിക്കപ്പെട്ടിരിക്കുന്നു. അല്ലാഹുവിനെ സ്നേഹിക്കുന്നവരെ കഷ്ടപ്പാടുകളുടെ ഉരലിൽ ഇട്ട് ചതച്ചരച്ചാലും, ഏതെങ്കിലും യന്ത്രത്തിൽ വെച്ച് പിഴിഞ്ഞെടുത്താലും അവരിൽ നിന്ന് പുറത്തുവരുന്നത് ദൈവസ്നേഹത്തിന്റെ രസമല്ലാതെ

മറ്റൊന്നുമല്ല. *(സുർമ ചശ്മയെ ആര്യ, റൂഹാനീ ഖസാഇൻ വാല്യം 2, പേജ് 79 അടിക്കുറിപ്പ്)*

അതായത് ദൈവത്തെ സ്നേഹിക്കുന്നവരെ എങ്ങനെയൊക്കെ പീഡിപ്പിച്ചാലും, ഇടിച്ചു പൊടിച്ചാലും ഗ്രൈൻഡറിലിട്ട് പൊടിയാക്കിയാലും ഏതു യന്ത്രത്തിലിട്ട് പിഴിഞ്ഞെടുത്താലും അവരിൽ നിന്ന് ദൈവത്തോടുള്ള അനുരാഗമല്ലാതെ മറ്റൊന്നും കാണുകയില്ല എന്ന് ചുരുക്കം.

ഹദ്റത്ത് മിർസാ ബശീർ അഹ്മദ് സാഹിബ് ﷺ, മാലിക് മൗലാ ബക്ഷ് സാഹിബിൽ നിന്നുള്ള ഒരു നിവേദനം ഇപ്രകാരം വിവരിക്കുന്നു: ‘സാഹിബ്സാദ മിർസാ മുബാറക് അഹ്മദ് രോഗബാധിതനായിരുന്നപ്പോൾ ഹദ്റത്ത് മസീഹ് മൗഊദ് വലിയ ആശങ്കയിലായിരുന്നു. അദ്ദേഹത്തിന്റെ വിയോഗത്തിന് ശേഷം സർദാർ ഫസൽ ഹഖ് സാഹിബ്, ഡോക്ടർ ഇബാദുള്ള സാഹിബ് എന്നിവരോടൊപ്പം അനുശോചനം രേഖപ്പെടുത്താനായി ഞാൻ ഖാദിയാനിലെത്തി. എന്നാൽ ഹുസൂർ പള്ളിയിലേക്ക് വന്നപ്പോൾ സാധാരണയേക്കാൾ കൂടുതൽ സന്തോഷവാനായാണ് കാണപ്പെട്ടത്. പരേതനായ മകനെക്കുറിച്ച് പരാമർശം വന്നപ്പോൾ അവിടുന്ന് അരുളി:

‘മുബാറക് അഹമ്മദ് വിടവാങ്ങി. എന്റെ നാഥന്റെ വാക്ക് പുലർന്നു. ഈ മകൻ ഒന്നുകിൽ വേഗത്തിൽ മരണപ്പെടുമെന്നോ അല്ലെങ്കിൽ വലിയ ദൈവഭക്തനാകുമെന്നോ അല്ലാഹു എന്നോട് നേരത്തെ പറഞ്ഞിരുന്നു. അല്ലാഹു അവനെ വിളിച്ചു. ഒരു മുബാറക് അഹ്മദ് അല്ല, ഒരായിരം പുത്രന്മാർ ഉണ്ടാവുകയും അവർ മരിക്കുകയും ചെയ്താലും ശരി, എന്റെ റബ്ബ് സന്തോഷവാനായിരിക്കണം. അവിടുത്തെ കല്പന നടപ്പിലാകണം, അതിലാണ് എന്റെയും സന്തോഷം.’ ഇത് കണ്ടപ്പോൾ അനുശോചനം രേഖപ്പെടുത്താൻ വന്ന ഞങ്ങളിൽ ആർക്കും ഒന്നും പറയാൻ ധൈര്യമുണ്ടായില്ല.’*(സീറത്തുൽമഹ്ദി വാല്യം 2, രിവായത്ത് നമ്പർ 1191)*

ഹദ്റത്ത് നവാബ് മുബാറക ബീഗം സാഹിബ ﷺ എഴുതുന്നു: ‘അല്ലാഹുവിന്റെ പരിശുദ്ധ അസ്തിത്വത്തോടുള്ള അവിടുത്തെ നിർവ്യാജമായ അനുരാഗം എപ്പോഴും പ്രദൃശ്യമായിരുന്നു. ഒരിക്കൽ അവിടുന്ന് തേങ്ങിക്കരഞ്ഞുകൊണ്ട് പ്രാർത്ഥിക്കുന്നത് ഞാൻ കണ്ടു. വളരെ വേദനയോടെ തന്റെ യജമാനനെ, തന്റെ പ്രിയതമനെ അവിടുന്ന് വിളിക്കുകയായിരുന്നു. അവിടുത്തെ നാവിൽ നിന്ന് **‘മേരേ പ്യാരേ അല്ലാഹ്, മേരേ പ്യാരേ അല്ലാഹ്’** (എന്റെ പ്രിയപ്പെട്ട അല്ലാഹുവേ) എന്ന വിളി ആവർത്തിച്ചു വന്നുകൊണ്ടിരുന്നു. ഇത് ഞാൻ നേരിട്ട് കണ്ടതാണ്. അവിടുന്ന് റസൂൽ തിരുമേനിയിൽ പ്രണയബദ്ധനായിരുന്നു. തന്റെ നാഥനിൽ അനുരക്തനായിരുന്നു. അവിടുത്തെ മുഖത്ത് ആ പ്രണയദീപ്തി പ്രകടമായിരുന്നു. ആ വെളിച്ചമായിരുന്നു അവിടുത്തെ നാവിൽനിന്ന് ഒഴുകിയിരുന്നത്. അവിടുത്തെ വാക്കുകളിൽ ആ പ്രകാശത്തിന്റെ നീരുറവകൾ നിർഗമിക്കുന്നുണ്ടായിരുന്നു; എന്നാൽ ആത്മീയമായി അന്ധരായവർക്ക് അത് കാണാൻ കഴിഞ്ഞില്ല.’ *(തഹ്‌രീറാത്തെ മുബാറകപേജ് 312-313)*

ലുധിയാനയിലെ പ്രശസ്ത സൂഫി വര്യനായിരുന്ന ഹദ്റത്ത് മുൻശി അഹ്മദ് ജാൻ സാഹിബ് ഹജ്ജിന് പോകാൻ തയ്യാറെടുത്തപ്പോൾ, ഹജ്ജിന് പോകുന്നതിനു മുൻപേ ഹദ്റത്ത് അഖ്ദസ് മസീഹ് മൗഊദ് അദ്ദേഹത്തിന് ഒരു കത്തെഴുതി. അതിൽ അവിടുന്ന് ഇപ്രകാരം രേഖപ്പെടുത്തി:

‘അല്ലാഹുവിന്റെ കൃപയാൽ നിങ്ങൾക്ക് ബൈത്തുല്ലാഹ് (കഅബ) സന്ദർശിക്കാൻ സാധിക്കുമ്പോൾ, ഈ നിസ്സാരനായ ദൈവദാസന് വേണ്ടി ആ പുണ്യസ്ഥലത്ത് വെച്ച് അത്യന്തം വിനയത്തോടും ആർദ്രതയോടും വിരഹവേദനയോടും ഹൃദയവ്യഥയോടുംകൂടി ഇപ്രകാരം അപേക്ഷിക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുന്നു:

’അല്ലയോ അർഹമുർ റാഹിമീൻ! നിന്റെ ഭൂമിയിൽ, ഇന്ത്യയെന്ന രാജ്യത്ത് നിന്റെ നിസ്സാരനും പാപിയും അയോഗ്യനുമായ അഹ്മദ് എന്നൊരു ദാസനുണ്ട്. അവൻ ഇപ്രകാരം അപേക്ഷിക്കുന്നു: അല്ലയോ കാരുണ്യവാനായ തമ്പുരാനേ! നീ എന്നിൽ സംപ്രീതനാവുകയും എന്റെ തെറ്റുകളും പാപങ്ങളും പൊറുത്തുതരികയും ചെയ്യേണമേ. നീ ഏറെ പൊറുക്കുന്നവനും കരുണാനിധിയുമാണല്ലോ. നിനക്ക് ഏറ്റവും പ്രിയപ്പെട്ട പ്രവൃത്തികൾ എന്നെക്കൊണ്ട് ചെയ്യിക്കേണമേ. എനിക്കും എന്റെ ദേഹേച്ഛയ്ക്കും ഇടയിൽ ധ്രുവാന്തരം ദൂരം സംജാതമാക്കേണമേ. എന്റെ ജീവിതവും മരണവും എനിക്കുള്ള എല്ലാ ശക്തിയും നിന്റെ മാർഗ്ഗത്തിൽ മാത്രമാക്കേണമേ. നിന്റെ സ്നേഹത്തിൽ എന്നെ ജീവിപ്പിക്കുകയും നിന്റെ സ്നേഹത്തിൽ തന്നെ എന്നെ മരിപ്പിക്കുകയും നിന്റെ ഉത്തമരായ സ്നേഹിതന്മാരുടെ കൂട്ടത്തിൽ എന്നെ ഉയിർപ്പിക്കുകയും ചെയ്യേണമേ.

ഹേ അർഹമുർ റാഹിമീൻ! ഏത് കാര്യത്തിന്റെ പ്രചാരണത്തിനായാണോ നീ എന്നെ നിയോഗിച്ചത്, ഏത് സേവനത്തിനായാണോ നീ എന്റെ ഹൃദയത്തിൽ ആവേശമുണ്ടാക്കിയത്, അത് നിന്റെ കൃപയാൽ പൂർത്തീകരിച്ചു തരേണമേ. ഈ വിനീതന്റെ കൈകളാൽ ഇസ്‌ലാമിന്റെ സത്യസന്ധത ശത്രുക്കളുടെയും ഇസ്ലാമിനെക്കുറിച്ച് അറിവില്ലാത്തവരുടെയും മുന്നിൽ തെളിയിച്ചുകൊടുക്കേണമേ. ഈ വിനീതനെയും എന്റെ ആത്മാർത്ഥരായ സുഹൃത്തുക്കളെയും നിന്റെ മഗ്ഫിറത്തിന്റെയും (പാപമോചനം) കാരുണ്യത്തിന്റെയും തണലിൽ നിർത്തി ഇരുലോകത്തും ഞങ്ങളുടെ സംരക്ഷകനാവുകയും ഞങ്ങളെയെല്ലാം നിന്റെ തൃപ്തിയുടെ ഭവനത്തിൽ എത്തിക്കുകയും ചെയ്യേണമേ. അദ്ദേഹത്തിലും അനുചരന്മാരിലും കൂടുതലായി അനുഗ്രഹം വർഷിച്ചാലും. *(സീറത്ത് മസീഹ് മൗഊദ്, ഹദ്റത്ത് യഅ്ഖൂബ് അലി സാഹിബ് പേജ് 541-542)*

ആ പ്രാർഥനയിലെ ഏതാനും ഭാഗം മാത്രമാണ് ഞാൻ ചൊല്ലിയത്. ഇടയ്ക്ക് ചിലത് വിട്ട് പോയിരിക്കാം. ഏതായാലും, ഹദ്റത്ത് മുൻശി സാഹിബ്, ഹദ്റത്ത് മസീഹ് മൗഊദ് -ന്റെ നിർദ്ദേശപ്രകാരം ആ വർഷം ഹജ്ജ് വേളയിൽ ബൈത്തുല്ലാഹിയിലും അറഫാ മൈതാനിയിലും വെച്ച് ഈ പ്രാർത്ഥന നടത്തി. ഇതിലെ ഓരോ വാക്കും ദൈവസ്നേഹത്താൽ മുഖരിതമാണെന്ന് നമുക്ക് കാണാം. ഏകനായ ദൈവത്തോടുള്ള സ്നേഹമാണ് അത് പ്രകടിപ്പിക്കുന്നത്. ദൈവത്തോടുള്ള അവിടുത്തെ അനുരാഗം ആ വാക്കുകളുടെ ഓരോ തന്തുക്കളിലും തുടിക്കുന്നുണ്ട്.

ഹദ്റത്ത് മസീഹ് മൗഊദ് ഒരിടത്ത് ഇപ്രകാരം അരുളി:

‘ദൈവത്തെ സ്നേഹിക്കുന്നതിനും അവനെ അനുസരിക്കുന്നതിനും കഠിനമായ ശിക്ഷ നൽകപ്പെടുമെന്ന് എനിക്ക് ഉറപ്പായാൽ പോലും, എന്റെ പ്രകൃതം ആ പരീക്ഷണങ്ങളെയും കഷ്ടപ്പാടുകളെയും വലിയൊരു മാധുര്യത്തോടും ആവേശത്തോടും കൂടി ഏറ്റുവാങ്ങാൻ തയ്യാറാകുമെന്ന് ഞാൻ സത്യം ചെയ്ത് പറയുന്നു. ആ ഒരു ദൃഢവിശ്വാസത്തോടുകൂടി എനിക്ക് ശിക്ഷയും ക്ലേശവും സഹിക്കേണ്ടി വന്നാലും അല്ലാഹുവിനോടുള്ള അനുസരണത്തിൽനിന്ന് പുറത്ത് കാലെടുത്ത് വയ്ക്കുന്നത് ആയിരക്കണക്കിന് മരണങ്ങളേക്കാളും വലിയ വേദനയായും ദു:ഖങ്ങളുടെയും ദുരിതങ്ങളുടെയും സഞ്ചയമായുമാണ് ഞാൻ കരുതുന്നത്.’ *(മൽഫൂദാത്ത് വാല്യം 2, പേജ് 517, 2022 പതിപ്പ്)*

തുടർന്ന് അവിടുന്ന് അരുളി: ‘സർവ്വശക്തനായ ഒരു ദൈവം തനിക്കുണ്ടെന്ന് ഇതുവരെ തിരിച്ചറിയാത്ത മനുഷ്യൻ എത്ര ദുർഭാഗ്യവാനാണ്! നമ്മുടെ സ്വർഗ്ഗം നമ്മുടെ ദൈവമാണ്. നമ്മുടെ പരമമായ ആനന്ദം നമ്മുടെ ദൈവത്തിലാണ്. കാരണം നമ്മൾ അവനെ കണ്ടു, എല്ലാ സൗന്ദര്യവും അവനിൽ കണ്ടെത്തി. ജീവൻ നൽകേണ്ടി വന്നാലും ഈ സമ്പത്ത് നേടേണ്ടതാണ്. ശരീരം മുഴുവൻ നഷ്ടപ്പെട്ടാലും ഈ രത്നം (ലഅ്ൽ) വാങ്ങേണ്ടതാണ്. ഹേ ഹതഭാഗ്യരേ! നിങ്ങളെ ദാഹശമിപ്പിക്കാൻ ആ നീരുറവയിലേക്ക് ഓടിയടുക്കൂ. ഇതാണ് നിങ്ങളെ രക്ഷിക്കുന്ന ജീവന്റെ നീരുറവ. ഞാൻ എന്ത് ചെയ്യും? എങ്ങനെയാണ് ഈ സുവാർത്ത നിങ്ങളുടെ ഹൃദയങ്ങളിൽ എത്തിക്കുക? ഏത് പെരുമ്പറയടിച്ചാണ് ഞാൻ തെരുവുകളിൽ വിളിച്ചു പറയുകഇതാ നിങ്ങളുടെ ദൈവം എന്ന്! ഏത് മരുന്ന് കൊണ്ടാണ് കേൾക്കാൻ വേണ്ടി ഞാൻ ജനങ്ങളുടെ കാതുകൾ ചികിത്സിക്കുക? നിങ്ങൾ ദൈവത്തിന്റേതാവുകയാണെങ്കിൽ ദൈവം നിങ്ങളുടേതായിരിക്കും. നിങ്ങൾ ഉറങ്ങുമ്പോഴും ദൈവം നിങ്ങൾക്ക് വേണ്ടി ഉണർന്നിരിക്കും’

‘നിങ്ങൾ ശത്രുവിനെക്കുറിച്ച് അശ്രദ്ധരായിരിക്കുമ്പോഴും ദൈവം അവനെ നിരീക്ഷിച്ചുകൊണ്ടിരിക്കും, അവന്റെ പദ്ധതികളെ അവൻ തകർക്കും. നിങ്ങളുടെ ദൈവത്തിന് എന്തെല്ലാം ശക്തികളുണ്ടെന്ന് (ഖുദ്റത്ത്) നിങ്ങൾ ഇതുവരെ അറിഞ്ഞിട്ടില്ല. അത്

നിങ്ങൾ അറിഞ്ഞിരുന്നുവെങ്കിൽ, ഈ ലോകത്തിന് വേണ്ടി നിങ്ങൾ ഇത്രത്തോളം ദുഃഖിക്കുന്ന ഒരു ദിവസം പോലും ഉണ്ടാവുമായിരുന്നില്ല. വലിയൊരു നിധി കൈവശമുള്ള ഒരാൾ, ഒരു പൈസ നഷ്ടപ്പെട്ടതിന്റെ പേരിൽ കരയുകയും നിലവിളിക്കുകയും തകർന്നുപോവുകയും ചെയ്യുമോ? നിങ്ങളുടെ എല്ലാ ആവശ്യങ്ങളിലും തുണയാകുന്ന ദൈവമാകുന്ന നിധിയെക്കുറിച്ച് നിങ്ങൾക്ക് അറിവുണ്ടായിരുന്നുവെങ്കിൽ, ഈ ദുനിയാവിന് വേണ്ടി നിങ്ങൾ ഇത്രത്തോളം ബോധരഹിതരാകുമായിരുന്നോ? അല്ലാഹു അത്യന്തം പ്രിയപ്പെട്ടൊരു നിധിയാണ്, അവനെ ആദരിക്കുക; നിങ്ങളുടെ ഓരോ ചുവടിലും അവൻ നിങ്ങളുടെ സഹായിയാണ്. അവനില്ലാതെ നിങ്ങൾ ഒന്നുമല്ല, നിങ്ങളുടെ ഭൗതികഉപാധികൾക്കോ തന്ത്രങ്ങൾക്കോ യാതൊരു വിലയുമില്ല.' *(കശ്തിയെ നൂഹ്, റൂഹാനീ ഖസാഇൻ വാല്യം 19, പേജ് 21-22)*

ദൈവത്തോടുള്ള തന്റെ സ്നേഹം അത്യന്തം മനോഹരമായി അവിടുന്ന് ഇപ്രകാരം പ്രകടിപ്പിച്ചു:

'ഓ എന്റെ ദൈവമേ! എന്റെ രക്ഷിതാവേ! എന്റെ പ്രിയപ്പെട്ട ഉടമസ്ഥാ! എന്റെ പ്രിയതമാ! എന്റെ പ്രണയിതാവേ! ലോകം എന്നെ കാഫിർ (സത്യനിഷേധി) എന്ന് വിളിക്കുന്നു; എന്നാൽ നിന്നെക്കാൾ പ്രിയപ്പെട്ട മറ്റൊരാളെ എനിക്ക് കണ്ടെത്താൻ കഴിയുമോ? അങ്ങനെയൊരാൾ ഉണ്ടായിരുന്നുവെങ്കിൽ നിന്നെ ഞാൻ ഉപേക്ഷിക്കുമായിരുന്നു. എന്നാൽ ഞാൻ കാണുന്നത് എന്തെന്നാൽ ലോകം എന്നെ മറക്കുമ്പോൾ, എന്റെ സുഹൃത്തുക്കൾക്കോ ശത്രുക്കൾക്കോ ഞാൻ ഏത് അവസ്ഥയിലാണെന്ന് പോലും അറിയാത്ത നേരത്ത്, നീ എന്നെ ഉണർത്തുകയും അത്യന്തം സ്നേഹത്തോടെയും കരുണയോടെയും **'ദുഃഖിക്കേണ്ട, ഞാൻ നിന്റെ കൂടെയുണ്ട്'** എന്ന് ആശ്വസിപ്പിക്കുകയും ചെയ്യുന്നു. എന്റെ രക്ഷിതാവേ! ഇത്ര വലിയ അനുഗ്രഹങ്ങൾ ഉണ്ടായിരിക്കെ എനിക്ക് നിന്നെ എങ്ങനെ ഉപേക്ഷിക്കാൻ കഴിയും? ഒരിക്കലുമില്ല, ഒരിക്കലുമില്ല!' *(സീറത്ത് ഹദ്റത്ത് ബാനിയെ സിൽസില അഹ്മദിയ്യ, തഖ്‌രീർ, മൗലാനാ ശരീഫ് അഹ്മദ് അമീനി സാഹിബ് പേജ് 23-24)* ഹദ്റത്ത് മസീഹ് മൗഊദ് അരുളുന്നു: 'എനിക്ക് ലഭിച്ചിട്ടുള്ള ദൃഷ്ടാന്തങ്ങളെ എണ്ണിത്തീർക്കാൻ എനിക്ക് കഴിയില്ല. നീ തന്നെയാണ് എന്റെ ദൈവമെന്ന് ഞാൻ നിന്നെ തിരിച്ചറിയുന്നു. അതുകൊണ്ട് തന്നെ, ഒരു മുലകുടിക്കുന്ന കുഞ്ഞ് തന്റെ അമ്മയെ കാണുമ്പോൾ ആഹ്ലാദിക്കുന്നതുപോലെ നിന്റെ നാമം കേൾക്കുമ്പോൾ എന്റെ ആത്മാവ് തുടിക്കുന്നു. എന്നാൽ ഭൂരിഭാഗം ആളുകളും എന്നെ തിരിച്ചറിഞ്ഞില്ല, എന്നെ സ്വീകരിച്ചതുമില്ല.' *(തിർയാഖുൽഖലൂബ്, റൂഹാനീ ഖസാഇൻ വാല്യം 15 പേജ് 511)*

തിരുനബി യുടെ പൂർണ്ണമായ അനുസരണത്തിലൂടെ ഹദ്റത്ത് അഖ്ദസ് മസീഹ് മൗഊദ് -ന് അല്ലാഹുവിലുണ്ടായ ആ സ്നേഹവും അനുരാഗവുമാണിത്. ഇതേ സ്നേഹം വളർത്തിയെടുക്കാൻ അവിടുന്ന് തന്റെ ജമാഅത്തിനോടും ഉപദേശിച്ചു. അവിടുന്ന് അരുളി:

'ഏതൊരു ത്യാഗത്തിനും നിങ്ങൾ സന്നദ്ധരാവുക. അല്ലാഹുവിനുവേണ്ടി നിങ്ങൾ ത്യാഗം ചെയ്യുകയും അവനെ സ്നേഹിക്കുകയും അവനോടുള്ള കടമ നിറവേറ്റുകയും ചെയ്താൽ, അല്ലാഹു നിങ്ങളെയും സ്നേഹിക്കും. അവൻ നിങ്ങളെ എല്ലാ ശത്രുക്കളിൽ നിന്നും എല്ലാ കഷ്ടപ്പാടുകളിൽ നിന്നും സംരക്ഷിക്കും. അവന്റെ പ്രീതിക്കായി നിങ്ങൾ ചെയ്യുന്ന എല്ലാ പ്രവർത്തികൾക്കും ഈ ലോകത്തും പരലോകത്തും അല്ലാഹു നിങ്ങൾക്ക് എണ്ണമറ്റ പ്രതിഫലങ്ങൾ നൽകും.'

അല്ലാഹു നമ്മെ അവനെ സ്നേഹിക്കുന്നവരും അവന്റെ പ്രിയപ്പെട്ട ദാസന്മാരും ആക്കിത്തീർക്കട്ടെ.

ഇന്നലെ മുതൽ പുതുവർഷം ആരംഭിച്ചിരിക്കുകയാണ്, എല്ലാവരും പരസ്പരം ആശംസകൾ നേരുന്നുമുണ്ട്. ഈ വർഷം നമുക്ക് എണ്ണമറ്റ അനുഗ്രഹങ്ങളുടെ വർഷമാകട്ടെ എന്ന് നമുക്ക് പ്രാർത്ഥിക്കാം. അല്ലാഹു ശത്രുക്കളുടെയും എതിരാളികളുടെയും പദ്ധതികളെ തകർക്കുകയും ജമാഅത്തിന് മുൻപത്തേക്കാൾ വലിയ പുരോഗതികൾ നൽകുകയും ചെയ്യട്ടെ.

വിദേശ രാജ്യങ്ങളിൽ, പ്രത്യേകിച്ച് സ്വാതന്ത്ര്യമുള്ള രാജ്യങ്ങളിൽ താമസിക്കുന്ന നമ്മൾ പുതുവത്സരം ആഘോഷിക്കുമ്പോൾ, പാകിസ്ഥാനിലും മറ്റും ദൈവമാർഗത്തിൽ തടവിലാക്കപ്പെട്ട നമ്മുടെ സഹോദരങ്ങളെ പ്രാർത്ഥനകളിൽ ഓർത്തുകൊള്ളുക. കഴിഞ്ഞ ദിവസങ്ങളിൽ ഞാൻ സൂചിപ്പിച്ചതുപോലെ, പാകിസ്ഥാൻ ജയിലിൽ കഴിയുന്ന മുബാറക് സാനി സാഹിബിന് ജീവപര്യന്തം ശിക്ഷ വിധിച്ചിരിക്കുകയാണ്; മറ്റ് പല സഹോദരങ്ങളും തടവറയിലാണ്. ഈ അവസ്ഥയിലും യാതൊരു പരാതിയുമില്ലാതെ അല്ലാഹുവിന് നന്ദി പറഞ്ഞുകൊണ്ടാണ് അവർ പുതുവർഷത്തിലേക്ക് പ്രവേശിക്കുന്നത്.

അല്ലാഹുവിന്റെ പ്രീതിക്കായി അവർ കൈകളിൽ ഇരുമ്പ് വിലങ്ങുകൾ അണിഞ്ഞിരിക്കുന്നു. അല്ലാഹു അവരുടെ മോചനം എത്രയും വേഗം എളുപ്പമാക്കട്ടെ. നമുക്കും ആ തടവുകാർക്കും പ്രയാസങ്ങൾ അനുഭവിക്കുന്ന എല്ലാ അഹ്മദികൾക്കും അല്ലാഹുവിനോടുള്ള സ്നേഹത്തിന്റെ ഗ്രാഹ്യം മുൻപത്തേക്കാൾ വർദ്ധിപ്പിച്ചു നൽകട്ടെ. പ്രതിസന്ധികൾ കാരണം ദൈവത്തോടുള്ള നമ്മുടെ സ്നേഹം കുറഞ്ഞുപോകുന്നതിന് പകരം അത് വർദ്ധിക്കാൻ ഇടയാകട്ടെ.

ലോകത്ത് അടിച്ചമർത്തപ്പെട്ടവർക്കു വേണ്ടി പ്രാർത്ഥിക്കുക. അക്രമിക്കപ്പെട്ടവരെ അക്രമി കളുടെ കൈകളിൽ നിന്ന് അല്ലാഹു രക്ഷിക്കുകയും ലോകത്ത് സമാധാനം സ്ഥാപിതമാകുകയും ചെയ്യട്ടെ. ആമീൻ

'നമസ്കാരത്തിന് ശേഷം ഞാൻ മൂന്ന് ജനാസ ഗൈബ് നിർവഹിക്കുന്നതാണ്. അതിൽ ആദ്യത്തേത് സയ്യിദ് അഹ്മദ് സാഹിബ് നാസറിന്റെ ഭാര്യയായിരുന്ന രഹാന ബാസിമ സാഹിബയുടേതാണ്. 90-ാം വയസ്സിൽ കഴിഞ്ഞ ദിവസമാണ് അവർ അന്തരിച്ചത്. *(ഇന്നാ ലില്ലാഹി വ ഇന്നാ ഇലൈഹി റാജിഊൻ).* അല്ലാഹുവിന്റെ കൃപയാൽ അവർ ഒരു 'മൂസിയ' ആയിരുന്നു.

ഹദ്റത്ത് മസീഹ് മൗഊദ് -ന്റെ പൗത്രന്റെ മകളും, ഹദ്റത്ത് മിർസാ സുൽത്താൻ അഹമ്മദ് സാഹിബ് ﷺ -ന്റെ പൗത്രിയും, ഹദ്റത്ത് മിർസാ അസീസ് അഹ്മദ് സാഹിബ് ﷺ -ന്റെ മകളും, ഹദ്റത്ത് മീർ ഇസ്ഹാഖ് സാഹിബ് ﷺ -ന്റെ മകളുടെ മകളുമായിരുന്നു അവർ. വിവാഹശേഷം ഭർത്താവിനോടൊപ്പം കിഴക്കൻ ആഫ്രിക്കയിലെ കെനിയയിലേക്ക് അവർ പോയി. അവിടെ ലജ്ന പ്രവർത്തനങ്ങളിൽ സജീവമായി പങ്കെടുക്കുകയും സംഘടനാപരമായ തലങ്ങളിൽ സേവനമനുഷ്ഠിക്കുകയും ചെയ്തു.

അവരുടെ രണ്ട് പുത്രന്മാർ 'വാഖിഫെ സിന്ദഗി' ആണ്. സയ്യിദ് താഹിർ അഹമ്മദ് (അഡീഷണൽ നാളിർ ഇശാഅത്ത്, റബ്‌വ), സയ്യിദ് മുസഫർ അഹ്മദ് നിളാമെ ജാഇദാദിൽ പ്രവർത്തിക്കുന്നു. പുത്രന്മാർ മൂന്ന് പേരാണ്. മൂന്നാമത്തെത് അനീസ് അഹമ്മദ്. മകൾ സുൽത്താന മിർസാ സുൽത്താൻ അഹ്മദ് സാഹിബിന്റെ പത്നിയാണ്. ഫർഹാന മിർസാ കലീം അഹമ്മദ് സാഹിബിന്റെ ഭാര്യ അഥവാ മിർസാ വസീം അഹ്മദ് സാഹിബിന്റെ മരുമകളാണ്.

അവരുടെ മകൻ സയ്യിദ് താഹിർ അഹമ്മദ് വിവരിക്കുന്നു: 'ഉമ്മാക്ക് ഖുർആനിനോട് വലിയ സ്നേഹവും താല്പര്യവുമായിരുന്നു. കൃത്യമായും ധാരാളമായും അവർ ഖുർആൻ പാരായണം ചെയ്യുമായിരുന്നു. ഖിലാഫത്തിനോട് അതിരറ്റ സ്നേഹവും ആദരവുമാണ് അവർക്കുണ്ടായിരുന്നത്.' ഇക്കാര്യങ്ങൾ എല്ലാ മക്കളും എഴുതിയിരിക്കുന്നു. ഈ സ്വഭാവങ്ങൾ അവർ മക്കളിലും വളർത്തിയെടുത്തു. മകൻ അനീസ് അഹ്മദ് എഴുതുന്നു: മറ്റുള്ളവരുടെ സന്തോഷത്തിലും ദുഃഖത്തിലും അവർ പങ്കുചേരുമായിരുന്നു. ചന്ദകൾ (സാമ്പത്തിക വിഹിതം) കൃത്യമായി നൽകാൻ അവർ മക്കളെ ഉപദേശിക്കുകയും അത് നൽകിയോ എന്ന് അന്വേഷിക്കുകയും ചെയ്യുമായിരുന്നു. ഐച്ഛിക നോമ്പുകൾ (നഫ്‌ലി റോസ) എടുക്കാൻ അവർ പ്രോത്സാഹിപ്പിച്ചിരുന്നു.

അവരുടെ മകൾ ഫർഹാന ഫൗസിയ പറയുന്നു: 'കുട്ടിക്കാലം മുതൽക്കേ ഉമ്മ തഹജ്ജുദ് നമസ്കാരത്തിൽ നിഷ്ഠയുള്ളവളായിരുന്നു. നമസ്കാരം സ്വയം അനുഷ്ഠിക്കുന്നതോടൊപ്പം കൃത്യസമയത്ത് നമസ്കരിക്കാൻ അവർ മക്കളെ പ്രേരിപ്പിക്കുകയും ചെയ്യുമായിരുന്നു. ഖുർആൻ പാരായണം ചെയ്തിരുന്നതിനാൽ പല വലിയ സൂറത്തുകളും അവർക്ക് മനഃപാഠമായിരുന്നു. ഉച്ചത്തിൽ ഖുർആൻ പാരായണം ചെയ്യാൻ അവർ ഞങ്ങളോട് പറയുമായിരുന്നു. വിശുദ്ധ ഖുർആൻ നിരന്തരം പാരണം ചെയ്യുകയും ആഴത്തിൽ പഠിക്കുകയും ചെയ്തി

നാലാണ് ഈ ഗുണങ്ങൾ അവരിൽ സംജാതമായത്. ഞങ്ങൾ തിലാവത്ത് ചെയ്യുമ്പോഴെല്ലാം അത് കേൾക്കുന്ന സമയത്ത് തെറ്റു തിരുത്തുമായിരുന്നു.' അവർ നല്ലൊരു അതിഥി സൽക്കാര പ്രിയയായിരുന്നു. ഇന്ന് സൗകര്യങ്ങളൊക്കെയായി, എന്നാൽപണ്ട് ഗീസറുകളും ബോയിലറുകളും മറ്റും ഇല്ലാതിരുന്ന തണുപ്പുകാലത്ത് അവർ നേരത്തെ എഴുന്നേറ്റ് അതിഥികൾക്ക് വുദു എടുക്കാൻ അവർ സ്വയം വെള്ളം ചൂടാക്കി നൽകുമായിരുന്നു.

ഇവരുടെ ഭർത്താവും മീർ ഇസ്മായീൽ സാഹിബിന്റെ മകനുമായ സയ്യിദ് സാഹിബ്, ഹദ്റത്ത് ഖലീഫത്തുൽ മസീഹ് നാലാമന്റെ സുഹൃത്തായിരുന്നു. യാത്ര ചെയ്യുമ്പോൾ ഇവരുടെ വീട്ടിലാണ് താമസിച്ചിരുന്നത്. ഹദത്ത് ഖലീഫത്തുൽ മസീഹ് റാബിഅ് തന്നെ പറഞ്ഞിട്ടുണ്ട്: അവരുടെ വീട്ടിൽ താമസിക്കുമ്പോൾ എനിക്ക് വുദു എടുക്കാൻ അവർ അതിരാവിലെ തന്നെ കുളിമുറിയിൽ ചൂടുവെള്ളം കരുതിവെക്കുമായിരുന്നു. അവർക്ക് ബുദ്ധിമുട്ടാവാതിരിക്കാൻ ഒരു ദിവസം ഞാൻ നേരത്തെ എഴുന്നേറ്റ് വെള്ളം ചൂടാക്കാമെന്ന് കരുതി; എന്നാൽ ഞാൻ എഴുന്നേറ്റ് ചെല്ലുമ്പോഴേക്കും അവർ അവിടെ വെള്ളം തയ്യാറാക്കി വെച്ചിട്ടുണ്ടായിരുന്നു. അവർ സാമ്പത്തിക പ്രയാസങ്ങൾ നേരിട്ടിരുന്നെങ്കിലും നല്ല രീതിയിൽ അവർ വീട് പുലർത്തിക്കൊണ്ട് പോയി.

ഞാൻ പറഞ്ഞതുപോലെ അവർ ആദ്യം കെനിയയിലായിരുന്നു.കെനിയയിൽ നിന്ന് ഹദ്റത്ത് ഖലീഫത്തുൽ മസീഹ് മൂന്നാമന്റെ (റഹ്) നിർദ്ദേശപ്രകാരമാണ് അവർ പാകിസ്ഥാനിലേക്ക് മടങ്ങിയത്. അവിടെ സാമ്പത്തികമായ പ്രയാസങ്ങൾ നേരിട്ടെങ്കിലും അത്യന്തം ക്ഷമയോടെയും (സബ്ർ) സംതൃപ്തിയോടെയും അവർ വീട് നയിച്ചു. അവരുടെ സഹോദരി അതീഖ ഫർസാന പറയുന്നു: 'അവർക്ക് ജമാഅത്തിനോട് വലിയ ആത്മവീര്യമായിരുന്നു (ഗൈറത്ത്). ജമാഅത്തിനെതിരെ ഒന്നും കേൾക്കാൻ അവർ ഇഷ്ടപ്പെട്ടിരുന്നില്ല.'

അവരുടെ മറ്റൊരു സഹോദരി ദുർശെഹ്‌വാർ ദുർദാന പറയുന്നു: 'അലാറം ഇല്ലാതെ തന്നെ തഹജ്ജുദിന് ഉണരുന്ന ശീലമായിരുന്നു അവർക്ക്. തന്റെ അഞ്ച് പെൺമക്കളുടെ വിവാഹക്കാര്യത്തിൽ ഞാൻ ആശങ്കപ്പെട്ടപ്പോൾ 'വിഷമിക്കേണ്ട, അല്ലാഹുനല്ല നിലയിൽ ഇവർക്ക് വിവാഹബന്ധം ഉണ്ടാക്കും' എന്ന് അവർ പറയുമായിരുന്നു. അല്ലാഹു പിന്നീട് എല്ലാം ഭംഗിയായി നടത്തിക്കൊടുത്തു.' അത്യന്തം ക്ഷമാശീലയും നന്ദിയുള്ളവളും (ശാക്കിറ) ധൈര്യശാലിയുമായിരുന്നു അവർ. അല്ലാഹു അവർക്ക് മഗ്ഫിറത്തും കരുണയും ചൊരിയട്ടെ. ആമീൻ.

അടുത്ത അനുസ്മരണം ലൈബീരിയയിലെ മുൻ നാഷണൽ ലജ്ന പ്രസിഡന്റായിരുന്ന ഇഫത്ത് ഹലീം സാഹിബയെക്കുറിച്ചാണ്. ലൈബീരിയയിലെ മൺറോവിയ ക്ലിനിക്കിന്റെ ഇൻചാർജും വാഖിഫെ സിന്ദഗിയുമായ ഡോക്ടർ അബ്ദുൽ ഹലീം സാഹിബിന്റെ പത്നിയായിരുന്നു അവർ. രോഗിയായിരുന്ന അവർ ചികിത്സയ്ക്കായി ഹോളണ്ടിൽ എത്തിയതായിരുന്നു. ഡിസംബർ 21-ന് 59-ാം വയസ്സിൽ അവർ അന്തരിച്ചു. *(ഇന്നാ ലില്ലാഹി വ ഇന്നാ ഇലൈഹി റാജിഊൻ).* അല്ലാഹുവിന്റെ കൃപയാൽ അവർ വരുമാനത്തിന്റെ മൂന്നിലൊന്ന് (1/3) ഭാഗം വസിയ്യത്ത് ചെയ്ത 'മൂസിയ' ആയിരുന്നു.

അവരുടെ കുടുംബത്തിലേക്ക് അഹ്മദിയ്യത്ത് കടന്നുവരുന്നത് അവരുടെ പിതാമഹന്റെ പിതാവായ മുക്കർറം മുഹമ്മദ് അലി സാഹിബിലൂടെയാണ്. അദ്ദേഹം ഹദ്റത്ത് ഖലീഫത്തുൽ മസീഹ് രണ്ടാമന്റെ ﵁ കൈകളിൽ ബൈഅത്ത് ചെയ്ത വ്യക്തിയായിരുന്നു. 2004 ജൂലൈയിൽ അവർ ഭർത്താവിനോടൊപ്പം ലൈബീരിയയിലേക്ക് പോയി. 21 വർഷം അവിടെ താമസിച്ച അവർ ആ കാലയളവിൽ ലജ്ന പ്രസിഡന്റായി സേവനമനുഷ്ഠിച്ചിരുന്നു. രണ്ടു മൂന്നു വട്ടം അവർക്ക് ജമാഅത്തിനെ സേവനം സാധിച്ചു. മരണസമയത്തും അവർ ആ പദവിയിൽ സേവനമനുഷ്ഠിച്ചു വരികയായിരുന്നു.

തഹജ്ജുദ് നമസ്കാരത്തിലും നോമ്പിലും നിഷ്ഠയുള്ളവളും ഖുർആൻ പതിവായി പാരായണം ചെയ്യുന്നവരുമായിരുന്നു അവർ. ഖിലാഫത്തിനോട് അതിരറ്റ സ്നേഹവും വിശ്വസ്തതയും പുലർത്തിയിരുന്നു. തന്റെ സംഘടനാപരമായ ഉത്തരവാദിത്തങ്ങൾ അത്യന്തം ആത്മാർത്ഥതയോടെ അവർ നിർവ്വഹിച്ചു. സാമ്പത്തിക പദ്ധതികളിൽ (മാലി തഹ്‌രീകാത്ത്) സജീവമായി പങ്കെടുക്കുകയും ധാരാളമായി ദാനധർമ്മങ്ങൾ ചെയ്യുകയും ചെയ്തിരുന്നു. അതിഥി സൽക്കാരം, സൗഹൃദ മനോഭാവം, സൽസ്വഭാവം, ദുരിതമനുഭവിക്കുന്നവരെ സഹായിക്കാനുള്ള മനസ്സ് എന്നിവ അവരിൽ നിറഞ്ഞുനിന്നിരുന്നു. സച്ചരിതയായ സ്ത്രീയായിരുന്നു അവർ.

അവർ സ്വയം ഖുർആൻ പാരായണം ചെയ്യുക മാത്രമല്ല, ലജ്ന അംഗങ്ങൾക്കായി പ്രത്യേക ക്ലാസുകൾ സംഘടിപ്പിക്കുകയും കുട്ടികളെ ഖുർആൻ പഠിപ്പിക്കുകയും ആമീൻ ചെയ്യിക്കുകയും ചെയ്തിരുന്നു. അതിഥി സൽക്കാരം അവരുടെ ഒരു വലിയ ഗുണമായിരുന്നു. ഏതാനും ദിവസങ്ങൾ മാത്രമല്ല, ആഴ്ചകളോളം തന്റെ വീട്ടിൽ വരുന്ന അതിഥികളെ അവർ സന്തോഷത്തോടെ താമസിപ്പിക്കുമായിരുന്നു. റമദാൻ മാസത്തിൽ ആവശ്യക്കാർക്കായി പതിവായി അത്താഴവും ഇഫ്താറും അവർ ഒരുക്കുമായിരുന്നു. അവരെ അറിയുന്ന എല്ലാവരും ഈ ഗുണങ്ങളെക്കുറിച്ച് സ്നേഹത്തോടെ അനുസ്മരിക്കുന്നു.

ഒരു ഹൽഖാ പ്രസിഡന്റായ ആരിഫ സാഹിബ പറയുന്നു: അവർ നമസ്കാരത്തിൽ അത്യന്തം നിഷ്ഠയുള്ളവളായിരുന്നു. വീട്ടിൽ ജോലി ചെയ്തുകൊണ്ടിരിക്കുമ്പോഴാണ് നമസ്കാര സമയമാകുന്നതെങ്കിൽ, 'ആദ്യം നമസ്കരിക്കാം, ബാക്കി ജോലി അതിനുശേഷം തുടരാം' എന്ന് അവർ പറയുമായിരുന്നു. ജോലി കഴിഞ്ഞ് നമസ്കരിക്കാം എന്ന ചിന്ത അവർക്കുണ്ടായിരുന്നില്ല.

ലൈബീരിയയിലെ മിഷണറിയായ ഫറൂഖ് ഷബീർ സാഹിബ് പറയുന്നു: 'ഇഫത്ത് ഹലീം സാഹിബയുടെ വ്യക്തിത്വത്തെ ചുരുങ്ങിയ വാക്കുകളിൽ വിവരിക്കുകയാണെങ്കിൽ, അവർ അഹ്മദിയ്യത്തിന്റെ യഥാർത്ഥ മുഖമായിരുന്നു എന്ന് പറയാം.' അതുപോലെ ലൈബീരിയൻ സ്വദേശിയായ മിഷണറി മോമോ ക്രോമ സാഹിബ് പറയുന്നു: 'പലതവണ അവരുമായി സംസാരിക്കാൻ എനിക്ക് അവസരം ലഭിച്ചു. സ്വന്തം മക്കളെ അതിരറ്റ രീതിയിൽ സ്നേഹിക്കുന്ന ഒരു അമ്മയോടാണ് ഞാൻ സംസാരിക്കുന്നത് എന്നാണ് ഓരോ തവണയും എനിക്ക് തോന്നിയത്.'

അവർക്ക് സ്വന്തമായി മക്കളുണ്ടായിരുന്നില്ല. ഭർത്താവിനെ കൂടാതെ, അവർ ദത്തെടുത്തു വളർത്തിയ രണ്ട് കുട്ടികളാണുള്ളത്. ഒന്ന് ഭർത്താവിന്റെ സഹോദരപുത്രിയാണ്, 14 വയസ്സുള്ള അവർ ഇപ്പോൾ പഠിക്കുന്നു. രണ്ടാമത്തേത് ആൺകുട്ടിയാണ്. ലൈബീരിയയിലെ അഹമ്മദ് മസ്റൂർ സിങ്ബ. അവനെ ചെറുപ്പത്തിലേ ദത്തെടുത്ത് സ്വന്തം മകനെപ്പോലെ വളർത്തി. അവൻ ഇപ്പോൾ ഘാനയിലെ ജാമിയ അഹമ്മദിയ ഇന്റർനാഷണലിൽ അഞ്ചാം വർഷ (ദർജ ഖാമിസ) വിദ്യാർത്ഥിയാണ്. അല്ലാഹു ഈ കുട്ടികൾക്കുവേണ്ടിയുള്ള അവരുടെ പ്രാർത്ഥനകൾ സ്വീകരിക്കട്ടെ. അല്ലാഹു അവർക്ക് മഗ്ഫിറത്തും കരുണയും ചൊരിയട്ടെ. ആമീൻ.'

• ഹദീസുന്നബവി ﷺ •
'ഇജ്ത്തനിബൂ കുല്ല മുസ്കിരിൻ.'
എല്ലാത്തരം ലഹരി പദാർത്ഥങ്ങളിൽനിന്നും രക്ഷപ്പെട്ടുകൊള്ളുവിൻ.
TIMBELLA
BEAUTY FROM TIMBER
—NILAMBUR—
SCAN(BAR-CODE) FOR OUR NILAMBUR TEAK FURNITURES
ത്വാലിബെ ദുആ
BEAUTY FROM TIMBER NILAMBUR
FURNITURES FOR ENQUIRY CALL.:9744366004, 8086399638

• ഹദീസുന്നബവി ﷺ •
"അൽമുഹ്തകിറു മൽഊനുൻ."
വില കൂടുമ്പോൾ വിൽക്കാനായി ധാന്യം പൂഴ്ത്തിവെക്കുന്നവൻ ദൈവകാരുണ്യത്തിൽനിന്ന് വിദൂരസ്ഥനാണ്.
tectona
feel more confidence
tectona
feels more confidence
All Types Of Quality Furniture
ത്വാലിബെ ദുആ
Prop.M.SHAFIQ - 80752 12141 , M.MUSTAFA - 91887 68150
M.MUNEER - 99468 71947, KARULAI, MALAPURAM

'മൂന്നാമത്തെ അനുസ്മരണം ഈജിപ്തിലെ അബ്ദുൽ അലീം അൽ-ബർബറി സാഹിബിന്റേതാണ്. 64-ാം വയസ്സിൽ കഴിഞ്ഞ ദിവസമാണ് അദ്ദേഹം അന്ത .രിച്ചത്. *(ഇന്നാ ലില്ലാഹി വ ഇന്നാ ഇലൈഹി റാജിഊൻ).* പരേതൻ അത്യന്തം സൽസ്വഭാവിയും ആത്മസമർപ്പണം ചെയ്ത അഹ്മദിയുമായിരുന്നു. അദ്ദേഹത്തിന്റെ ഭാര്യയും മകളും അല്ലാഹുവിന്റെ കൃപയാൽ അഹ്മദികളാണ്.

ഭാര്യ എഴുതുന്നു: 'എന്റെ ഭർത്താവിന് അല്ലാഹുവോട് എത്രത്തോളം സ്നേഹമുണ്ടായിരുന്നുവെന്നാൽ, അല്ലാഹുവിനെ സ്മരിക്കാൻ (ദിക്ർ) വേണ്ടി മാത്രം ജനിച്ച ഒരാളാണ് അദ്ദേഹം എന്ന് തോന്നിപ്പോകുമായിരുന്നു. അത്രത്തോളം ഉന്നതമായ സ്വഭാവമായിരുന്നു അദ്ദേഹത്തിന്റേത്. ആരെക്കുറിച്ചും മോശമായി സംസാരിച്ചിരുന്നില്ല. ഞങ്ങളുടെ 31 വർഷത്തെ ദാമ്പത്യ ജീവിതത്തിൽ അദ്ദേഹം എന്നെ ഒരിക്കൽ പോലും വേദനിപ്പിച്ചിട്ടില്ല; അത്രയും ഉത്തമനായ ഒരു ഭർത്താവായിരുന്നു അദ്ദേഹം.'

ഇദ്ദേഹത്തിന്റെ 2008-ൽ ഞാഅ അൽ-അറബിയ്യ കണ്ടതിനെത്തുടർന്നാണ് ബൈഅത്ത് ചെയ്തത്. മറിച്ച്,2008-ൽ ഞാഅ അൽ-അറബിയ്യ കണ്ടതിനെത്തുടർന്നാണ് അബ്ദുൽ അലീം സാഹിബും മകളും ബൈഅത്ത് ചെയ്തത്. അദ്ദേഹത്തിന്റെ ഭാര്യ തുടക്കത്തിൽ അഹ്മദിയ്യത്തിനെ കഠിനമായി എതിർക്കുകയും അവർക്ക് ഒരുപാട് ബുദ്ധിമുട്ടുകൾ ഉണ്ടാക്കുകയും ചെയ്തിരുന്നു. കുടുംബാംഗങ്ങൾ മുഖേനയും ദ്രോഹിച്ചിരുന്നു. എന്നാൽ പിതാവും മകളും അതെല്ലാം ക്ഷമയോടെ നേരിട്ടു. ഭാര്യ വിവരിക്കുന്നു: 'ഒരിക്കൽ എന്റെ ഭർത്താവ് നമസ്കാരത്തിന് ശേഷം ഉറക്കെ പ്രാർത്ഥിക്കുന്നത് ഞാൻ കേട്ടുഅല്ലാഹുവേ, ഒന്നുകിൽ നീ എന്റെ ഭാര്യയ്ക്ക് സന്മാർഗ്ഗം (ഹിദായത്ത്) നൽകേണമേ, അല്ലെങ്കിൽ അവളെ എന്നിൽ നിന്ന് ദൂരേക്ക് കൊണ്ടുപോകേണമേ. ഈ പ്രാർത്ഥന എന്നെ വല്ലാതെ സ്വാധീനിച്ചു. ഒരു മാസത്തിന് ശേഷം അല്ലാഹുവിന്റെ കൃപയാൽ എന്റെ മനസ്സ് തുറക്കുകയും ഞാൻ ബൈഅത്ത് ചെയ്യുകയും ചെയ്തു. തങ്ങൾക്ക് സന്മാർഗം ലഭിക്കുന്നില്ല എന്നാണല്ലോ ആളുകൾ പറയാറ്. ആത്മാർത്ഥമായി സന്മാർഗ്ഗം ആഗ്രഹിക്കുന്നവർക്ക് അല്ലാഹു തീർച്ചയായും വഴി കാട്ടിക്കൊടുക്കും എന്നതിന് ഉദാഹരണമാണിത്.

ബൈഅത്തിന് ശേഷം അദ്ദേഹത്തിന്റെ സഹോദരന്മാർ കഠിനമായി എതിർത്തു. എന്നാൽ അദ്ദേഹം അഹ്മദിയ്യ ത്തിൽ ഉറച്ചു നിന്നു. അദ്ദേഹത്തെ അഹമ്മദിയ്യത്തിൽ നിന്ന് മാറ്റാൻ അവർ പ്രശസ്തനായ ഒരു മൗലവിയെ കൊണ്ടുവന്നു. എന്നാൽ ആ മൗലവി പരാജയപ്പെട്ടു. അബ്ദുൽ അലീം സാഹിബ് അദ്ദേഹത്തിന് നൽകിയ മറുപടി ഇതായിരുന്നു: 'ഹദ്റത്ത് മസീഹ് മൗഊദ് -ന്റെ സത്യസന്ധത എന്റെ ഹൃദയത്തിൽ ആഴത്തിൽ പതിഞ്ഞിരിക്കുന്നു. എനിക്ക് എന്റെ ഈമാനിൽ നിന്ന് പിന്മാറാൻ കഴിയില്ല. ഹദ്റത്ത് മസീഹ് മൗഊദ് -ലൂടെയാണ് എനിക്ക് ദൈവത്തെക്കുറിച്ചുള്ള യഥാർത്ഥ ജ്ഞാനം (മഅ്രിഫത്ത്) ലഭിച്ചത്, അത് എനിക്ക് ഒരു തരത്തിലും ഉപേക്ഷിക്കാൻ കഴിയില്ല.' അദ്ദേഹത്തിന് ദൈവത്തിലുള്ള സ്നേഹമാണിത്. എങ്ങനെയാണ് ഹദ്റത്ത് മസീഹ് മൗദ് ഈ സ്നേഹം സംജാതമാക്കിയതെന്ന് നോക്കൂ. ഭാര്യ പറയുന്നു: ആരാധനാകാര്യങ്ങളിൽ അദ്ദേഹം കഠിനാധ്വാനം ചെയ്യുമായിരുന്നു.

രോഗബാധിതനായിരുന്ന 11 വർഷക്കാലവും അദ്ദേഹം അത്യന്തം ക്ഷമയോടെ (സബ്ർ) അല്ലാഹുവിന്റെ വിധിയിൽ സംതൃപ്തനായി കഴിഞ്ഞു. അല്ലാഹുവിനെ കാണാൻ ആഗ്രഹിക്കുന്നവരെ അല്ലാഹുവും കാണാൻ ഇഷ്ടപ്പെടുന്നുവെന്ന് എപ്പോഴും പറയുമായിരുന്നു. അന്ത്യനിമിഷങ്ങളിലും 'അല്ലാഹ് അല്ലാഹ്' എന്ന വാക്കുകൾ അദ്ദേഹത്തിന്റെ നാവിൽ നിന്ന് പുറത്തുവന്നു.

ഈജിപ്തിലെ ജമാഅത്ത് പ്രസിഡന്റ് പറയുന്നു: 'ജമാഅത്തിനോടും ഖിലാഫത്തിനോടും അതിരറ്റ സ്നേഹം പ്രകടിപ്പിച്ചിരുന്ന വ്യക്തിയായിട്ടാണ് എനിക്ക് എപ്പോഴും അദ്ദേഹത്തെ കാണാൻ കഴിഞ്ഞത്. ചില ആളുകൾ അദ്ദേഹത്തെ കുഴപ്പങ്ങളിൽ (ഫിത്ന) വീഴ്ത്താൻ ശ്രമിച്ചെങ്കിലും അദ്ദേഹം തന്റെ ബൈഅത്ത് പ്രതിജ്ഞയിൽ ഉറച്ചുനിൽക്കുകയും വിശ്വസ്തത പുലർത്തുകയും ചെയ്തു. ഗ്രാമത്തിലെ നൂറുകണക്കിന് അനഹ്മദികൾ അഹ്മദികളോടൊപ്പം ചേർന്ന് അദ്ദേഹത്തിന്റെ ജനാസ നമസ്കാരത്തിൽ പങ്കെടുത്തു. അദ്ദേഹത്തിന്റെ മകൻ അഹ്മദിയല്ലെങ്കിലും, 'എന്റെ ജനാസ അഹ്മദികൾ തന്നെ നയിക്കണം' എന്ന് അദ്ദേഹം മകന് വസിയ്യത്ത് (ഉപദേശം) നൽകിയിരുന്നു. അതനുസരിച്ച് ജമാഅത്ത് പ്രസിഡന്റ് തന്നെ അനഹ്മദികളുടെ പള്ളിയിൽ പോയി ജനാസ നമസ്കാരം നയിക്കുകയും അനഹ്മദികൾ അതിൽ അണിചേരുകയും ചെയ്തു. മകൻ അഹ്മദിയല്ലെങ്കിലും നല്ല സ്വഭാവത്തിന് ഉടമയാണ്, ജമാഅത്തിനെക്കുറിച്ച് അദ്ദേഹം പഠിച്ചുകൊണ്ടിരിക്കുകയാണ്. അല്ലാഹു അദ്ദേഹത്തോട് മഗ്ഫിറത്തും കരുണയും ചൊരിയട്ടെ.'

താഹിർ നദീം സാഹിബും അദ്ദേഹത്തെക്കുറിച്ച് ഇപ്രകാരം എഴുതിയിട്ടുണ്ട്: 'കുറച്ച് വർഷങ്ങൾക്ക് മുൻപ് ഞാൻ ഈജിപ്ത് സന്ദർശിച്ചപ്പോൾ അദ്ദേഹത്തെ കണ്ടുമുട്ടിയിരുന്നു. അന്ന് അദ്ദേഹം തന്റെ ഭാര്യയുടെ ബൈഅത്തിനെക്കുറിച്ച് ഒരു സംഭവം എന്നോട് വിവരിച്ചു. അദ്ദേഹം പറഞ്ഞു: 'ഹദ്റത്ത് മസീഹ് മൗഊദ്-ലുള്ള എന്റെ ഈമാൻ തുടക്കം മുതലേ ശക്തമായിരുന്നു, എന്നാൽ എന്റെ പ്രാർത്ഥന സ്വീകരിച്ചുകൊണ്ട് ഭാര്യ കൂടി ബൈഅത്ത് ചെയ്തതോടെ അല്ലാഹു എന്റെ ഈമാനിനെ ഒന്നുകൂടി ദൃഢമാക്കി. കാരണം, ഒരിക്കൽ എന്റെ കടുത്ത എതിരാളിയായിരുന്ന ഭാര്യ പിന്നീട് എന്നോടൊപ്പം എല്ലാ ജമാഅത്ത് മീറ്റിംഗുകളിലും വരികയും അതീവ സന്തോഷത്തോടെ പള്ളി വൃത്തിയാക്കുന്നതും ഭക്ഷണം പാകം ചെയ്യുന്നതും ഉൾപ്പെടെയുള്ള ലജ്നയുടെ എല്ലാ പ്രവർത്തനങ്ങളിലും പങ്കുചേരുകയും ചെയ്യുമെന്ന് ആർക്കും സങ്കൽപ്പിക്കാൻ പോലും കഴിയുമായിരുന്നില്ല.' അല്ലാഹു അദ്ദേഹത്തിന്റെ മക്കളെയും ഭാര്യയെയും ആത്മാർത്ഥതയിലും വിശ്വസ്തതയിലും വർദ്ധിപ്പിക്കട്ടെ. അദ്ദേഹത്തിന്റെ മകന് ജമാഅത്ത് സ്വീകരിക്കാൻ തൗഫീഖ് നൽകട്ടെ. പരേതനോട് അല്ലാഹു പൊറുമയോടെയും കരുണയോടെയും വർത്തിക്കുമാറാകട്ടെ. ആമീൻ.

പേജ് 8ൽ നിന്ന്

ടങ്ങിയിട്ടുണ്ട്. എങ്കിലും നമ്മുടെ പ്രാർഥനകളിലോ ആരാധനകളിലോ ഉള്ള കുറവുകൾ കാരണം അതിൽ താമസം വരാതിരിക്കാൻ നമ്മൾ ശ്രദ്ധിക്കണം. നബിﷺതിരുമേനിപോലും കാർമേഘങ്ങൾ കാണുമ്പോൾ ഭയത്തോടെ പ്രാർഥിക്കുമായിരുന്നു. അതിനാൽ പ്രാർഥനകളിൽ അതീവ ശ്രദ്ധ പു


• ഹദീഥുന്നബ്വിﷺ •



**മരിച്ചവരെ ചീത്ത പറയരുത്,**
**എന്തുകൊണ്ടെന്നാൽ അവർ മുമ്പേ**
**അയച്ചിട്ടുള്ളതിലേക്കാണ് പോയിരിക്കുന്നത്.**
**(ബുഖാരി 23:77)**

ത്വാലിബെ ദുആ
**SERA SPORTS,** P.I.GROUND FLOOR
ARAFAH ARCADE 4/45A, 4/45 A1, IRINGALOOR, OPP
GOVT.H.S.S, OLAVANN, MOB-8845680091

• ഹദീഥുന്നബ്വിﷺ •

**"അന്നദമു തൗബത്തുൻ."**
**ചെയ്ത പാപത്തിൽ ലജ്ജിക്കുന്നതാണ് യഥാർഥ പശ്ചാത്താപം.**

ത്വാലിബെ ദുആ
**E.H.NAJEEB AND FAMILY**
KAKKANAD, ERNAKULAM

• ഹദീഥുന്നബ്വിﷺ •

**"ലാ തതമന്നഉൽമൗത്ത."**
**മരണം ആഗ്രഹിക്കരുത്.**

ത്വാലിബെ ദുആ
**P. SAFFAR AHMAD &FAMILY**
JAMA'ATH KARULAI, MALAPPURAM,KERALA.

ലർത്തേണ്ടതുണ്ട്. അതുപോലെ ലോകത്തെമ്പാടുമുള്ള മർദ്ദിതർക്കായി പ്രാർഥിക്കുക, അല്ലാഹു എല്ലാവർക്കും സമാധാനം നല്കുകയും കുഴപ്പങ്ങളിൽനിന്ന് രക്ഷിക്കുകയും ചെയ്യുമാറാകട്ടെ.

നമസ്കാരത്തിനുശേഷം ഞാൻ രണ്ടു ജനാസഗായിബ് നമസ്കരിക്കുന്നതാണ്.

ഒന്നാമത്തേത് മൗലാന ജലാലുദ്ദീൻ നയ്യർ സാഹിബിന്റേതാണ്. അദ്ദേഹം ഖാദിയാനിലെ സ്വദ്ർ അഞ്ചുമൻ അഹ്മദിയ്യായുടെ മുൻ പ്രസിഡന്റും മജ്‌ലിസ് തഹ്‌രീകെ ജദീദിന്റെ പ്രസിഡന്റുമായിരുന്നു. കഴിഞ്ഞ ദിവസം അദ്ദേഹം വഫാത്തായി. *ഇന്നാ ലില്ലാഹി വ ഇന്നാ ഇലയ്ഹി റജിഊൻ.* അദ്ദേഹത്തിന്റെ പിതാവ് എച്ച്. ഹുസൈൻ സാഹിബ് ലോകമഹായുദ്ധകാലത്ത് സൈന്യത്തിൽ ജോലി ചെയ്യുമ്പോഴാണ് 1922-ൽ ബസ്വറയിൽ വെച്ച് അഹ്മദിയ്യത്ത് സ്വീകരിച്ചത്. അദ്ദേഹം കേരളത്തിൽനിന്ന് പ്രസിദ്ധീകരിച്ചിരുന്ന സത്യദൂതൻ മാസികയുടെ എഡിറ്ററായിരുന്നു. 1950-ൽ ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ)ന്റെ ആഹ്വാനപ്രകാരം അദ്ദേഹം സകുടുംബം ഖാദിയാനിൽ താമസം മാറി. ഒരു വർഷത്തിനുള്ളിൽ അദ്ദേഹം വഫാത്തായി. ജലാലുദ്ദീൻ നയ്യർ സാഹിബിന്റെ മാതാവ് സുബൈദ സുൽത്താന സാഹിബ പിന്നീട് ഒരു ദർവേശായ ചൗദ്രി അബ്ദുൽ ഹഖ് സാഹിബിനെ വിവാഹം കഴിച്ചു. അദ്ദേഹം നയ്യർ സാഹിബിന്റെ സഹോദരീസഹോദരന്മാരെ പരിപാലിച്ചു വളർത്തി. ഖാദിയാനിൽ പ്രാഥമികവിദ്യാഭ്യാസം പൂർത്തിയാക്കിയ നയ്യർ സാഹിബ് 1963-ൽ മൗലവി ഫാളിൽ പരീക്ഷ പാസായി. അഞ്ചുമനിൽ നിയമിതനായി. ദീർഘകാലം ഇൻസ്പെക്ടർ ബയ്ത്തുൽമാലായി സേവനമനുഷ്ഠിച്ചു. ഇന്ത്യയിലുടനീളമുള്ള ജമാഅത്തുകൾ അദ്ദേഹം സന്ദർശിക്കാറുണ്ടായിരുന്നു. അതിന്റെ ഫലമായി, വളരെ കഠിനാധ്വാനത്തോടും സ്നേഹത്തോടുംകൂടി അദ്ദേഹം ജമാഅത്തംഗങ്ങളെ ചന്ദയുടെ സാമ്പത്തികവ്യവസ്ഥിതിയിൽ ഉൾപ്പെടുത്തിയിരുന്നു. ഇക്കാരണത്താൽത്തന്നെ, ഇന്ത്യയുടെ നാനാഭാഗങ്ങളിലുമുള്ള ജമാഅത്ത് അംഗങ്ങളുമായി അദ്ദേഹത്തിന് വ്യക്തിപരമായ ബന്ധമുണ്ടായിരുന്നു. മർഹൂമിന് 63 വർഷക്കാലം ജമാഅത്തിനെ സേവിക്കാനുള്ള സൗഭാഗ്യം ലഭിച്ചു. ആദ്യം ഇൻസ്പെക്ടർ ബയ്ത്തുൽ മാൽ ആമദ്, പിന്നെ ഓഡിറ്റർ മുഹാസിബ്, പിന്നീട് ഒരുസുദീർഘകാലത്തോളം നാളിർ ബയ്ത്തുൽ മാൽ എന്നീ നിലകളിൽ പ്രവർത്തിച്ചു. ഞാൻ സൂചിപ്പിച്ചതുപോലെ ഏഴുവർഷം സ്വദ്ർ അഞ്ചുമൻ അഹ്മദിയ്യ പ്രസിഡന്റായി നിയമിതനായിരുന്നു. പിന്നീട് ആരോഗ്യം അനുവദിക്കുന്നതുവരെ അദ്ദേഹം മജ്‌ലിസ് തഹ്‌രീകെ ജദീദിന്റെ പ്രസിഡന്റായും സേവനമനുഷ്ഠിച്ചു. അതുപോലെ പോഷക സംഘടനകളിലും സേവനം ചെയ്യാൻ അദ്ദേഹത്തിന് സൗഭാഗ്യം ലഭിച്ചു. അദ്ദേഹം വലിയൊരു ഭക്തനും നോമ്പ് നമസ്ക്കാരാദികളിലും നിഷ്ഠയുള്ളയാളുമായിരുന്നു. ഖിലാഫത്തിന്റെ ഓരോ നിർദേശവും അനുസരിക്കുന്നവരിൽ മുൻപന്തിയിലായിരുന്നു അദ്ദേഹം. അദ്ദേഹം ഒരു കായികപ്രതിഭയും അത്‌ലറ്റുമായിരുന്നു; ആ നിലയ്ക്കും അദ്ദേഹം അവിടെ കാര്യങ്ങൾ മികച്ച രീതിയിൽ സംഘടിപ്പിച്ചു. കാശ്മീരിലെ ഒരു കുടുംബത്തിലായിരുന്നു അദ്ദേഹത്തിന്റെ വിവാഹം നടന്നത്. അദ്ദേഹത്തിന്റെ പത്നി നേരത്തെ തന്നെ വഫാത്തായിരുന്നു. പരേതന് രണ്ടു ആൺമക്കളും ഒരു മകളുമുമുണ്ട. അവർ ജമാഅത്തിൽ സേവനമനുഷ്ഠിച്ചു വരുന്നു. അല്ലാഹു അദ്ദേഹത്തിന് മഗ്ഫിറത്തും മർഹമത്തും നല്കുമാറാകട്ടെ.

രണ്ടാമതായി അനുസ്മരിക്കുന്നത് മീർ ഹബീബ് അഹ്മദ് സാഹിബിനെയാണ്. 79-ാം വയസ്സിൽ അദ്ദേഹംവഫാത്തായി. *ഇന്നാ ലില്ലാഹി വ ഇന്നാ ഇലയ്ഹി റജിഊൻ.* അദ്ദേഹം വളരെ സ്നേഹനിധിയും വിനയനും ഖിലാഫത്തിനോട് അങ്ങേയറ്റം കൂറുള്ളയാളുമായിരുന്നു. അല്ലാഹുവിന്റെ കൃപയാൽ അദ്ദേഹം ഒരു മൂസിയായിരുന്നു. അദ്ദേഹത്തിന്റെ കുടുംബത്തിലേക്ക് അഹ്മദിയ്യത്ത് കടന്നുവന്നത് അദ്ദേഹത്തിന്റെ പിതാമഹൻ ബാവു അബ്ദുർറഹീം സാഹിബിലൂടെയായിരുന്നു. അദ്ദേഹം 1903-ൽ ഫാറൂഖ് മാസികയുടെ എഡിറ്ററായിരുന്ന ഹദ്റത്ത് മീർ ഖാസിം അലി സാഹിബ്(റ) മുഖേനയാണ് ബയ്അത്ത് ചെയ്തത്. ഹദ്റത്ത് മീർ ഖാസിം അലി സാഹിബിന് മക്കൾ ഇല്ലാതിരുന്നതിനാൽ മീർ ഹബീബ് സാഹിബിന്റെ പിതാവ് മുശ്താഖ് അഹ്മദ് സാഹിബിനെ അദ്ദേഹം ദത്തെടുക്കുകയായിരുന്നു. മീർ ഹബീബ് സാഹിബ് ലാഹോറിലെ ഗവൺമെന്റ് കോളേജിൽനിന്ന് എഫ്.എസ്.സിയും ബി.എസ്.സിയും പൂർത്തിയാക്കി, പിന്നീട് എം.എസ്.സി ഫിസിക്സ് ബിരുദവും നേടി. ശേഷം അദ്ദേഹം വിദേശത്തുപോയി. അദ്ദേഹത്തിന്റെ ജമാഅത്ത് സേവനങ്ങൾ ഇനി പറയുന്നവയാണ്: 1970-മുതൽ 1971-വരെ തഅ്‌ലീമുൽ ഇസ്‌ലാം കോളേജിൽ അധ്യാപകനായി സേവനം ആരംഭിച്ചു (കോളേജ് ദേശസാൽക്കരിക്കപ്പെടുന്നതിന് മുമ്പേ). 1973-മുതൽ 1976-വരെ നുസ്‌റത്ത് ജഹാൻ സ്കീമിന് കീഴിൽ സിയറ ലിയോണിൽ പോവുകയും അവിടെ ഫ്രീ ടൗണിൽ ഫിസിക്സ് അധ്യാപകനായി സേവനമനുഷ്ഠിക്കുകയും ചെയ്തു. 1976-ൽ പാകിസ്താനിലേക്ക് മടങ്ങി വന്നു. പിന്നീട് 1976-ൽത്തന്നെ നൈജീരിയയിലേക്ക് പോകുകയും അവിടെ 1987 -വരെ ഗവൺമെന്റ് സ്കൂളിൽ ജോലിനോക്കുകയും ചെയ്തു. 1987-ൽ ആഫ്രിക്കയിലായിരിക്കെ അദ്ദേഹം തന്റെ ജീവിതം ജമാഅത്തിനായി സമർപ്പിച്ചു (വഖ്ഫെ സിന്ദഗിയായി). 1987-ൽ അഹ്മദിയ്യ സീനിയർ സെക്കൻഡറി സ്കൂൾ ഹമർഷയിൽ പ്രിൻസിപ്പലായി ഹദ്റത്ത് ഖലീഫത്തുൽ മസീഹ് റാബിഅ് അദ്ദേഹത്തെ നിയമിച്ചു. അവിടെ 1991-വരെ അദ്ദേഹം സേവനമനുഷ്ഠിച്ചു. ശേഷം പാകിസ്താനിലേക്ക് മടങ്ങുകയും അവിടെയും ജമാഅത്ത് സേവനങ്ങൾ തുടരുകയും ചെയ്തു. 1992-ൽ ഹദ്റത്ത് ഖലീഫത്തുൽ മസീഹ് റാബിഅ് ഒരു ടെക്നിക്കൽ ഇൻസ്റ്റിറ്റ്യൂട്ടിന്റെ പരിശോധനയ്ക്കുവേണ്ടി അദ്ദേഹത്തെ സിയറലിയോണിലേക്ക് അയച്ചു. അദ്ദേഹത്തിന്റെ വിദഗ്ധ റിപ്പോർട്ടിന്മേൽ അവിടെ ചില പ്രവർത്തനങ്ങൾ നടന്നു. 1996-ൽ നുസ്‌റത്ത് ജഹാൻ അക്കാദമി റബ്‌വയിൽ ഫിസിക്സ് അധ്യാപകനായി നിയമിക്കപ്പെട്ടു. അവിടെനിന്നാണ് അദ്ദേഹം വിരമിച്ചത്. കൂടാതെ സ്വദ്ർ ഉമൂമിയുടെ ഓഫീസിലും ഇസ്‌ലാഹി കമ്മിറ്റിയിലും അദ്ദേഹം വോളന്റിയറായി സേവനം ചെയ്തിട്ടുണ്ട്.

അദ്ദേഹത്തിന്റെ ഭാര്യ ഇപ്രകാരം എഴുതുന്നു: എന്റെ ഭർത്താവ് നമസ്കാരത്തിലും നോമ്പിലും വളരെ നിഷ്ഠയുള്ള ആളായിരുന്നു. അദ്ദേഹം സൗമ്യശീലനും ഒരിക്കലും ഡിമാൻഡുകൾ വെക്കാത്തയാളുമായിരുന്നു. വായനയിൽ അദ്ദേഹം അതീവതൽപരനായിരുന്നു, വലിയൊരു വിജ്ഞാനപ്രേമിയായിരുന്നു അദ്ദേഹം. ആരെങ്കിലും സമ്മാനം ചോദിച്ചാൽ തനിക്ക് പുസ്തകങ്ങൾ മതിയെന്നായിരുന്നു അദ്ദേഹം പറയാറുള്ളത്. ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ പുസ്തകങ്ങൾ അദ്ദേഹം ആഴത്തിൽ പഠിക്കാറുണ്ടായിരുന്നു. അദ്ദേഹമൊരിക്കലും കള്ളം പറയില്ലായിരുന്നു. എന്തെങ്കിലും കാര്യം വെളിപ്പെടുത്താൻ പാടില്ലാത്തതാണെങ്കിൽ അദ്ദേഹം മൗനം പാലിക്കുമായിരുന്നു, അല്ലാതെ തെറ്റായ ഒരു കാര്യവും പറയുമായിരുന്നില്ല. അദ്ദേഹത്തിന്റെ മകളും ഇതേ ഗുണങ്ങളെക്കുറിച്ച് സൂചിപ്പിച്ചിട്ടുണ്ട്. ഞാനും അദ്ദേഹത്തെ കണ്ടിട്ടുണ്ട്, അദ്ദേഹം വളരെ മാന്യനും തന്റെ കാര്യങ്ങളിൽ മാത്രം ശ്രദ്ധിക്കുന്ന ആളുമായിരുന്നു. തന്റെ ജീവിതസമർപ്പണത്തെ (വഖ്ഫ്) വിശ്വസ്തതയോടെ അദ്ദേഹം നിറവേറ്റി. അല്ലാഹു അദ്ദേഹത്തോട് മഗ്ഫിറത്തോടും മർഹമത്തോടും പെരുമാറട്ടെ.

ഹദ്റത്ത് മീർ മുഹമ്മദ് ഇസ്ഹാഖ് സാഹിബിന്റെ മകൻ മേജർ സയീദ് അഹ്മദ് സാഹിബിന്റെ മകളായ സയ്യിദ ലുബ്നയുമായാണ് അദ്ദേഹത്തിന്റെ വിവാഹം നടന്നത്. ഹദ്റത്ത് മീർ മുഹമ്മദ് ഇസ്ഹാഖ് സാഹിബ്(റ) ഹദ്റത്ത് മീർ നാസിർ നവാബ് സാഹിബിന്റെ(റ) മകനായിരുന്നു എന്നത് ജമാഅത്തിൽ സുപരിചിതമാണല്ലോ. അദ്ദേഹത്തിന്റെ ഖുർആൻ പരിഭാഷ ജമാഅത്തിൽ ഏറെ പ്രചാരത്തിലുള്ളതാണ്. അല്ലാഹു പരേതന് മഗ്ഫിറത്തും റഹ്മത്തും നല്കുമാറാകട്ടെ.

(വിവർത്തനം: അംനാസ് പി.കെ)

## ചിന്തിക്കുന്നവർക്ക് സന്ദേശം

'എന്റെ ജനം എന്നെ കണ്ടറിഞ്ഞ് സ്വീകരിച്ചിരുന്നെങ്കിൽ,
ദുൻയാവിന്റെ എളിമയിൽനിന്ന് അവർ മോചിതരാകുകയും
ദീനിൽ അവർക്ക് സഹായം ലഭിക്കുകയും അങ്ങനെ
അവർ വിജയം വരിക്കുകയും ചെയ്യുമായിരുന്നു.
പക്ഷേ, ചില ഹൃദയങ്ങൾ യഹൂദികളോടു സാമ്യമുള്ളവയായി.
ഇതാകട്ടെ ആ പറയപ്പെട്ട പ്രവചനങ്ങളിൽ ഉള്ളതാകുന്നു.
അതിനാൽ നിങ്ങൾ ഓർമിക്കുവിൻ
അങ്ങനെ അവർ യഹൂദികളായിത്തീർന്നപ്പോൾ
ഞാൻ അവർക്ക് ഈസാ ആയി വന്നു.
എന്നെ കുറിച്ച് ചിന്തിക്കുന്നവർക്ക് ഇക്കാര്യം മതിയായതാണ്.

**ബറാഹീനെ അഹ്മ്ദിയ്യ,**
**ഹദ്റത്ത് മിർസാ ഗുലാം അഹ്മദ്(അ)**

The Weekly BADR Qadian (Malayalam)

# മുസ്‌ലിഹ് മൗഊദ് ؓ പ്രവചനത്തിന്റെ പശ്ചാത്തലം

## സലീഖ് അഹ്മദ് നായിക് (മുറബ്ബി സിൽസില, ഖാദിയാൻ)

കുഴപ്പങ്ങൾ നിറഞ്ഞ കാലഘട്ടത്തിൽ ഇസ്‌ലാമിന്റെയും ഹദ്റത്ത് മുഹമ്മദ് മുസ്തഫ ﷺ യുടെയും സത്യസന്ധത വെളിപ്പെടുത്തുന്നതിനായി അല്ലാഹു ഹദ്റത്ത് അഖ്ദസ് മസീഹ് മൗഊദ് ؑനെ അത്യുജ്ജ്വലമായ നിരവധി അടയാളങ്ങൾ നൽകി അനുഗ്രഹിച്ചു. ഈ അടയാളങ്ങളിൽ ഏറ്റവും മഹത്തരവും അസാധാരണവുമായ ഒന്നാണ് മുസ്‌ലിഹ് മൗഊദ് (വാഗ്ദത്ത പരിഷ്കർത്താവ്)നെ സംബന്ധിച്ച പ്രവചനം. ഇസ്‌ലാം ബൗദ്ധികവും വിശ്വാസപരവുമായ കടുത്ത ആക്രമണങ്ങൾ നേരിടുകയും മുസ്‌ലിം ഉമ്മത്ത് ദൗർബല്യത്തിനും ഭിന്നതയ്ക്കും ഇരയാവുകയും ചെയ്ത ഒരു കാലഘട്ടത്തിലാണ് ഈ പ്രവചനം ഉണ്ടായത്. ഈ പ്രവചനത്തിന്റെ പശ്ചാത്തലം, അതിന്റെ അസാധാരണമായ പ്രാധാന്യം, ഈ പ്രവചനം ആരെക്കുറിച്ചാണ് എന്നത് സംബന്ധിച്ച വിശദീകരണങ്ങൾ ഹദ്റത്ത് അഖ്ദസ് മസീഹ് മൗഊദ് ؑ തന്റെ ഗ്രന്ഥങ്ങളിൽ വളരെ വ്യക്തമായി പ്രതിപാദിച്ചിട്ടുണ്ട്.

ഹദ്റത്ത് മിർസ ഗുലാം അഹ്മദ് ഖാദിയാനി ؑ ബറാഹീനെ അഹ്മദിയ്യാഎന്ന മഹത് ഗ്രന്ഥം പ്രസിദ്ധീകരിച്ചതോടെ, ഇസ്‌ലാമിന്റെ സത്യസന്ധത തെളിയിക്കുന്ന ശക്തമായ പ്രതിരോധം എന്ന നിലയിൽ ഒരു വശത്ത് ഇസ്‌ലാമിക ലോകത്ത് സന്തോഷവും സമാധാനവും പടർന്നു. എന്നാൽ മറുവശത്ത് ഇസ്‌ലാമിന്റെ ശത്രുക്കൾക്കിടയിൽ അത് വലിയ അസ്വസ്ഥതയും പരിഭ്രാന്തിയും സൃഷ്ടിച്ചു. ചരിത്രപ്രസിദ്ധമായ ഈ പുസ്തകത്തിലാണ് ഹദ്റത്ത് അഖ്ദസ് ؑ ലോകത്തെ അഭിസംബോധന ചെയ്തുകൊണ്ട് മഹത്തായ ഒരു സുവാർത്ത പ്രഖ്യാപിച്ചത്:

അല്ലാഹു ഈ വിനീത ദാസനെ ഈ കാലഘട്ടത്തിൽ സൃഷ്ടിക്കുകയും നൂറുകണക്കിന് ആകാശ അടയാളങ്ങളും അദൃശ്യമായ അത്ഭുതങ്ങളും വിജ്ഞാനങ്ങളും യാഥാർത്ഥ്യങ്ങളും നൽകി അനുഗ്രഹിക്കുകയും ചെയ്തിരിക്കുന്നു. നൂറുകണക്കിന് യുക്തിസഹവും ഖണ്ഡിതവുമായ തെളിവുകൾ നൽകിക്കൊണ്ട് അവൻ ഉദ്ദേശിക്കുന്നത് ഖുർആനിലെ സത്യസന്ധമായ അധ്യാപനങ്ങളെ എല്ലാ ജനതകളിലും രാജ്യങ്ങളിലും പ്രചരിപ്പിക്കുവാനും തന്റെ തെളിവുകൾ അവരിൽ പൂർത്തിയാക്കുവാനുമാണ്... ഓരോ എതിരാളിയും താൻ പരാജയപ്പെട്ടവനും മറുപടിയില്ലാത്തവനുമാണെന്നതിന് സ്വയം സാക്ഷിയാവുകയും ചെയ്യും.*(ബറാഹീനെ അഹ്മദിയ്യാ, റൂഹാനി ഖസാഇൻ വാല്യം 1, പേജ് 596,597)*

ഹദ്റത്ത് അഖ്ദസ് ؑഈ സുവാർത്തയുടെ പ്രഖ്യാപനം ഇന്ത്യയിൽ മാത്രം പരിമിതപ്പെടുത്തിയില്ല, മറിച്ച് കത്തുകളിലൂടെ ഇന്ത്യക്ക് പുറത്തേക്കും ഈ സന്ദേശം എത്തിച്ചു. തന്റെ കഴിവിനനുസരിച്ച് സാധ്യമായ ഇടങ്ങളിലെല്ലാം ഇസ്‌ലാമിന്റെ ശത്രുക്കൾക്ക് മുന്നിൽ സത്യം വ്യക്തമാക്കി.

ഇസ്‌ലാമിന്റെ സത്യസന്ധതയുടെ സജീവവും പ്രകാശമാനവുമായ അടയാളങ്ങളെക്കുറിച്ചുള്ള ചർച്ചകൾ ലോകമെമ്പാടും പടരുകയും, ഓരോ എതിരാളിയെയും ഈ അടയാളങ്ങൾ ദർശിക്കാൻ ക്ഷണിക്കുകയും ചെയ്തുകൊണ്ടിരുന്ന സമയത്താണ് 1885ൽ ഖാദിയാനിലെ ചില വ്യാപാരികളിൽ നിന്നും മറ്റ് ഹിന്ദു നേതാക്കളിൽ നിന്നും ഹദ്റത്ത് അഖ്ദസ് ؑ പക്കൽ ഒരു കത്ത് ലഭിച്ചത്. അതിൽ അവർ ഇപ്രകാരം ആവശ്യപ്പെട്ടു:

ഇസ്‌ലാമിന്റെ സത്യസന്ധത തെളിയിക്കുന്നതിനായി ഒരു വർഷം ഖാദിയാനിൽ വന്ന് താമസിക്കുന്ന സത്യാന്വേഷിക്ക് മനുഷ്യശക്തിക്ക് അതീതമായ അടയാളങ്ങൾ ദൈവം കാണിച്ചു കൊടുക്കുമെന്ന് നിങ്ങൾ ലണ്ടനിലേക്കും അമേരിക്കയിലേക്കും രജിസ്റ്റർ ചെയ്ത കത്തുകൾ അയച്ചിട്ടുണ്ടല്ലോ. അതിനാൽ നിങ്ങളുടെ അയൽവാസികളും നാട്ടുകാരുമായ ഞങ്ങൾ ലണ്ടനിലും അമേരിക്കയിലും ഉള്ളവരേക്കാൾ ഈ അടയാളങ്ങൾ കാണാൻ അർഹരാണ്... എന്നാൽ ഭൂമിയും ആകാശവും കീഴ്മേൽ മറിക്കുന്നതോ പ്രകൃതിനിയമങ്ങൾ ലംഘിക്കുന്നതോ ആയ അടയാളങ്ങൾ ഞങ്ങൾക്ക് ആവശ്യമില്ല. മറിച്ച് മനുഷ്യശക്തിക്ക് അതീതമായ അടയാളങ്ങൾ മതിയാകും. നിങ്ങളുടെ സത്യസന്ധത കാരണം ആ പരിശുദ്ധനായ ദൈവം സ്നേഹത്തോടും കരുണയോടും കൂടി നിങ്ങളുടെ പ്രാർത്ഥനകൾ സ്വീകരിക്കുന്നുവെന്നും, കാര്യങ്ങൾ സംഭവിക്കുന്നതിന് മുമ്പ് തന്നെ അവൻ നിങ്ങളെ അറിയിക്കുന്നുവെന്നും, തന്റെ ചില രഹസ്യങ്ങൾ വെളിപ്പെടുത്തി മുൻകൂട്ടി പ്രവചനങ്ങൾ നൽകുന്നുവെന്നും അല്ലെങ്കിൽ പണ്ട് കാലം തൊട്ട് തന്റെ പ്രിയപ്പെട്ടവർക്കും ഭക്തർക്കും നൽകി വരുന്നത് പോലെ നിങ്ങളെ സഹായിക്കുന്നുവെന്നും അതുവഴി മനസ്സിലാക്കാൻ സാധിക്കണം... അടയാളങ്ങൾ കാണിക്കുന്നതിനായി നിശ്ചയിച്ചിട്ടുള്ള ഒരു വർഷം 1885 സെപ്റ്റംബർ മുതൽ 1886 സെപ്റ്റംബർ അവസാനം വരെയായി കണക്കാക്കപ്പെടും.' *(മജ്മൂഅ ഇശ്തിഹാറാത്ത് വാല്യം 1, പേജ് 9294)*

ഈ കത്തിന് ഹദ്റത്ത് അഖ്ദസ് ؑ നൽകിയ മറുപടി ഇപ്രകാരമായിരുന്നു:

...ആകാശ അടയാളങ്ങൾ കാണാൻ ആവശ്യപ്പെട്ടുകൊണ്ടുള്ള നിങ്ങളുടെ കത്ത് എനിക്ക് ലഭിച്ചു. ഈ കത്ത് തികച്ചും നീതിയിലും സത്യാന്വേഷണത്തിലും അധിഷ്ഠിതമായതിനാലും പത്ത് പേരടങ്ങുന്ന ഒരു സംഘം ഇത് എഴുതിയതിനാലും പൂർണ്ണമായ നന്ദിയോടെ ഞാൻ ഇത് സ്വീകരിക്കുന്നു. നിങ്ങളുടെ കത്തിൽ പറഞ്ഞിട്ടുള്ള വ്യവസ്ഥകൾ നിങ്ങൾ പാലിക്കുകയാണെങ്കിൽ, സർവ്വശക്തനായ ദൈവത്തിന്റെ സഹായത്താൽ ഒരു വർഷത്തിനുള്ളിൽ മനുഷ്യശക്തിക്ക് അതീതമായ ഒരു അടയാളം നിങ്ങൾക്ക് കാണിച്ചുതരുന്നതാണ് എന്ന് ഞാൻ ഉറപ്പുനൽകുന്നു. നിങ്ങളുടെ നീതിനിഷ്ഠമായ കത്ത് വായിച്ചതിൽ ഞാൻ അങ്ങേയറ്റം സന്തുഷ്ടനാണ്... *(മജ്മൂഅ ഇശ്തിഹാറാത്ത് വാല്യം 1, പേജ് 95)*

ഹദ്റത്ത് അഖ്ദസ് ؑ പുറപ്പെടുവിച്ച ഈ പരസ്യത്തിൽ നിന്ന് വ്യക്തമാകുന്നതുപോലെ, ഇസ്‌ലാമിന്റെ സത്യസന്ധതയ്ക്ക് തെളിവായി ഒരു അടയാളം വെളിപ്പെടുത്തണം എന്നാവശ്യപ്പെട്ടുകൊണ്ടുള്ള ഹൈന്ദവ നേതാക്കളുടെ കത്തിൽ അദ്ദേഹം സന്തുഷ്ടനായിരുന്നു.

• ഹദീഥുന്നബവി ﷺ •

"അൽമുസ്‌ലിമു അഖുൽമുസ്‌ലിമി."
ഒരു മുസ്‌ലിം മറ്റൊരു മുസ്‌ലിമിന്റെ സഹോദരനാണ്.

ത്വാലിബെ ദുആ
Late DILSAD ABDULLATHEEF AND FAMILY KALLIKOTE
PATHAPPIRIYAM, MALAPURAM

• ഹദീഥുന്നബവി ﷺ •

"അസ്സലാമു ഖബ്‌ലൽകലാമി."
സംസാരിക്കുന്നതിനുമുമ്പേ സലാം പറയുക.




ത്വാലിബെ ദുആ
DR.C.G. KAMALUDDEEN, DR. C.G. NAZIM AHMAD
VAYANASHALA, PATHAPPIRIYAM, KERALA

അതിനാൽ, അല്ലാഹുവിന്റെ സഹായവാഗ്ദാനങ്ങളിൽ പൂർണ്ണ വിശ്വാസമർപ്പിച്ചുകൊണ്ട്, ആ ഏകനായ ദൈവത്തിലേക്ക് അദ്ദേഹം തിരിഞ്ഞു.

ഈ അടയാളത്തിനായി ഹദ്റത്ത് അഖ്ദസ് ﷺ അതീവ വിനയത്തോടും വിലാപത്തോടും കൂടി പ്രാർത്ഥനകളിൽ മുഴുകി. പ്രാർത്ഥനകളിൽ കൂടുതൽ ഏകാഗ്രത ലഭിക്കുന്നതിനായി അദ്ദേഹം ജനങ്ങളിൽ നിന്നും കുടുംബത്തിൽ നിന്നും മാറി ഒറ്റയ്ക്ക് താമസിക്കാൻ തീരുമാനിച്ചു. ഈ ലക്ഷ്യത്തോടെ അദ്ദേഹം ഹോശിയാർപൂരിലേക്ക് പോവുകയും അവിടെ സർവ്വവും വെടിഞ്ഞ് അല്ലാഹുവിന്റെ സന്നിധിയിൽ സാഷ്ടാംഗം പ്രണമിച്ച് പ്രാർത്ഥനകളിൽ മുഴുകുകയും ചെയ്തു.

കാരുണ്യവാനായ അല്ലാഹു ഇസ്‌ലാമിന്റെ സത്യസന്ധതയ്ക്കായുള്ള അദ്ദേഹത്തിന്റെ ആ വിങ്ങുന്ന പ്രാർത്ഥനകൾ സ്വീകരിക്കുകയും അദ്ദേഹത്തിന് ആശ്വാസം നൽകിക്കൊണ്ട് മഹത്തായ ഒരു അടയാളത്തെക്കുറിച്ച് സുവാർത്ത നൽകുകയും ചെയ്തു. 1886 ഫെബ്രുവരി 20ന് പുറപ്പെടുവിച്ച വിളംബരത്തിലൂടെ ഹദ്റത്ത് അഖ്ദസ് ﷺ ഈ സുവാർത്ത ലോകത്തെ അറിയിച്ചു:

'നീ എന്നോട് ആവശ്യപ്പെട്ടതുപോലെ തന്നെ നിനക്ക് ഞാൻ ഒരു കാരുണ്യത്തിന്റെ അടയാളം നൽകുന്നു. നിന്റെ വിലാപങ്ങൾ ഞാൻ കേൾക്കുകയും നിന്റെ പ്രാർത്ഥനകൾ എന്റെ കാരുണ്യത്താൽ സ്വീകരിക്കുകയും ചെയ്തിരിക്കുന്നു. നിന്റെ ഈ യാത്രയെ (ഹോശിയാർപൂർ, ലുധിയാന യാത്ര) നിനക്ക് ഞാൻ അനുഗ്രഹീതമാക്കിയിരിക്കുന്നു. അതിനാൽ കരുത്തിന്റെയും കാരുണ്യത്തിന്റെയും സാമീപ്യത്തിന്റെയും ഒരു അടയാളം നിനക്ക് നൽകപ്പെടുന്നു; ഔദാര്യത്തിന്റെയും അനുഗ്രഹത്തിന്റെയും ഒരു അടയാളം നിനക്ക് ലഭിക്കുന്നു; വിജയത്തിന്റെ താക്കോൽ നിനക്ക് നൽകപ്പെടുന്നു. ഓ വിജയിയായവനേ, നിനക്ക് സമാധാനം! ജീവിതം ആഗ്രഹിക്കുന്നവർ മരണത്തിന്റെ പിടിയിൽ നിന്ന് രക്ഷപ്പെടാനും, ഖബറുകളിൽ അടക്കപ്പെട്ടവർ പുറത്തുവരാനും, ഇസ്‌ലാം മതത്തിന്റെ ശ്രേഷ്ഠതയും അല്ലാഹുവിന്റെ വചനത്തിന്റെ പദവിയും ജനങ്ങൾക്ക് വെളിപ്പെടാനും വേണ്ടിയാണ് അല്ലാഹു ഇത് പറഞ്ഞിരിക്കുന്നത്. സത്യം അതിന്റെ എല്ലാ അനുഗ്രഹങ്ങളോടും കൂടി വരാനും അസത്യം അതിന്റെ എല്ലാ ദുരവസ്ഥകളോടും കൂടി ഓടിപ്പോകാനും വേണ്ടിയാണത്. 'ഞാൻ സർവ്വശക്തനാണ്, ഞാൻ ഉദ്ദേശിക്കുന്നത് പ്രവർത്തിക്കുന്നു' എന്ന് ജനങ്ങൾ മനസ്സിലാക്കാനും, 'ഞാൻ നിന്റെ കൂടെയുണ്ട്' എന്ന് അവർ വിശ്വസിക്കാനും വേണ്ടിയാണത്. ദൈവത്തിന്റെ അസ്തിത്വത്തിൽ വിശ്വസിക്കാത്തവർക്കും, അല്ലാഹുവിനെയും അവന്റെ ദീനിനെയും ഗ്രന്ഥത്തെയും പരിശുദ്ധ റസൂൽ മുഹമ്മദ് മുസ്തഫ ﷺയെയും നിഷേധിക്കുകയും തള്ളിക്കളയുകയും ചെയ്യുന്നവർക്ക് ഒരു വ്യക്തമായ തെളിവ് ലഭിക്കാനും കുറ്റവാളികളുടെ വഴി വെളിപ്പെടാനും വേണ്ടിയാണത്. അതിനാൽ നിനക്ക് സുവാർത്ത! സുന്ദരനും പരിശുദ്ധനുമായ ഒരു ബാലൻ നിനക്ക് നൽകപ്പെടും. ബുദ്ധിമാനായ ഒരു ദാസൻ (മകൻ) നിനക്ക് ലഭിക്കും. ആ ബാലൻ നിന്റെ തന്നെ അംശവും നിന്റെ തന്നെ സന്തതിപരമ്പരയുമായിരിക്കും. അതിസുന്ദരനും പരിശുദ്ധനുമായ ഒരു ബാലൻ നിന്റെ അതിഥിയായി വരുന്നു. അവന്റെ പേര് ഇമ്മാനുവൽ എന്നും ബശീർ എന്നും ആണ്. അവന് പരിശുദ്ധാത്മാവ് നൽകപ്പെട്ടിരിക്കുന്നു. അവൻ മാലിന്യങ്ങളിൽ നിന്ന് മുക്തനും ദൈവത്തിന്റെ പ്രകാശവുമാണ്. ആകാശത്തുനിന്ന് വരുന്നവൻ, അനുഗ്രഹീതൻ; അവന്റെ വരവിനോടൊപ്പം ദൈവാനുഗ്രഹവും വരും. അവൻ പ്രതാപശാലിയും മഹിമയുള്ളവനും ഐശ്വര്യവാനും ആയിരിക്കും. അവൻ ഈ ലോകത്തേക്ക് വരികയും തന്റെ മസീഹിയായ ആത്മാവിനാലും സത്യത്തിന്റെ ആത്മാവിനാലും അനേകരെ രോഗങ്ങളിൽ നിന്ന് മുക്തരാക്കുകയും ചെയ്യും. അവൻ 'കലിമത്തുള്ള' (ദൈവവചനം) ആകുന്നു; കാരണം ദൈവത്തിന്റെ കാരുണ്യവും അഭിമാനവും അവനെ മഹത്വത്തിന്റെ വചനമായി അയച്ചിരിക്കുന്നു. അവൻ അതീവ ബുദ്ധിമാനും ചിന്താശീലനും ഹൃദയനൈർമ്മല്യമുള്ളവനുമായിരിക്കും. ബാഹ്യവും ആന്തരികവുമായ വിജ്ഞാനങ്ങളാൽ അവൻ നിറയ്ക്കപ്പെടും. അവൻ മൂന്നിനെ നാലാക്കുന്നവൻആയിരിക്കും (ഇതിന്റെ പൊരുൾ അന്ന് മനസ്സിലാക്കാൻ കഴിഞ്ഞിരുന്നില്ല). തിങ്കളാഴ്ച, അനുഗ്രഹീത തിങ്കളാഴ്ച! പ്രിയപ്പെട്ട മകൻ, ആദരണീയൻ. ആദ്യാവസാനങ്ങളുടെ പ്രതിരൂപം, സത്യത്തിന്റെയും ഉന്നതിയുടെയും വെളിപാടായ അവൻ ആകാശത്തുനിന്ന് ദൈവം ഇറങ്ങിവന്നതുപോലെ ആയിരിക്കും. അവന്റെ ജനനം അതീവ അനുഗ്രഹീതവും ദൈവമഹത്വത്തിന്റെ വെളിപ്പെടുത്തലിന് കാരണവുമായിരിക്കും. പ്രകാശം വരുന്നു, അല്ലാഹു തന്റെ പ്രീതിയുടെ സുഗന്ധതൈലം പൂശിയ പ്രകാശം. നമ്മൾ അവനിൽ നമ്മുടെ ആത്മാവിനെ നിക്ഷേപിക്കും, ദൈവത്തിന്റെ തണൽ അവന്റെ ശിരസ്സിൻമേൽ ഉണ്ടാകും. അവൻ അതിവേഗം വളരുകയും തടവുകാരുടെ മോചനത്തിന് കാരണമാവുകയും ചെയ്യും. ഭൂമിയുടെ അറ്റങ്ങൾ വരെ അവൻ പ്രശസ്തനാകും, ജനതകൾ അവനാൽ അനുഗ്രഹിക്കപ്പെടും. ശേഷം അവൻ തന്റെ ആത്മീയ കേന്ദ്രമായ ആകാശത്തേക്ക് ഉയർത്തപ്പെടും. ഇതൊരു തീരുമാനിക്കപ്പെട്ട കാര്യമായിരുന്നു.' *(മജ്മൂഅ ഇശ്തിഹാറാത്ത് വാല്യം 1, പേജ് 100-102)*

ഇതേ വിളംബരത്തിൽ തന്നെ തന്റെ വംശത്തിന്റെയും കുടുംബത്തിന്റെയും അഭിവൃദ്ധിയെക്കുറിച്ചുള്ള അല്ലാഹുവിന്റെ വാഗ്ദാനങ്ങളെ സ്മബന്ധിച്ച് ഹദ്റത്ത് അഖ്ദസ് ﷺ ഇപ്രകാരം പറയുന്നു:

'പിന്നീട് സർവ്വശക്തനായ അല്ലാഹു എനിക്ക് സുവാർത്ത നൽകിക്കൊണ്ട് പറഞ്ഞു: നിന്റെ വീട് അനുഗ്രഹങ്ങളാൽ നിറയും, എന്റെ അനുഗ്രഹങ്ങൾ നിനക്ക് ഞാൻ പൂർത്തിയാക്കിത്തരും. അനുഗ്രഹീതരായ സ്ത്രീകളിലൂടെ നിനക്ക് ധാരാളം സന്താനങ്ങളുണ്ടാകും. നിന്റെ വംശത്തെ ഞാൻ വളർത്തുകയും അതിൽ ബർക്കത്ത് (അനുഗ്രഹം) നൽകുകയും ചെയ്യും. എന്നാൽ അവരിൽ ചിലർ ചെറുപ്പത്തിൽ തന്നെ മരണപ്പെടും. നിന്റെ വംശം ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ വ്യാപിക്കും. നിന്റെ പിതൃസഹോദര പുത്രന്മാരുടെ (ശത്രുത പുലർത്തുന്ന കുടുംബക്കാരുടെ) ഓരോ ശാഖയും മുറിക്കപ്പെടും, അവർ വേഗത്തിൽ തന്നെ സന്താനങ്ങളില്ലാതെ അവസാനിക്കും. അവർ പശ്ചാത്തപിക്കുന്നില്ലെങ്കിൽ ദൈവം അവരുടെ മേൽ പരീക്ഷണങ്ങൾ അയച്ചുകൊണ്ടിരിക്കും; അങ്ങനെ അവർ നശിച്ചുപോകും. അവരുടെ വീടുകൾ വിധവകളാൽ നിറയും, അവരുടെ ചുവരുകളിൽ ദൈവകോപം ഇറങ്ങും. എന്നാൽ അവർ ദൈവത്തിലേക്ക് മടങ്ങുകയാണെങ്കിൽ ദൈവം അവരോട് കരുണ കാണിക്കും.

ദൈവം നിന്റെ അനുഗ്രഹങ്ങൾ ചുറ്റും വ്യാപിപ്പിക്കും. വിജനമായ ഒരു ഭവനം നീ മുഖേന അവൻ ജന നിബിഡമാക്കും, ഭയ ചകിതമായ ഒരു വീടിനെ അനുഗ്രഹങ്ങളാൽ നിറയ്ക്കും. നിന്റെ വംശം അറ്റുപോകില്ല, അന്ത്യനാൾ വരെ അത് പച്ചപിടിച്ചു നിൽക്കും. ഈ ലോകം അവസാനിക്കുന്നത് വരെ നിന്റെ നാമത്തെ ദൈവം ആദരപൂർവം നിലനിർത്തും. നിന്റെ സന്ദേശത്തെ അവൻ ലോകത്തിന്റെ അറ്റങ്ങൾ വരെ എത്തിക്കും. ഞാൻ നിന്നെ ഉയർത്തുകയും എന്റെ അടുത്തേക്ക് വിളിക്കുകയും ചെയ്യും, എന്നാൽ നിന്റെ നാമം ഭൂമുഖത്ത് നിന്ന് ഒരിക്കലും മാഞ്ഞുപോകില്ല. നിന്നെ അപമാനിക്കാൻ ശ്രമിക്കുന്നവരും നിന്റെ പരാജയം കൊതിക്കുന്നവരും പരാജയപ്പെടും, അവർ നിരാശരായി മരിക്കും. എന്നാൽ ദൈവം നിന്നെ പൂർണ്ണമായും വിജയിപ്പിക്കും, നിന്റെ എല്ലാ ആഗ്രഹങ്ങളും നിനക്ക് സഫലീകരിച്ച് നൽകും.

നിന്നെ ആത്മാർത്ഥമായി സ്നേഹിക്കുന്നവരുടെ എണ്ണം ഞാൻ വർദ്ധിപ്പിക്കും. അവരുടെ ആത്മാക്കളിലും സമ്പത്തിലും ഞാൻ ബർക്കത്ത് (അനുഗ്രഹം) നൽകും. അവർക്ക് ഞാൻ വർദ്ധനവ് നൽകും. അവർ അന്ത്യനാൾ വരെ അസൂയാലുക്കളും ശത്രുക്കളുമായ വിഭാഗത്തിന് മേൽ പ്രബലരായിരിക്കും. ദൈവം അവരെ മറക്കില്ല, ഓ

ശേഷം പേജ് 23 ൽ

# മുസ്‌ലിഹ് മൗഊദിന്റെ സ്ഥാനം പ്രവചനങ്ങളുടെ വെളിച്ചത്തിൽ

ജ. ഇനായത്തുല്ലാഹ് സാഹിബ്
(അഡി. നാസിർ ഇസ്‌ലാഹ് വ ഇർഷാദ്, തഅ്ലീമുൽ ഖുർആൻ വ വഖഫ് ആർസി, ഖാദിയാൻ)

ഭാവിയിൽ നിയോഗിക്കപ്പെടാനിരിക്കുന്ന പ്രവാചകന്മാരെയും അവരുടെ പിൻഗാമികളെയും കുറിച്ച് മുൻകൂട്ടി പ്രവചനങ്ങളിലൂടെ വിവരം നൽകുക എന്നത് അല്ലാഹുവിന്റെ ചര്യയാകുന്നു. അവരുടെ ഗുണവിശേഷങ്ങളും അടയാളങ്ങളും സാഹചര്യങ്ങളും വെളിപ്പെടുത്തിക്കൊണ്ട് അവൻ അവരുടെ മഹത്വം നേരത്തെ തന്നെ വിളംബരം ചെയ്യുന്നു.

അല്ലാഹു ഖാത്തമുന്നബിയ്യീൻ‌ എന്നും റഹ്മത്തുല്ലിൽ ആലമീൻ‌ എന്നും സംബോധന ചെയ്യുകയും ലൗ ലാക്ക ലമ്മാ ഖലക്ത്തുൽ അഫ്‌ലാക് (നിന്നെ സൃഷ്ടിച്ചില്ലായിരുന്നുവെങ്കിൽ ഞാൻ ഈ ലോകത്തെ തന്നെ സൃഷ്ടിക്കില്ലായിരുന്നു) എന്ന് പറയുകയും ചെയ്ത് നിയോഗിച്ച ഹദ്റത്ത് മുഹമ്മദ് മുസ്തഫാﷺ തിരുമേനിയോട്, ആ മഹാത്മാവിന്റെ ദാസനായി നിയോഗിക്കപ്പെടാനിരിക്കുന്ന ഇമാം മഹ്ദിയെക്കുറിച്ച് അറിയിച്ചിരുന്നു. ഈ മഹത്തായ പ്രവചനത്തെക്കുറിച്ച് ഖുർആനിൽ അല്ലാഹു ഇപ്രകാരം പറയുന്നു:

هُوَالَّذِیۡ بَعَثَ فِی الۡاُمِّیّٖنَ رَسُوۡلًا مِّنۡهُمۡ یَتۡلُوۡا
عَلَیۡهِمۡ اٰیٰتِهٖ وَیُزَکِّیۡهِمۡ وَیُعَلِّمُهُمُ الۡکِتٰبَ وَالۡحِکۡمَةَ
وَاِنۡ کَانُوۡا مِنۡ قَبۡلُ لَفِیۡ ضَلٰلٍ مُّبِیۡنٍ ۙ○ وَّاٰخَرِیۡنَ
مِنۡهُمۡ لَمَّا یَلۡحَقُوۡا بِهِمۡ ؕ وَهُوَالۡعَزِیۡزُ الۡحَکِیۡمُ ○

അവൻ തന്നെയാണ് അക്ഷരജ്ഞാനമില്ലാത്ത ആ ജനതയിൽ അവരിൽ നിന്നു തന്നെയുള്ള ഒരു ദൂതനെ നിയോഗിച്ചത്. അദ്ദേഹം അവർക്ക് അവന്റെ വചനങ്ങൾ പാരായണം ചെയ്യുകയും അവരെ പരിശുദ്ധീകരിക്കുകയും അവർക്ക് ഗ്രന്ഥത്തിന്റെയും തത്ത്വജ്ഞാനത്തിന്റെയും അദ്ധ്യാപനം നൽകുകയും ചെയ്യുന്നു. ഇതിനുമുമ്പ് അവർ സ്പഷ്ടമായ വഴികേടിലായിരുന്നു താനും. അവരിൽനിന്നുള്ള മറ്റൊരു ജനതയിലേക്കും (അദ്ദേഹത്തെ നിയോഗിച്ചിട്ടുണ്ട്) അവർ ഇതേവരെ അവരോടൊപ്പം ചേർന്നിട്ടില്ല. അവൻ സമ്പൂർണ പ്രതാപവാനും യുക്തിജ്ഞനുമാകുന്നു. *(സൂറത്ത് അൽജുമുഅ: 34)*

ഈ ആയത്തുകളെ വിശദീകരിച്ചുകൊണ്ട് ഹദ്റത്ത് മസീഹ് മൗഊദ് ؑ ഇപ്രകാരം പറയുന്നു:

ഈ ആയത്തിന്റെ സാരം ഇതാണ്: അറിവും ജ്ഞാനവുമില്ലാത്ത, ആത്മീയമായ ഔന്നത്യം പ്രാപിക്കാനുള്ള മതപരമായ അറിവുകൾ പാടേ നഷ്ടപ്പെട്ട, ജനങ്ങൾക്ക് മാർഗഭ്രംശം സംഭവിച്ച ഒരു കാലഘട്ടത്തിലാണ് അല്ലാഹു തന്റെ ദൂതനെ നിയോഗിച്ചത്. ആ ദൂതൻ അവരെ പരിശുദ്ധീകരിക്കുകയും ഗ്രന്ഥ ജ്ഞാനവും തത്ത്വജ്ഞാനവും മുഖേന അവരെ പൂർണരാക്കുകയും ചെയ്തു ... തുടർന്ന് പറയുന്നു, അന്ത്യകാലത്ത് വെളിപ്പെടാനിരിക്കുന്ന മറ്റൊരു വിഭാഗം കൂടിയുണ്ട്. അവരും തുടക്കത്തിൽ ഇരുട്ടിലും വഴികേടിലും ആയിരിക്കും. ദൈവം അവരെയും സ്വഹാബികളുടെ വർണത്തിലേക്ക് കൊണ്ടുവരും. അതായത് സ്വഹാബികൾ കണ്ടത് അവരും കാണും, അവരുടെ സത്യസന്ധതയും നിശ്ചയദാർഢ്യവും സ്വഹാബികളുടേതിന് തുല്യമാകും.

ഹദീസിൽ വിവരിക്കുന്നതനുസരിച്ച്, ഈ ആയത്ത് അവതരിക്കപ്പെട്ടപ്പോൾ നബിﷺ സൽമാൻ ഫാരിസി ؓ യുടെ തോളിൽ കൈവെച്ചുകൊണ്ട് പറഞ്ഞു:

لَوۡ کَانَ الۡاِیۡمَانُ مُعَلَّقًا بِالثُّرَیَّا لَنَالَهٗ
رَجُلٌ مِنۡ فَارِس

ഈമാൻ (വിശ്വാസം) സുറയ്യ നക്ഷത്രത്തോളം ഉയർന്നുപോയാലും പേർഷ്യൻ വംശജനായ ഒരാൾ അത് തിരികെ കൊണ്ടുവരും.ഇത് അന്ത്യകാലത്ത് ജനിക്കുന്ന ഒരു പേർഷ്യൻ വംശജനെക്കുറിച്ചുള്ള സൂചനയാണ്. ഖുർആൻ ആകാശത്തേക്ക് ഉയർത്തപ്പെടുന്ന ആ കാലം വാഗ്ദത്ത മസീഹിന്റെ കാലമാണ്. ഈ പേർഷ്യൻ വംശജൻ മസീഹ് മൗഊദ് തന്നെയാണ്. *(അയ്യാമുസ്സുൽഹ്, റൂഹാനി ഖസാഇൻ, വാല്യം 14, പേജ് 305,306).*

ഹഖീഖത്തുൽ വഹ്‌യ് എന്ന ഗ്രന്ഥത്തിൽ ഹദ്റത്ത് മസീഹ് മൗഊദ് ؑ എഴുതുന്നു: ഹഖീഖത്തുൽ വഹിയിൽ ഇപ്രകാരം പറയുന്നു:

**'വ ആഖരീന മിൻഹും ലമ്മാ യൽഹഖൂ ബിഹിം'** എന്നതിനർത്ഥം ഉമ്മത്ത് മുഹമ്മദിയ്യയിൽ അവസാന കാലത്ത് വരാനിരിക്കുന്ന മറ്റൊരു വിഭാഗം കൂടി ഉണ്ടെന്നാണ്. സ്വഹീഹായ ഹദീസിൽ പറയുന്നത്, ഈ ആയത്ത് ഇറങ്ങിയ സമയത്ത് നബിﷺ തന്റെ കൈ സൽമാൻ ഫാരിസിയുടെ തോളിൽവെച്ചുകൊണ്ട് ഇപ്രകാരം പറഞ്ഞു:

لَوۡ کَانَ الۡاِیۡمَانُ مُعَلَّقًا بِالثُّرَیَّا لَنَالَهٗ
رَجُلٌ مِنۡ فَارِس

'വിശ്വാസം സുറയ്യ നക്ഷത്രത്തോളം ഉയർന്നുപോയാലും പേർഷ്യക്കാരനായ ഒരാൾ അത് തിരികെ കൊണ്ടുവരും.' ഇത് എന്നെക്കുറിച്ചുള്ള പ്രവചനമായിരുന്നു. ബറാഹീനെ അഹ്മദിയ്യയിൽ ദൈവം ഈ പ്രവചനത്തെ ശരിവെച്ചുകൊണ്ട് ഇതേ ഹദീസ് എനിക്ക് വഹിയായി നൽകി. ഈ വഹി പ്രകാരം എനിക്ക് മുൻപ് ഇതിന് കൃത്യമായ മറ്റൊരു ലക്ഷ്യസ്ഥാനം (ആൾ) ഉണ്ടായിരുന്നില്ല. ദൈവത്തിന്റെ വഹി എന്നെ ഇതിനായി നിശ്ചയിച്ചിരിക്കുന്നു. അല്ലാഹുവിനാണ് സർവ്വ സ്തുതിയും.' *(ഹഖീഖത്തുൽ വഹ്‌യ്/ റൂഹാനി ഖസാഇൻ, വാല്യം 22, പേജ് 407, അടിക്കുറിപ്പ്)*

മുസ്‌ലിം ശരീഫിലെ 'ഫദാഇലുസ് സ്വഹാബ' എന്ന അധ്യായത്തിൽ ഇതേ ഹദീസിൽ 'റജുൽ' (ഒരാൾ) എന്നതിന് പകരം 'രിജാൽ' (ആളുകൾ) എന്നാണ് ഉപയോഗിച്ചിരിക്കുന്നത്. സൂറത്തുൽ ജുമുഅയിലെ ഈ ആയത്തിൽ നബിﷺ യുടെ ദാസനായി നിയോഗിക്കപ്പെടുന്ന മഹാനായ ഇമാം മഹ്ദി അഥവാ മസീഹ് മൗഊദിനെ കുറിച്ച് നൽകിയിട്ടുള്ള വാർത്തയ്ക്ക് ശേഷം, അദ്ദേഹത്തിന്റെ ദൗത്യം മുന്നോട്ട് കൊണ്ടുപോകാൻ അദ്ദേഹത്തിന്റെ ജമാഅത്തിൽ നിന്നും വംശത്തിൽ നിന്നും അല്ലാഹു ഇനിയും മഹദ്‌വ്യക്തികളെ ജനിപ്പിക്കുമെന്നതിലേക്കുള്ള സൂചനയാണിത്. ഇവരിലൂടെ അല്ലാഹു താൻ സ്ഥാപിച്ച ഈ പ്രസ്ഥാനത്തെ ലോകം മുഴുവൻ വ്യാപിപ്പിക്കുകയും അതിന് വിജയം നൽകുകയും ചെയ്യും.

മിശ്കാത്തിൽ അബ്ദുല്ലാഹ് ബ്നു ഉമർ ؓ നിവേദനം ചെയ്ത ഹദീസിൽ നബിﷺ ഇപ്രകാരം പറയുന്നു:

یَنۡزِلُ عِیسَی بنُ مَرۡیَمَ إِلَی الۡاَرۡضِ
فَیَتَزَوَّجُ وَیُولَدُ لَهُ

ഈസാ ബിൻ മറിയം ഭൂമിയിലേക്ക് ഇറങ്ങിവരും, അദ്ദേഹം വിവാഹം കഴിക്കുകയും അദ്ദേഹത്തിന് സന്താനങ്ങൾ ഉണ്ടാവുകയും ചെയ്യും. *(മിശ്കാത്ത് മുജ്തബായി, പേജ് 480)*

ഈ ഹദീസിന്റെ വിശദീകരണത്തിൽ ഹദ്റത്ത് മസീഹ് മൗഊദ്ؑപറയുന്നു:

قَدۡ أَخۡبَرَ رَسُولُ اللّٰهِ صَلَّی اللّٰهُ عَلَیۡهِ وَسَلَّمَ أَنَّ
الۡمَسِیحَ الۡمَوۡعُودَ یَتَزَوَّجُ وَیُولَدُ لَهُ،

فَفِی هٰذَا إِشَارَةٌ إِلَی أَنَّ اللّٰهَ یُعۡطِیهِ وَلَدًا صَالِحًا،
یُشَابِهُ أَبَاهُ وَلَا یُبَایِنُهُ، وَیَکُونُ مِنۡ عِبَادِ اللّٰهِ
الۡمُکۡرَمِینَ۔

'മസീഹ് മൗഊദ് വിവാഹം കഴിക്കുമെന്നും അദ്ദേഹത്തിന് മക്കളുണ്ടാകുമെന്നും നബിﷺ അറിയിച്ചിട്ടുണ്ട്. അല്ലാഹു അദ്ദേഹത്തിന് തന്റെ പിതാവിനോട് സാമ്യമുള്ള, ദൈവത്തിന്റെ ആദരണീയരായ ദാസന്മാരിൽപ്പെട്ട ഒരു സൽപുത്രനെ നൽകുമെന്നതിലേക്കുള്ള സൂചനയാണിത്.' *(ആയിന കമാലാത്തെ ഇസ്‌ലാം, പേജ് 528).*

മസീഹ് മൗഊദ് വിവാഹം കഴിക്കുമെന്നും അദ്ദേഹത്തിന് സന്താനങ്ങൾ ഉണ്ടാകുമെന്നും പറയുന്നതിൽ അടങ്ങിയിരിക്കുന്ന സൂചന എന്തെന്നാൽ അല്ലാഹു അദ്ദേഹത്തിന് അത്യന്തം സദ്‌വൃത്തനായ ഒരു മകനെ നൽകും. ആ മകൻ നന്മയുടെ കാര്യത്തിൽ തന്റെ പിതാവിന് വിരുദ്ധനായിരിക്കില്ല, പകരം പിതാവിനെപ്പോലെ തന്നെയായിരിക്കും. അദ്ദേഹം അല്ലാഹുവിന്റെ

ആദരണീയരായ ദാസന്മാരിൽ ഒരാളായിരിക്കും.

മറ്റൊരു സ്ഥലത്ത്, മിശ്കാത്തിലെ ഈ ഹദീസിനെക്കുറിച്ച് വിശദീകരിച്ചുകൊണ്ട് അദ്ദേഹം എഴുതുന്നു: മസീഹ് മൗഊദിന് സന്താനങ്ങളുണ്ടാകുമെന്ന പ്രവചനം സൂചിപ്പിക്കുന്നത്, അദ്ദേഹത്തിന്റെ പരമ്പരയിൽ നിന്ന് ഒരു വ്യക്തിയെ ദൈവം നിയോഗിക്കുമെന്നും അദ്ദേഹം ഇസ്ലാം മതത്തെ സംരക്ഷിക്കുന്ന പിൻഗാമിയായിരിക്കുമെന്നുമാണ്. എന്റെ ചില പ്രവചനങ്ങളിൽ ഇതിനെക്കുറിച്ച് നേരത്തെ വിവരം നൽകപ്പെട്ടിട്ടുണ്ട്. *(ഹഖീഖത്തുൽ വഹ്‌യ്, പേജ് 312).*

വാഗ്ദത്ത മസീഹ്عليه السلامന്റെ ആഗമനത്തെക്കുറിച്ചും അദ്ദേഹത്തിന്റെ പരമ്പരയിൽ ഉണ്ടാകാനിരിക്കുന്ന വാഗ്ദത്ത ഖലീഫയെക്കുറിച്ചും തിരുനബി മുഹമ്മദ് മുസ്തഫﷺ നടത്തിയ പ്രവചനങ്ങളെ ശരിവെക്കുന്ന തരത്തിലുള്ള സൂചനകൾ പുരാതന ആത്മീയ ഗ്രന്ഥങ്ങളിലും കാണാം. ജൂതന്മാരുടെ നിയമഗ്രന്ഥമായ താൽമൂദിൽ(Talmud) ഇപ്രകാരം രേഖപ്പെടുത്തിയിട്ടുണ്ട്:

അദ്ദേഹം (മസീഹ്) വഫാതാകുമെന്നും അദ്ദേഹത്തിന്റെ രാജാധിപത്യം പുത്രനിലേക്കും പൗത്രനിലേക്കും കൈമാറപ്പെടുമെന്നും പറയപ്പെടുന്നു. ഈ അഭിപ്രായത്തിനുള്ള തെളിവായി യെശയ്യാവ് 42:4 ഉദ്ധരിക്കപ്പെടുന്നു; അതിൽ പറയുന്നത്, ഭൂമിയിൽ നീതി സ്ഥാപിക്കുന്നത് വരെ അദ്ദേഹം തളരുകയോ മടുക്കുകയോ ഇല്ല എന്നാണ്. *(താൽമൂദ്, ജോസഫ് ബർക്ക്ലി എഡിറ്റ് ചെയ്തത്, അധ്യായം 5, ലണ്ടൻ 1878)*

സൊരാസ്ട്രിയൻ മതഗ്രന്ഥമായ 'ദസാതീറിൽ', ആ മതത്തിലെ പരിഷ്കർത്താവായിരുന്ന സാസാൻ ഒന്നാമൻ രേഖപ്പെടുത്തിയ ഒരു പ്രവചനമുണ്ട്. പഹ്‌ലവി ഭാഷയിലുള്ള ഇത് സൊരാസ്ട്രിയൻ പണ്ഡിതന്മാർ പേർഷ്യൻ ഭാഷയിലേക്ക് മൊഴിമാറ്റിയിട്ടുണ്ട്. അതിന്റെ ഉർദു പരിഭാഷയുടെ സാരം ഇപ്രകാരമാകുന്നു:

'അറബിക് ശരീഅത്തിന് (ഇസ്ലാമിന്) ആയിരം വർഷം കഴിയുമ്പോൾ, ഭിന്നതകൾ കാരണം ദീൻ എത്രത്തോളം മാറിയിട്ടുണ്ടാമെന്നാൽ പ്രസ്തുത മതത്തെ അതിന്റെ സ്ഥാപകരായ നബിﷺയുടെ മുന്നിൽ കൊണ്ടുചെന്നാൽ പോലും തിരുനബിﷺക്ക് അത് തിരിച്ചറിയാൻ സാധിക്കുകയില്ല......അവർക്കിടയിൽ പിളർപ്പും അഭിപ്രായവ്യത്യാസങ്ങളും ഉടലെടുക്കും. ഓരോ ദിവസം കഴിയുന്തോറും ഈ തർക്കങ്ങളും പരസ്പര ശത്രുതയും വർദ്ധിച്ചുകൊണ്ടിരിക്കും... ഇങ്ങനെയൊക്കെ സംഭവിക്കുമ്പോൾ നിങ്ങൾക്ക് സന്തോഷവാർത്തയുണ്ട്; ലോകാവസാനത്തിന് ഇനി ഒരു ദിവസം മാത്രമേ ബാക്കിയുള്ളൂ എങ്കിൽ പോലും നിന്റെ ജനതയിൽ നിന്ന് (പേർഷ്യൻ വംശജനായ) ഒരാളെ ഞാൻ നിയോഗിക്കും. അവൻ നിന്റെ നഷ്ടപ്പെട്ട ആദരവും അന്തസ്സും തിരിച്ചുപിടിക്കുകയും അത് പുന:സ്ഥാപിക്കുകയും ചെയ്യും. പ്രവാചകത്വവും നേതൃത്വവും (നുബുവ്വത്തും ഖിലാഫത്തും) നിന്റെ വംശത്തിൽ നിന്ന് ഞാൻ നീക്കം ചെയ്യുകയില്ല. ഈ പ്രവചനത്തിന്റെ അവസാന ഭാഗമായ 'പ്രവാചകത്വവും നേതൃത്വവും (നുബുവ്വത്തും ഖിലാഫത്തും) നിന്റെ വംശത്തിൽ നിന്ന് ഞാൻ നീക്കം ചെയ്യുകയില്ല' എന്നതിൽ അടങ്ങിയിരിക്കുന്ന സൂചന, അവസാന കാലത്തെ വാഗ്ദത്ത പുരുഷൻ വരുമ്പോൾ അദ്ദേഹത്തിന്റെ സന്താനങ്ങളിൽ നിന്നുള്ള ഒരാൾ അദ്ദേഹത്തിന്റെ പിൻഗാമിയായിരിക്കും എന്നാണ്.

ഹദ്റത്ത് മസീഹ് മൗഊദ്عليه السلام പറയുന്നു: ദൈവിക കാരുണ്യം വർഷിക്കുന്നതിനുള്ള രണ്ടാമത്തെ മാർക്ഷം പ്രവാചകന്മാരെയും മുർസലീങ്ങളെയും ഇമാമുമാരെയും ഔലിയാക്കളെയും ഖലീഫമാരെയും നിയോഗിക്കുക എന്നതാണ്; അങ്ങനെ അവരെ പിന്തുടരുന്നതിലൂടെ ജനങ്ങൾ നേർവഴിയിലാവുകയും അവരുടെ മാതൃക സ്വീകരിച്ച് രക്ഷ പ്രാപിക്കുകയും ചെയ്യുമാറാകുന്നതിനു തന്നെ. അതിനാൽ ഈ എളിയവന്റെ സന്താനങ്ങളിലൂടെ ഈ രണ്ട് കാര്യങ്ങളും വെളിപ്പെടണമെന്ന് അല്ലാഹു ആഗ്രഹിച്ചു. *(സബ്സ് ഇശ്തിഹാർ, റൂഹാനി ഖസാഇൻ, വാല്യം 2, പേജ് 453, അടിക്കുറിപ്പ്)*

തിരുനബിﷺയുടെ ഉമ്മത്തിൽ വെളിപാടുകളും ദർശനങ്ങളും ലഭിച്ചിരുന്ന മഹാനായ ഒരു വലിയ്യായിരുന്നു ഹദ്റത്ത് ഷാ നിഅ്മത്തുള്ള സാഹിബ്. മസീഹിന്റെ രണ്ടാം വരവിനെക്കുറിച്ചും അദ്ദേഹത്തിന് ലഭിക്കാനിരിക്കുന്ന മഹാനായ സുതനെക്കുറിച്ചും അദ്ദേഹം പ്രവചിച്ചിട്ടുണ്ട്. പേർഷ്യൻ കവിതയുടെ രൂപത്തിലുള്ളതാണ് ഈ പ്രവചനം. മസീഹ് മൗഊദിന്റെ ആഗമനത്തിനു മുൻപുള്ള വിപ്ലവങ്ങളെക്കുറിച്ച് വിവരിച്ച ശേഷം, വാഗ്ദത്ത മസീഹിന്റെ കാലഘട്ടത്തെയും പേരിനെയും കുറിച്ച് സൂചിപ്പിച്ചുകൊണ്ട് മഹാനായ ഒരു മകനെക്കുറിച്ചുള്ള സന്തോഷവാർത്ത താഴെ പറയുന്ന വാക്കുകളിൽ അദ്ദേഹം നൽകുന്നു:

ا ح م و دال مے خوانم نام آں نامدارے بینم دور

اوچوں شود تمام بکام پسرش یادگارے بینم

(വിവർത്തനം: അദ്ദേഹത്തിന്റെ കാലഘട്ടം വിജയകരമായി പൂർത്തിയാകുമ്പോൾ, അദ്ദേഹത്തിന്റെ അടയാളമായി (ഓർമ്മക്കായി) അദ്ദേഹത്തിന്റെ മകൻ അവശേഷിക്കുമെന്ന് ഞാൻ ദർശിക്കുന്നു.)

ഹദ്റത്ത് മസീഹ് മൗഊദ് عليه السلام തന്റെ 'നിശാനെ ആസ്മാനി' എന്ന ഗ്രന്ഥത്തിൽ ഈ കവിതയിലെ അവസാന വരിയെക്കുറിച്ച് ഇപ്രകാരം വിശദീകരിക്കുന്നു:

'അല്ലാഹു അദ്ദേഹത്തിന് സദ്‌വൃത്തനായ ഒരു മകനെ നൽകും എന്നാണ് ഇതിനർത്ഥം. ആ മകൻ പിതാവിന്റെ മാതൃകയിലുള്ളവനും പിതാവിന്റെ നിറത്തിൽ ലയിച്ചവനുമായിരിക്കും. അദ്ദേഹം പിതാവിന് ശേഷം അദ്ദേഹത്തിന്റെ സ്മരണ നിലനിർത്തുന്ന മകനായിരിക്കും. വാസ്തവത്തിൽ, ഒരു മകനെക്കുറിച്ച് ഈ എളിയവൻ നടത്തിയ പ്രവചനത്തിന് അനുസൃതമാണിത്.' *(നിശാനെ ആസ്മാനി, റൂഹാനി ഖസാഇൻ, വാല്യം 4, പേജ് 373)*

അഹ്മദിയ്യ മുസ്‌ലിം ജമാഅത്ത് ഈ കാര്യത്തിൽ പൂർണ്ണമായി വിശ്വസിക്കുന്നു; അതായത് ജമാഅത്തിന്റെ 136 വർഷത്തെ ചരിത്രവും അതിന്റെ ഓരോ നിമിഷവും ഇതിന് സാക്ഷിയാണ്. പൗരാണിക വിശുദ്ധ ഗ്രന്ഥങ്ങളിൽ ഈ കാലഘട്ടത്തെക്കുറിച്ച് രേഖപ്പെടുത്തിയിട്ടുള്ള പ്രവചന പ്രകാരം, സയ്യിദുൽ അൻബിയാഉം ഖാത്തമുന്നബിയ്യീനുമായ ഹദ്റത്ത് മുഹമ്മദ് മുസ്തഫﷺയുടെ ദാസനായും തിരുനബിﷺയുടെ ആത്മീയ പുത്രനായും വെളിപ്പെടേണ്ടിയിരുന്ന ആ മഹദ് വ്യക്തി ഹദ്റത്ത് മിർസ ഗുലാം അഹ്മദ് ഖാദിയാനി عليه السلام തന്നെയാണ്.

മുൻകാല ഗ്രന്ഥങ്ങളിലെ പ്രവചനങ്ങൾക്കനുസരിച്ച് അദ്ദേഹത്തിന്റെ സത്യസന്ധത തെളിയിക്കുന്നതിനായി അല്ലാഹു ലക്ഷക്കണക്കിന് അടയാളങ്ങളും അത്ഭുതങ്ങളും നൽകിയിട്ടുണ്ട്. അവയിൽ ഏറ്റവും സവിശേഷമായ ഒന്നാണ് അദ്ദേഹത്തിന്റെ പിൻഗാമിയായി വരുന്ന സദ്‌വൃത്തനായ ഒരു മകനെ നൽകുമെന്ന മഹത്തായ അടയാളം. ഹദ്റത്ത് മിർസ ഗുലാം അഹ്മദ് ഖാദിയാനി عليه السلام ക്ക് തന്റെ സന്താനങ്ങളെക്കുറിച്ച് ലഭിച്ച സുവാർത്തകളിൽ മുസ്‌ലിഹ് മൗഊദ്رضي الله عنهനെ കുറിച്ചുള്ള പ്രവചനത്തിന് സവിശേഷമായ സ്ഥാനമുണ്ട്.

പണ്ഡിറ്റ് ലേഖ്റാമും, ചില ക്രിസ്ത്യൻ പാതിരിമാരും ചില മുസ്‌ലിം നാമധാരികളും ഈ പ്രവചനത്തെ അധിക്ഷേപിച്ചപ്പോൾ അതിന് മറുപടിയായി അദ്ദേഹം ഒരു വിളംബരം പ്രസിദ്ധീകരിച്ചു. പ്രവചനത്തിന്റെ മഹത്വത്തെക്കുറിച്ച് അദ്ദേഹം അതിൽ ഇപ്രകാരം പറഞ്ഞു:

കണ്ണുതുറന്ന് നോക്കേണ്ടതുണ്ട്; ഇതൊരു പ്രവചനം മാത്രമല്ല, മറിച്ച് കാരുണ്യവാനായ അല്ലാഹു തന്റെ പ്രിയപ്പെട്ട പ്രവാചകനായ മുഹമ്മദ് മുസ്തഫﷺയുടെ സത്യസന്ധതയും മഹത്വവും വെളിപ്പെടുത്താനായി കാണിച്ചുതന്ന ഉന്നതമായ ഒരു സ്വർഗീയ അടയാളമാണ്.

മറ്റൊരു കാരണത്താലും ഈ പ്രവചനം വളരെ മഹത്തരമാണ്; 1944 ജനുവരിയിൽ ലാഹോറിൽ താമസിക്കുന്ന വേളയിൽ ഒരു മഹത്തായ ദിവ്യദർശനത്തിലൂടെ താനാണ് ആ വാഗ്ദത്ത പുത്രൻ എന്ന് അല്ലാഹു ഹദ്റത്ത് മിർസ ബശീറുദ്ദീൻ മഹ്മൂദ് അഹ്മദ് رضي الله عنه ന് വെളിപ്പെടുത്തിക്കൊടുത്തു. 1886 ഫെബ്രുവരി 20ന് ഹോശിയാർപൂരിലെ മണ്ണിൽ വെച്ച് ഹദ്റത്ത് മിർസ ഗുലാം അഹ്മദ് ഖാദിയാനി عليه السلامയുടെ വാഗ്ദത്ത പുത്രന്റെ ജനനത്തെക്കുറിച്ച് പ്രഖ്യാപനത്തിൽ ഇപ്രകാരം പറയപ്പെട്ടിരുന്നു:

അദ്ദേഹം മസീഹി സ്വഭാവമുള്ളവനായിരിക്കും, അതിവേഗം വളരും, ബാഹ്യവും ആന്തരികവുമായ വിജ്ഞാനങ്ങളാൽ നിറയ്ക്കപ്പെടും, ഭൂമിയുടെ അതിർത്തികൾ വരെ അദ്ദേഹം പ്രശസ്തനാകും, ജനതകൾ അദ്ദേഹത്തിലൂടെ അനുഗ്രഹം പ്രാപിക്കും എന്നിങ്ങനെയുള്ള പ്രവചനങ്ങളുടെ ലക്ഷ്യം താൻ തന്നെയാകുന്നു.

സർവ്വശക്തനായ അല്ലാഹുവിൽ നിന്നുള്ള ഈ വെളിപ്പെടു

ത്തലിന് ശേഷം, 1944 ജനുവരി 28ന് ഖാദിയാനിലെ മസ്ജിദുൽ അഖ്സയിൽ വെച്ച് ഹദ്റത്ത് മുസ് ലിഹ് മൗഊദ് ؓ നടത്തിയ പ്രൗഢഗംഭീരമായ പ്രഖ്യാപനത്തിൽ പറയുന്നു:ഞാൻ തന്നെയാണ് ആ മുസ്‌ലിഹ് മൗഊദിനെ സംബന്ധിച്ച പ്രവചനത്തിന്റെ സാക്ഷാൽക്കാരം.ആ ദർശനത്തിനിടയിൽ തന്റെ നാവിലൂടെ പുറത്തുവന്ന വാചകം

وَأَنَا الْمَسِيحُ الْمَوْعُودُ وَمِثْلُهُ وَخَلِيفَتُهُ

(ഞാനും മസീഹ് മൗഊദ് ആകുന്നു, അതായത് അദ്ദേഹത്തിന്റെ പ്രതിരൂപവും അദ്ദേഹത്തിന്റെ ഖലീഫയും ആകുന്നു.) എന്നത്രെ.

*(താരീഖെ അഹ്മദിയ്യാ, വാല്യം 8, പേജ് 512,519; അഹ്മദിയ്യ ഗസറ്റ് മാസിക കാനഡ, ഫെബ്രുവരി 2015)*

തന്റെ ഖിലാഫത്തിനെക്കുറിച്ച് ഹദ്റത്ത് മുസ്‌ലിഹ് മൗഊദ് ؓ ഇപ്രകാരം പറയുന്നു:

ഞാൻ കേവലമൊരു ഖലീഫയല്ല, മറിച്ച് വാഗ്ദത്ത ഖലീഫയാണ് (മൗഊദ് ഖലീഫ). ഞാൻ ഒരു മാമൂർ (നിയോഗിക്കപ്പെട്ടവൻ) അല്ലെങ്കിലും എന്റെ ശബ്ദം അല്ലാഹുവിന്റെ ശബ്ദമാണ്. ഹദ്റത്ത് മസീഹ് മൗഊദ് ؑ ലൂടെ അല്ലാഹു ഇതിനെക്കുറിച്ച് മുൻകൂട്ടി അറിയിച്ചിരുന്നു. ഈ ഖിലാഫത്തിന്റെ സ്ഥാനം എന്നത് മാമൂരിയത്തിനും ഖിലാഫത്തിനും ഇടയിലുള്ള ഒരു സ്ഥാനമാണ്. അഹ്മദിയ്യാ ജമാഅത്ത് ഈ സന്ദർഭത്തെ പാഴാക്കിക്കളയരുത്. പ്രവാചകന്മാർ എല്ലാ ദിവസവും വരാത്തതുപോലെ തന്നെ, വാഗ്ദത്ത ഖലീഫമാരും എല്ലാ ദിവസവും വരാറില്ല എന്നതാണ് സത്യം.*(റിപ്പോർട്ട് മജ്‌ലിസെ ശൂറ, 1936)*

اے فضل عمر تیرے اوصاف کریمانہ
یاد آکے بناتے ہیں ہر روح کو دیوانہ
ہر روز تو تجھ جیسے انسان نہیں لاتی
یہ گردش روزانہ یہ گردش دورانہ
اک وقت آئے گا کہ کہیں گے تمام لوگ
ملت کے اس فدائی پہ رحمت خدا کرے

ഓ ഫദ്‌ലെ ഉമർ! അങ്ങയുടെ ഉദാത്തമായ ഗുണങ്ങൾ ഓർക്കുമ്പോൾ ഓരോ ആത്മാവും അനുരക്തമായി മാറുന്നു.

ദിവസേനയുള്ള ഈ കാലചക്രത്തിന്റെ ഭ്രമണം അങ്ങയെപ്പോലെയുള്ള മനുഷ്യരെ എന്നും കൊണ്ടുവരാറില്ല.

ലോകമെങ്ങുമുള്ള ജനങ്ങൾ ഇപ്രകാരം പറയുന്ന ഒരു കാലം വരും: 'ഈ സമുദായ സേവകന്മേൽ അല്ലാഹുവിന്റെ കാരുണ്യമുണ്ടാകട്ടെ.'

പേജ് 20 ൽ നിന്ന്

രോരുത്തർക്കും അവരവരുടെ ആത്മാർഥതയ്ക്കനുസരിച്ച് പ്രതിഫലം ലഭിക്കും. ഇസ്രായേൽ പ്രവാചകന്മാരോട് നിനക്ക് സാദൃശ്യമുണ്ട് (അതായത് പ്രതിരൂപാത്മകമായി). നീ എനിക്ക് എന്റെ തൗഹീദ് (ഏകദൈവ വിശ്വാസം) പോലെയാണ്. നീ എന്നിൽ നിന്നും ഞാൻ നിന്നിൽ നിന്നുമാണ്. രാജാക്കന്മാരുടെയും പ്രഭുക്കന്മാരുടെയും ഹൃദയങ്ങളിൽ ദൈവം നിന്നെക്കുറിച്ചുള്ള സ്നേഹം നിറയ്ക്കുന്ന സമയം വരുന്നു, അത് സമീപസ്ഥമായിരിക്കുന്നു. അവർ നിന്റെ വസ്ത്രങ്ങളിൽ നിന്ന് പോലും അനുഗ്രഹം തേടും.

അല്ലയോ സത്യനിഷേധികളെ, സത്യത്തിന്റെ ശത്രുക്കളെ! എന്റെ ഈ ദാസന്റെ കാര്യത്തിൽ നിങ്ങൾക്ക് സംശയമുണ്ടെങ്കിൽ, അവന് ഞാൻ നൽകിയ ഈ അനുഗ്രഹങ്ങളെ നിങ്ങൾ നിഷേധിക്കുന്നുവെങ്കിൽ, നിങ്ങൾ സത്യസന്ധരാണെങ്കിൽ ഇതുപോലൊരു അടയാളം നിങ്ങളും കാണിച്ചുതരുക. നിങ്ങൾക്ക് അതിന് കഴിയില്ലെങ്കിൽഉറപ്പിച്ചു കൊള്ളുക, നിങ്ങൾക്ക് ഒരിക്കലും അതിന് കഴിയില്ല, അവിശ്വാസികൾക്കും കള്ളം പറയുന്നവർക്കും അതിക്രമികൾക്കുമായി ഒരുക്കിവെച്ചിട്ടുള്ള ആ നരകാഗ്നിയെ ഭയപ്പെടുക.'

ഈ വിളംബരത്തിന് തൊട്ടടുത്ത മാസം, അതായത് 1886 മാർച്ച് 22ന് പുറത്തിറക്കിയ മറ്റൊരു വിളംബരത്തിൽ ഈ പ്രവചനത്തെക്കുറിച്ചുള്ള ദൈവത്തിന്റെ മറ്റൊരു വാഗ്ദാനത്തെക്കുറിച്ച് ഹദ്റത്ത് അഖ്ദസ് ؑ ഇപ്രകാരം പറഞ്ഞു:

'...ദൈവിക വാഗ്ദാനപ്രകാരം അത്തരമൊരു ബാലൻ 9 വർഷത്തിനുള്ളിൽ തീർച്ചയായും ജനിക്കും. അത് നേരത്തെയോ വൈകിയോ ആകാം, ഏതായാലും ഈ കാലയളവിനുള്ളിൽ അവൻ ജനിച്ചിരിക്കും.' *(മജ്മൂഅ ഇശ്തിഹാറാത്ത് വാല്യം 1, പേജ് 113)*

അങ്ങനെ ആ ദൈവിക വാഗ്ദാനപ്രകാരം, പ്രവചനത്തിന് കൃത്യം മൂന്ന് വർഷങ്ങൾക്ക് ശേഷം, 1889 ജനുവരി 13ന് ആ വാഗ്ദത്ത പുത്രൻ ജനിച്ചു.

## മുസ്‌ലിഹ് മൗഊദ് 52 അടയാളങ്ങൾ

1. അവൻ ദൈവിക ശക്തി പ്രഭാവത്തിന്റെ അടയാളമായിരിക്കും
2. അവൻ ദൈവിക അനുഗ്രഹത്തിന്റെ അടയാളമായിരിക്കും
3. അവൻ  ദൈവിക സാമീപ്യത്തിന്റെ അടയാളമായിരിക്കും
4. അവൻ ദൈവിക കാരുണ്യത്തിന്റെ അടയാളമായിരിക്കും
5. അവൻ ദൈവിക ഔദാര്യത്തിന്റെ അടയാളമായിരിക്കും
6. അവൻ പ്രതാപവാനായിരിക്കും
7. അവൻ അന്തസ്സാർന്നവനായിരിക്കും
8. രാജാധിപനായിരിക്കും
9. മസീഹീ ആത്മാവുള്ളവനായിരിക്കും
10. റൂഹുൽ ഖുദ്സിന്റെ അനുഗ്രഹം കൊണ്ട് ഒരുപാട് പേർക്ക് രോഗശാന്തിനൽകും
11. ദൈവത്തിന്റെ വചനം ആയിരിക്കും
12. അല്ലാഹുവിന്റെ അനുഗ്രഹവും, ആത്മാഭിമാനവും അവനെ പരിശുദ്ധ വചനം കൊണ്ടയച്ചതാണ്.
13. അവൻ അതി ബുദ്ധിമാനായിരിക്കും
14. അവൻ ഏറെ കാര്യജ്ഞനായിരിക്കും
15. അവൻ ഹൃദയാത്മനാ സഹിഷ്ണുതയുള്ളവനായിരിക്കും
16. അവൻ ലൗകിക ജ്ഞാനങ്ങളാൽ നിർഭരനായിരിക്കും
17. അവൻ ആത്മീയ ജ്ഞാനങ്ങളാലും നിർഭരനായിരിക്കും
18. അവൻ മൂന്നിനെ നാലാക്കുന്നവനായിരിക്കും
19. അവൻ തിങ്കളാഴ്ചയുമായി പ്രത്യേക ബന്ധമുണ്ടായിരിക്കും
20. അവൻ വാത്സല്യ പുത്രനായിരിക്കും
21. മഹാ ഭാഗ്യവാനായുള്ളവൻ
22. മള്ഹറുൽ അവ്വൽ
23. മള്ഹറുൽ ആഖിർ
24. മള്ഹറുൽ ഹഖ് (സത്യത്തിന്റെ വെളിപ്പെടൽ)
25. മള്ഹറുൽ ഉലാ (ഔന്നത്യത്തിന്റെ വെളിപ്പെടൽ)
26. അവൻ ആകാശത്ത് നിന്ന് അല്ലാഹു ഇറങ്ങിയപോലെ എന്നതിന്റെ പ്രതീകമായിരിക്കും.
27. അവന്റെ ആഗമനം അനുഗൃഹീതമായിരിക്കും.
28. അവന്റെ ആഗമനം ദൈവിക പ്രതാപത്തിന് കാരണമാകും.
29. അവൻ പ്രകാശമായിരിക്കും.
30. അവൻ ദൈവിക അഭീഷ്ടമാകുന്ന പരിമളം കൊണ്ട് പരിലിപ്തനായിരിക്കും.
31. ദൈവം അവനിൽ തന്റെ ആത്മാവ് ഇടുന്നതാണ്.
32. ദൈവത്തിന്റെ തണൽ അവന്റെ തലക്കുമീതെ ഉണ്ടാകുന്നതാണ്.
33. അവൻ വേഗം വേഗം വളരും.
34. അവൻ ബന്ധനസ്ഥരുടെ മോചനത്തിന് കാരണമാകും.
35. അവൻ ഭൂമിയുടെ അറ്റങ്ങളോളം കീർത്തി പ്രാപിക്കും.
36. സമൂഹങ്ങൾ അവനിൽ നിന്ന് അനുഗ്രഹം തേടും.
37. അവൻ വാനലോകത്ത് തന്റെ ആത്മസ്ഥാനത്തേക്ക് കയറ്റപ്പെടും.
38. വൈകിവരുന്നവൻ
39. ദൂരെനിന്ന് വരുന്നവൻ
40. അവൻ പ്രവാചകന്മാരുടെ അന്തസ്സ് ആയിരിക്കും.
41. അവന്റെ ഭൗതിക അനുഗ്രഹങ്ങൾ ഭൂമിയിൽ മുഴുവൻ വ്യാപിക്കും.
42. അവന്റെ ആത്മീയ അനുഗ്രഹങ്ങൾ ഭൂമിയിൽ മുഴുവൻ വ്യാപിക്കും.
43. യൂസുഫിനെപ്പോലെ അവന്റെ മൂത്ത സഹോദരൻ എതിർപ്പ് പ്രകടിപ്പിക്കും.
44. അവൻ '**ബശിറുദ്ദൗല**' ആയിരിക്കും.
45. അവൻ '**ശാദിഖാൻ**' ആയിരിക്കും.
46. അവൻ '**ആലമെ കബാബ്**' ആയിരിക്കും.
47. അവൻ സൗന്ദര്യത്തിലും ഔദാര്യത്തിലും ഹദ്റത്ത് മസീഹ് മൗഊദിന്റെ സദൃശ്യൻ ആയിരിക്കും.
48. അവൻ '**കലിമത്തുൽ അസീസ്**' ആയിരിക്കും.
49. അവൻ '**കലിമത്തുല്ലാഹ് ഖാൻ**' ആയിരിക്കും.
50. അവൻ '**നാസിറുദ്ദീൻ**' ആയിരിക്കും.
51. അവൻ '**ഫാത്തിഹുദ്ദീൻ**' ആയിരിക്കും.
52. അവൻ '**ബശീർ രണ്ടാമൻ**' ആയിരിക്കും.

***(അവ: അൽമൗഊദ് അൻവാറുൽ ഉലൂം വാല്യം 17, പേജ് 562 – 565 വരെ)***

EDITOR
H.Shamsuddin
Mobile : +91 99460 21252
Sub Editor : Mohammad Ismail
e-mail : badarmalayalam@gmail.com
Layout: HA Creative Graphics

REGISTERED WITH THE REGISTRAR OF THE NEWSPAPER FOR INDIA AT NO PUNMAL/2016/70551

ബദ്ർ വീക്കിലി ഖാദിയാൻ Weekly **BADAR** Qadian

Distt. Gurdaspur (Pb.) INDIA Qadian - 143516

POSTAL REG NO GDP-44/2026-28 Vol-11 Thursday 5-12 February 2026 Issue: 06-07

ACT. MANAGER
ATHAR AHMAD SHAMIM
Mobile: +91 9815639670
e-mail : managerbadrqnd@gmail.com
website : www.alislam.org/badr

**ANNUAL SUBSCRIPTION :** Rs.600/- (Per Issue : Rs. 12.00/-) (WEIGHT : 20-50 gms/Issue)

# മുസ്‌ലിഹ് മൗഊദ് പ്രവചനം: ഒരു മഹത്തായ സ്വർഗീയ അടയാളം

'അവൻ ഭൗതികവും ആത്മീയവുമായ ജ്ഞാനങ്ങളാൽ നിറയ്ക്കപ്പെടും'

ഹദ്റത്ത് മിർസ മസ്റൂർ അഹ്‌മദ് ഖലീഫത്തുൽ മസീഹ് അൽ ഖാമിസ് (അയ്യദഹുല്ലാഹ്)പറയുന്നു:

'ഇന്നലെ, അതായത് ഫെബ്രുവരി 20 കടന്നുപോയി. അഹ്‌മദിയ്യാ ജമാഅത്തിനെ സംബന്ധിച്ചിടത്തോളം മുസ്‌ലിഹ് മൗഊദ് പ്രവചനവുമായി ബന്ധപ്പെട്ട് ഈ ദിവസത്തിന് വലിയ പ്രാധാന്യമുണ്ട്. പുണ്യവാനും സൽഗുണസമ്പന്നനുമായ ഒരു പുത്രൻ ജനിക്കുമെന്ന സുവാർത്ത ഹദ്റത്ത് മസീഹ് മൗഊദ് عليه السلام ഈ പ്രവചനത്തിലൂടെയാണ് നൽകിയത്...

വിമർശകർക്കുള്ള മറുപടിയായി അദ്ദേഹം ഇപ്രകാരം വിശദീകരിച്ചു:

'നിങ്ങൾ ആക്ഷേപങ്ങൾ ഉന്നയിക്കുന്നു, എന്നാൽ ഇത്തരമൊരു പ്രവചനം നടത്തുക എന്നത് മനുഷ്യസാധ്യമായ കാര്യങ്ങൾക്കും അപ്പുറത്തുള്ള ഒന്നാണ്. കേവലം ഒരു മകൻ ജനിക്കും എന്നതല്ല ഈ പ്രവചനം; മറിച്ച്, അദ്ദേഹം തന്റെ ജീവിതകാലത്ത് തന്നെ ജനിക്കുമെന്നും നീണ്ട ആയുസ്സുള്ളവനും വിശിഷ്ട ഗുണങ്ങളുള്ളവനുമായിരിക്കുമെന്നുമാണ് പ്രവചിക്കപ്പെട്ടത്.' നീതിയോടും ആഴത്തിലുള്ള ചിന്തയോടും കൂടി ഈ പ്രഖ്യാപനത്തെ നോക്കിക്കാണുകയാണെങ്കിൽ, ഇതൊരു ദൈവിക അടയാളമാണെന്ന കാര്യത്തിൽ യാതൊരു സംശയവുമില്ലെന്ന് അദ്ദേഹം പറഞ്ഞു. സംശയമുള്ളവരോട് ഇത്തരത്തിലുള്ള ഒരു അടയാളം ഉൾക്കൊള്ളുന്ന പ്രവചനം കൊണ്ടുവരാൻ അദ്ദേഹം വെല്ലുവിളിക്കുകയും ചെയ്തു.

ഹദ്റത്ത് മസീഹ് മൗഊദ് عليه السلام പറയുന്നു: കണ്ണുതുറന്ന് കാണേണ്ട കാര്യമെന്തെന്നാൽ, ഇതൊരു പ്രവചനം മാത്രമല്ല, മറിച്ച് ആകാശത്തുനിന്നുള്ള മഹത്തായ ഒരു അടയാളമാണ്. ഇസ്‌ലാമിന്റെ സത്യസന്ധതയും തിരുനബിﷺയുടെ മഹത്വവും തെളിയിക്കുക എന്നതായിരുന്നു അദ്ദേഹത്തിന്റെ നിയോഗ ലക്ഷ്യം. അതുകൊണ്ട് തന്നെ, ഈ പ്രവചനം തന്റെ സത്യസന്ധതയെ മാത്രം തെളിയിക്കുന്നതാണെന്ന് അദ്ദേഹം പറഞ്ഞില്ല. മറിച്ച്, നമ്മുടെ റഊഫും റഹീമുമായ നബി തിരുമേനി മുഹമ്മദ് മുസ്തഫ ﷺയുടെ സത്യസന്ധതയും മഹത്വവും വെളിപ്പെടുത്തുന്നതിനാണ് കാരുണ്യവാനായ ദൈവം ഈ സ്വർക്ഷീയ അടയാളം പ്രകടമാക്കിയത് എന്നാണ് അദ്ദേഹം പറഞ്ഞത്.

മാത്രമല്ല, ഒരു മൃതദേഹത്തെ ജീവിപ്പിക്കുന്നതിനേക്കാൾ നൂറിരട്ടി ഉന്നതവും ശ്രേഷ്ഠവും പൂർണ്ണവുമായ അടയാളമാണ് ഇതെന്നും അദ്ദേഹം വ്യക്തമാക്കി. മരിച്ച ഒരാളെ ജീവിപ്പിക്കുക എന്നത് ഒരു ആത്മാവിനെ അല്പനേരത്തേക്ക് തിരികെ കൊണ്ടുവരുക എന്നത് മാത്രമാണ്. ബൈബിളിൽ ഈസാ നബി عليه السلامയെ കുറിച്ചോ മറ്റ് പ്രവാചകന്മാരെ കുറിച്ചോ അപ്രകാരം രേഖപ്പെടുത്തിയിട്ടുണ്ട് (അതിലും വിമർശകർക്ക് ആക്ഷേപങ്ങളുണ്ട്). ഇനി ഒരാൾ ജീവനോടെ തിരിച്ചുവന്നു എന്ന് സമ്മതിച്ചാൽ തന്നെ അതുകൊണ്ട് ലോകത്തിന് യാതൊരു ഗുണവും ലഭിക്കാനില്ല. എന്നാൽ ഇവിടെ, അല്ലാഹുവിന്റെ കൃപയാലും അനുഗ്രഹത്താലും ഹദ്റത്ത് ഖാതമുന്നബിയ്യീൻ ﷺയുടെ ബർക്കത്തിനാലും, ഈ എളിയവന്റെ പ്രാർത്ഥന സ്വീകരിച്ച് അല്ലാഹു അങ്ങനെയൊരു അനുഗ്യഹീത ആത്മാവിനെ അയക്കുമെന്ന് വാഗ്ദാനം ചെയ്തിരിക്കുന്നു, അദ്ദേഹത്തിന്റെ ഭൗതികവും ആത്മീയവുമായ അനുഗ്രഹങ്ങൾ ഭൂമിയിലുടനീളം വ്യാപിക്കും. *(മജ്മൂഅയെ ഇശ്തിഹാറാത്ത് വാല്യം 1, പേജ് 99)*

അദ്ദേഹം വീണ്ടും പറയുന്നു: ജനങ്ങളേ! ഞാൻ ആരാണ്, എന്റെ യാഥാർത്ഥ്യം എന്താണ്? എന്നെ ആക്രമിക്കുന്നവൻ യഥാർത്ഥത്തിൽ എന്റെ പരിശുദ്ധനായ നേതാവ് മുഹമ്മദ് നബി ﷺയെയാണ് ആക്രമിക്കാൻ ശ്രമിക്കുന്നത്. എന്നാൽ അവർ ഓർക്കണം, സൂര്യന്റെ മേൽ മണ്ണുവാരിയെറിയാൻ ആർക്കും കഴിയില്ല; ആ മണ്ണ് എറിയുന്നവന്റെ തലയിലും കണ്ണിലും മുഖത്തും തന്നെ വീഴുകയും അവനെ അപമാനിതനാക്കുകയും ചെയ്യും. ശത്രുത കൊണ്ടോ വിദ്വേഷം കൊണ്ടോ നമ്മുടെ നബി ﷺയുടെ പ്രതാപം കുറയുകയില്ല, മറിച്ച് അല്ലാഹു അത് വർദ്ധിപ്പിക്കുകയേയുള്ളൂ. ഉദിച്ചു വരുന്ന സൂര്യനെ തടയാൻ നിങ്ങൾക്ക് കഴിയുമോ? അതുപോലെ തിരുനബി ﷺ എന്ന സത്യത്തിന്റെ സൂര്യന് യാതൊരു ദോഷവും വരുത്താൻ നിങ്ങൾക്ക് കഴിയില്ല. അല്ലാഹു നിങ്ങളുടെ വിദ്വേഷവും അസൂയയും നീക്കം ചെയ്യട്ടെ.' *(മജ്മൂഅയെ ഇശ്തിഹാറാത്ത് വാല്യം 1, പേജ് 100)*

ഈ വിമർശകരിൽ മുസ്‌ലിം ഇതര വിഭാഗക്കാരോടൊപ്പം ചില മുസ്‌ലീങ്ങളും ഉൾപ്പെട്ടിരുന്നു. അവർക്കാണ് അദ്ദേഹം ഈ വെല്ലുവിളിയും താക്കീതും നൽകിയത്...

എന്തായാലും, ഈ പ്രവചനത്തിന് കീഴിൽ നമുക്കറിയാവുന്നത് പോലെ 1889 ജനുവരിയിൽ ആ വാഗ്ദത്ത പുത്രൻ ജനിച്ചു. ഇസ്‌ലാമിന്റെ ഔന്നത്യം സ്ഥാപിക്കാനും തിരുനബിﷺയുടെ മഹത്വം ലോകത്തിന് കാണിച്ചുകൊടുക്കാനും ലോകം അവസാനിക്കുന്നത് വരെ ഓർമ്മിക്കപ്പെടുന്ന അത്ര മഹത്തായ നേട്ടങ്ങളാണ് അദ്ദേഹം കൈവരിച്ചത്. ശത്രുക്കൾ പോലും ഇത് അംഗീകരിച്ചിട്ടുള്ളതാണ്...

സവിശേഷതകളുടെ ആഴങ്ങളിലേക്ക് പോയി മുസ്‌ലിഹ് മൗഊദ് ഹദ്റത്ത് ഹദ്റത്ത് മിർസാ ബശീറുദ്ദീൻ മഹ്‌മൂദ് അഹ്‌മദ്, ഖലീഫത്തുൽ മസീഹ് സാനി رضي الله عنه ന്റെ ജീവിതം പരിശോധിച്ചാൽ അതിനായി നിരവധി പുസ്തകങ്ങൾ എഴുതേണ്ടി വരും. ഒരു പ്രസംഗത്തിലോ ഉപന്യാസത്തിലോ ഹദ്റത്ത് മുസ്‌ലിഹ് മൗഊദിന്റെ ജീവിതത്തെയും നേട്ടങ്ങളെയും പൂർണ്ണമായി ഉൾക്കൊള്ളാൻ കഴിയില്ല. അഹ്‌മദിയ്യ ജമാഅത്തിൽ എല്ലാ വർഷവും ഫെബ്രുവരി 20ന് ഇതുമായി ബന്ധപ്പെട്ട പരിപാടികൾ നടക്കാറുണ്ട്. പ്രസംഗകരും പണ്ഡിതന്മാരും അവരുടെ അറിവിനും താൽപര്യത്തിനും അനുസരിച്ച് ഈ വിഷയം അവതരിപ്പിക്കുന്നു. ഞാനും പല തവണ ഇത് വിവരിച്ചിട്ടുണ്ട്. ഹദ്റത്ത് ഖലീഫത്തുൽ മസീഹ് സാലിസും ഹദ്റത്ത് ഖലീഫത്തുൽ മസീഹ്  റാബിഉം ഇത് വിവരിച്ചിട്ടുണ്ട്. എന്നിരുന്നാലും ഹദ്റത്ത് മുസ്‌ലിഹ് മൗഊദിന്റെ ജീവിതത്തെയും ഈ പ്രവചനത്തെയും പൂർണ്ണമായി വിവരിച്ചെന്നോ എല്ലാവർക്കും അത് മനസ്സിലായെന്നോ നമുക്ക് പറയാൻ കഴിയില്ല.

ഹദ്റത്ത് മുസ്‌ലിഹ് മൗഊദിന്റെ പുസ്തകങ്ങളെയും പ്രസംഗങ്ങളെയും കുറിച്ചുള്ള ഒരു അവലോകനം ഞാൻ അവതരിപ്പിക്കാൻ ആഗ്രഹിക്കുന്നു. അക്കാലത്ത് റെക്കോർഡിംഗ് സംവിധാനങ്ങൾ കൃത്യമായി ഉണ്ടായിരുന്നില്ല. അദ്ദേഹത്തിന്റെ ചില പ്രസംഗങ്ങൾ പൂർണ്ണമായി ലഭ്യമാണ്, ചിലത് ലഭ്യമല്ല. അതിവേഗം എഴുതുന്നവർ (Shorthand writers) കൂടെയിരുന്ന് എഴുതുമായിരുന്നു എങ്കിലും പലപ്പോഴും പൂർണ്ണമായി എഴുതാൻ കഴിഞ്ഞിരുന്നില്ല.

എന്തായാലും, ഹദ്റത്ത് മുസ്‌ലിഹ് മൗഊദിന്റെ പുസ്തകങ്ങളുടെയും പ്രസംഗങ്ങളുടെയും സമാഹാരം അൻവാറുൽ ഉലൂം എന്ന പേരിൽ ഫസലേ ഉമർ ഫൗണ്ടേഷൻ പ്രസിദ്ധീകരിച്ചു വരുന്നു. ഇതുവരെ അൻവാറുൽ ഉലൂമിന്റെ 24 വാല്യങ്ങൾ പ്രസിദ്ധീകരിക്കപ്പെട്ടു. ഇതിൽ അദ്ദേഹത്തിന്റെ ആകെ 633 പ്രസംഗങ്ങളും പുസ്തകങ്ങളും ഉൾപ്പെട്ടിട്ടുണ്ട്. ഇത് ആകെ 32 വാല്യങ്ങളായി പ്രസിദ്ധീകരിക്കാനാണ് ഫൗണ്ടേഷൻ ലക്ഷ്യമിടുന്നത്. അങ്ങനെയെങ്കിൽ ആകെ പ്രസംഗങ്ങളും പുസ്തകങ്ങളും ഏകദേശം എണ്ണൂറ്റമ്പതോളം വരും. 25 മുതൽ 29 വരെയുള്ള വാല്യങ്ങൾ തയ്യാറായിട്ടുണ്ട്, അവ അച്ചടിയിലാണ്. ഇതിൽ 163 പുസ്തകങ്ങളും പ്രസംഗങ്ങളുമുണ്ട്. അതിനുശേഷം മൂന്ന് വാല്യങ്ങൾ കൂടി ഉണ്ടാകും. അങ്ങനെ ഇത് എണ്ണൂറിന് മുകളിൽ പോകും. അതുപോലെ ജുമുഅ: ഖുതുബകൾ, ഈദ് ഖുത്ബകൾ, നികാഹ് ഖുത്ബകൾ എന്നിവയുണ്ട്. ഇപ്പോൾ ലഭ്യമായ വിവരമനുസരിച്ച് അവയുടെ എണ്ണം 2076 ആണ്. ഖുതുബാത്തെ മഹ്‌മൂദ് എന്ന പേരിൽ ഇപ്പോൾ 28 വാല്യങ്ങൾ പ്രസിദ്ധീകരിച്ചിട്ടുണ്ട്, അതിൽ 1602 ഖുതുബകൾ ഉൾപ്പെടുന്നു. 1948 മുതൽ 1959 വരെയുള്ള ഖുതുബകൾ 29 മുതൽ 39 വരെയുള്ള വാല്യങ്ങളിലായി പ്രസിദ്ധീകരിക്കും. അതിൽ ഏകദേശം 500 ഖുതുബകൾ കൂടി ഉൾപ്പെടും.

ഇത് അദ്ദേഹത്തിന്റെ വിജ്ഞാനപ്രദമായ ജോലികളുടെ ഒരു പൊതുവായ ചിത്രം മാത്രമാണ്. ഓരോ ഖുതുബയും പ്രസംഗവും പരിശോധിച്ചാൽ, അറിവിന്റെയും ജ്ഞാനത്തിന്റെയും മുത്തുകൾ കോർത്തിണക്കിയതും അറിവിന്റെ അരുവികൾ ഒഴുകുന്നതും കണ്ട് മനുഷ്യൻ അത്ഭുതപ്പെട്ടുപോകും. ഹദ്റത്ത് ഖലീഫത്തുൽ മസീഹ് സാലിസ് ഒരിക്കൽ ഇതേക്കുറിച്ച് വിശകലനം നടത്തിയിരുന്നു. പ്രവചനത്തിലെ  അവൻ ഭൗതികവും ആത്മീയവുമായ ജ്ഞാനങ്ങളാൽ നിറയ്ക്കപ്പെടും എന്ന വശത്തെക്കുറിച്ച് അദ്ദേഹം പറഞ്ഞു, ഇത് വിവരിക്കാൻ തുടങ്ങിയാൽ അവസാനിക്കാത്ത അത്ര വിപുലമാണ്.

ഹദ്റത്ത് ഖലീഫത്തുൽ മസീഹ് സാലിസ് ഇതേക്കുറിച്ച് പറയുന്നു: 'ഈ പരമ്പരയിൽ അദ്ദേഹത്തിന്റെ ഒരു പുസ്തകം തഫ്‌സീറെ കബീർ ആണ്. അത് അതിശയകരമായ ഒരു വ്യാഖ്യാനമാണ്. ആരെങ്കിലും അതിന്റെ ഒരു ഭാഗമെങ്കിലും ശ്രദ്ധയോടെ വായിച്ചിട്ടുണ്ടെങ്കിൽ, ദൈവിക ജ്ഞാനം ലഭിച്ച ഒരു മഹാൻ ലോകത്ത് ജനിക്കുകയും അദ്ദേഹം വിശുദ്ധ ഖുർആന്റെ ഈ ഭാഗം മാത്രം തഫ്‌സീർ കുറിപ്പുകളോടെ പ്രസിദ്ധീകരിക്കുകയും ചെയ്തിരുന്നെങ്കിൽ തന്നെ, അത് അദ്ദേഹത്തെ ലോകത്തിന്റെ ദൃഷ്ടിയിൽ ഏറ്റവും വലിയ മനുഷ്യനാക്കാൻ മതിയാകുമായിരുന്നു എന്ന് സമ്മതിക്കേണ്ടി വരും.' എന്നാൽ ഇത് മാത്രമല്ല, വിശുദ്ധ ഖുർആനെക്കുറിച്ച് വേറെയും നിരവധി പുസ്തകങ്ങൾ അദ്ദേഹം എഴുതിയിട്ടുണ്ട്.

അറിവിനാൽ നിറയ്ക്കപ്പെടും എന്ന പ്രവചനത്തിന്റെ ഒരു വശം മാത്രമാണിത്. ഹദ്റത്ത് മുസ്‌ലിഹ് മൗഊദ് നമുക്ക് നൽകിയ അറിവിന്റെയും ജ്ഞാനത്തിന്റെയും ശേഖരം വായിക്കാൻ അല്ലാഹു നമുക്ക് തൗഫീഖ് നൽകട്ടെ. വിവിധ വിഷയങ്ങളിലുള്ള അദ്ദേഹത്തിന്റെ കൃതികളിൽ നിന്ന് പ്രയോജനം നേടാൻ അല്ലാഹു നമ്മെ അനുഗ്രഹിക്കട്ടെ.' *(അവ: ഖുത്ബ ജുമുഅ 21 ഫെബ്രുവരി 2014)*

Printed & Published by: Jameel Ahmed Nasir on behalf of Nigran Board of Badar. Name of Owner: Nigran Board of Badar. And printed at Fazle-Umar Printing Press.
Harchowal Road, Qadian, Distt. Gurdaspur-143516, Punjab. And published at office of the Weekly Badar Mohallah - Ahmadiyya, Qadian Distt. Gsp-143516, Punjab. India. Editor: H.Shamsuddin